# RESEARCH AND POST GRADUATE DEPARTMENT OF MALAYALAM

## കെ.കെ.ടി.എം.ഗവ.കോളേജിലെ മലയാള ബിരുദാനന്തരബിരുദ ഗവേഷണ വിഭാഗത്തിലെ 2020–21 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്


**KKTM GOVT. COLLEGE,PULLUT.**

**Thrissur,Pin:680 663**

**Ph:0480-2802213**

**Email:kktmgovtcollegemalayalamdept@gmail.com**

# കെ.കെ.ടി.എം.ഗവ.കോളേജിലെ മലയാള ബിരുദാനന്തരബിരുദ ഗവേഷണ വിഭാഗത്തിലെ 2020–21 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

## 1. മലയാളവിഭാഗം മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിൽ വച്ച് 12.06.2020-നു നടന്ന മുഹമ്മദ് ബഷീർ കെ.കെ.യുടെ പിഎച്ച്.ഡി. ഓപ്പൺ ഡിഫെൻസ്

ഈ അക്കാദമിക വർഷത്തെ ഒന്നാമത്തെ പ്രവർത്തനം  കോളേജിൻെറയും മലയാള വിഭാഗത്തിന്റെയും ചരിത്രത്തിലെ ശ്രദ്ധേയമായ നാഴികക്കല്ലായ ഒന്നാണെന്നത് ഏറെ അഭിമാനകരമാണ്. കെ.കെ.ടി.എം.ഗവ.കോളേജിന്റെയും മലയാളവിഭാഗത്തിന്റെയും അക്കാദമിക വികാസത്തിലെ ചരിത്ര സന്ദർഭമായിരുന്നു ഇന്ന്. ഈ കോളേജിലെ മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക മലയാള ഗവേഷണ കേന്ദ്രത്തിൽ നടന്ന ശ്രീ.മുഹമ്മദ് ബഷീർ കെ. കെ. യുടെ പിഎച്ച്.ഡി. ഓപ്പൺ ഡിഫൻസ്.മലയാള വിഭാഗത്തിൽ രണ്ടു വർഷം മുമ്പ് തുടങ്ങിയ കോളേജിലെ ഏക ഗവേഷണ കേന്ദ്രത്തിലെ ആദ്യത്തെ വിദ്യാർത്ഥിയും ഈ കോളേജിലെ അധ്യാപകനുമാണ് മുഹമ്മദ് ബഷീർ കെ കെ. ഈ കോളേജിലെ ആദ്യത്തെ ഗവേഷണ ഗൈഡായ ഡോ.ജി.ഉഷാകുമാരിയുടെ മാർഗനിർദേശത്തിലാണ് 'മലയാള ബിരുദാനന്തരബിരുദപഠനം -സാംസ്കാരിക വിശകലനം' എന്ന ഗവേഷണം ബഷീർ പൂർത്തിയാക്കിയത്.

കോഴിക്കോട് സർവകലാശാല ഓർഡർ നമ്പർ 115454/RESEARCH-C-Asst-2/2019/Admn.dated 18.02.2020 പ്രകാരം പുല്ലൂറ്റ് കെ.കെ.ടി.എം.ഗവ.കോളേജ് ഗവേഷണകേന്ദ്രത്തിൽ വെച്ച് ശ്രീ.മുഹമ്മദ്ബഷീർ കെ.കെ., ഡോ.ജി.ഉഷാകുമാരിയുടെ മാർഗനിർദ്ദേശത്തിൻ കീഴിൽ പൂർത്തിയാക്കി സമർപ്പിച്ച, 'മലയാള ബിരുദാനന്തര ബിരുദപഠനം – സാംസ്കാരിക വിശകലനം ' എന്ന പിഎച്ച്.ഡി ഗവേഷണപ്രബന്ധത്തെ അടിസ്ഥാനമാക്കിയുള്ള ഓപ്പൺ ഡിഫെൻസ് 12–06–20, വെള്ളി രാവിലെ 10 മണിയ്ക്ക് നടന്നു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല തൃശൂർ പ്രാദേശിക കേന്ദ്രത്തിലെ മലയാളവിഭാഗം പ്രൊഫസർ ഡോ.എം.കൃഷ്ണൻ നമ്പൂതിരിയായിരുന്നു ചെയർമാൻ.






കോളേജ് പ്രിൻസിപ്പാൾ ഡോ. ഇ.എ.നെസി, ഗവേഷണമാർഗദർശിയായ ഡോ.ജി. ഉഷാകുമാരി, ഈ ഗവേഷണകേന്ദ്രത്തിലെ മാർഗനിർദ്ദേശകരായ ഡോ.ദീപ.ബി.എസ്, ഡോ. ജെൻസി കെ.എ. (അസി.പ്രൊഫസർ, മലയാളവിഭാഗം, സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട)(ഓൺലൈൻ) മുൻ വകുപ്പധ്യക്ഷമാരായ ഡോ.ബി. പാർവതി (ഓൺലൈൻ), പ്രൊഫ.വി.കെ. സുബൈദ, മലയാളവിഭാഗത്തിലെ അധ്യാപകർ, മറ്റ് വിഭാഗങ്ങളിലെ അധ്യാപകർ, മലയാളവിഭാഗം ഗവേഷകർ, ഇതരഗവേഷണ കേന്ദ്രങ്ങളിലെ ഗവേഷകർ,

ഓഫീസ്ജീവനക്കാർ, മറ്റു വിദ്യാർത്ഥികൾ, പി.ടി.എ. ഭാരവാഹികൾ തുടങ്ങി 60 പേർ സന്നിഹിതരായിരുന്നു. 25പേർ നേരിട്ടും 35പേർ ഓൺലൈൻ വഴിയായും പങ്കെടുത്തു.

മാർഗനിർദ്ദേശകയും വകുപ്പധ്യക്ഷയുമായ ഡോ.ജി.ഉഷാകുമാരിയുടെ ആമുഖത്തിനു ശേഷം ചെയർമാൻ ഗവേഷകനെ വിഷയാവതരണത്തിനായി ക്ഷണിച്ചു. വിഷയം, പ്രസക്തി, പഠനലക്ഷ്യം, പഠനരീതി, പഠനഫലം തുടങ്ങിയവ ഗവേഷകൻ പവർപോയിന്റ് പ്രസന്റേഷന്റെ സഹായത്തോടെ അവതരിപ്പിച്ചു. തുടർന്ന് ചെയർമാൻ പ്രബന്ധപരിശോധകരുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം ചെയർമാൻ വിഷയത്തെ സംബന്ധിച്ച തുറന്ന സംവാദത്തിനു സദസ്സിനെ ക്ഷണിച്ചു. ഓൺലൈൻ വഴിയും അല്ലാതെയും നിരവധിപേർ സംവാദത്തിൽ പങ്കെടുത്തു. ഉന്നയിച്ച വിമർശനങ്ങൾക്കും സംശയങ്ങൾക്കും ഗവേഷകൻ തൃപ്തികരമായ വിശദീകരണം നൽകി. തുടർന്ന് മൂല്യനിർണയനം സംബന്ധിച്ച് പരിശോധകരിൽ ഒരാളായ മദ്രാസ് സർവകലാശാല മലയാള വിഭാഗം അധ്യക്ഷൻ ഡോ. പി.ഗിരീഷ് സമർപ്പിച്ച റിപ്പോർട്ട് വായിക്കുകയും അതിൽ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി നൽകാൻ ഗവേഷകനോട് ആവശ്യപ്പെടുകയും ചെയ്തു. പരിശോധകർ ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഗവേഷകൻ ദത്തങ്ങളുടെ സഹായത്താൽ വസ്തുനിഷ്ഠമായ വിശദീകരണം നൽകി.






തുടർന്ന് ചെയർമാൻ കോഴിക്കോട് സർവകലാശാലയോട് ഗവേഷകന് പി.എച്ച്.ഡി ബിരുദം നൽകാൻ ശുപാർശ ചെയ്യുന്നതായി അറിയിച്ചു. അതോടെ ഓപ്പൺ ഡിഫെൻസ് 12.30 മണിയ്ക്ക് അവസാനിച്ചു.

**ഗുണഭോക്താക്കൾ**

ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 60 പേർ പരിപാടിയിൽ സംബന്ധിച്ചു.

## 2. വായനദിനം – റിപ്പോർട്ട്

കെ.കെ.ടി.എം ഗവ.കോളേജ് മലയാള വിഭാഗം 2020 ജൂൺ 19 വെള്ളിയാഴ്ച വായന ദിനത്തിന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിച്ചു. മലയാള വിഭാഗത്തിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വാട്ട്സ് ആപ്പ്ഗ്രൂപ്പായ മലയാളപ്പച്ചയിലാണ് പരിപാടി നടന്നത്. ആഡിയോ വീഡിയോ ക്ലിപ്പുകളായി പ്രഭാഷണങ്ങളും ചർച്ചകളും ഗ്രൂപ്പിൽ നൽകിയാണ് പരിപാടി നടത്തിയത്.മലയാള വിഭാഗം വകുപ്പധ്യക്ഷ ഡോ.ജി.ഉഷാകുമാരി സ്വാഗതം ആശംസിച്ചു. മലയാളത്തിലെ പ്രശസ്ത കഥാകാരനും നോവലിസ്റ്റുമായ ശ്രീ. ഇ സന്തോഷ്കുമാർ ഉദ്ഘാടനം നിർവഹിച്ചു.

'വായനയുടെ സഞ്ചാരങ്ങൾ ''എന്ന പേരിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി പ്രൊഫസർ ആയ ഡോ.ആർ. ബി.ശ്രീകല വായന: വിമോചനത്തിന്റെ വാതിൽ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.


കേരള സാഹിത്യ അക്കാദമി മുൻ ലൈബ്രേറിയൻ ഡോ.കെ.രാജേന്ദ്രൻ (എന്തുകൊണ്ട് പി.എൻ പണിക്കർ),



കെ. കെ.ടി.എം. ഗവ.കോളേജ് മലയാള വിഭാഗം അധ്യാപികയായ ഡോ. ധന്യ. എസ് പണിക്കർ( ഭാരതപര്യടനത്തിലൂടെ ),



കൊടകര ഗ്രന്ഥശാലാ സെക്രട്ടറി ശ്രീ ജയൻ അവണൂർ(ഗ്രന്ഥശാലയുടെ ജീവിതം ), കെ.കെ ടി.എം ഗവ. കോളേജിലെ രണ്ടാം വർഷ എം.എ മലയാളം വിദ്യാർത്ഥിനി അമൃതാ ഷാജി (എന്റെ വായന),



മൂന്നാം വർഷ ബി.എ മലയാളം വിദ്യാർത്ഥിനി അനഘ പി.എ (പ്രേമലേഖനം) എന്നിവർ സംസാരിച്ചു.



അധ്യാപകരും വിദ്യാർത്ഥികളും മാറിവരുന്ന കാലത്തെയും വായനയെയും കുറിച്ച് സർഗ്ഗാത്മക സംവാദം നടത്തി. മലയാള വിഭാഗം അധ്യാപകനായ ശ്രീ മുഹമ്മദ് ബഷീർ കെ.കെ. നന്ദി അറിയിച്ചു.

**ഗുണഭോക്താക്കൾ**


ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 130 പേർ പരിപാടിയിൽ സംബന്ധിച്ചു.

### 3. 29/6/2020 തിങ്കളാഴ്ച നടത്തിയ ഡോക്യുറൽകമ്മിറ്റിയുടെ അഡ്മിഷൻ റിപ്പോർട്ട്

## കെ.കെ.ടി.എം. ഗവ: കോളേജ്, പുല്ലൂറ്റ്, മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക

ഗവേഷണകേന്ദ്രം, മലയാളവിഭാഗം,സമയം: 10


കെ.കെ.ടി.എം. ഗവ: കോളേജ്, മലയാളവിഭാഗം, മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ഗവേഷണകേന്ദ്രത്തിലെ ഡോ.ജി.ഉഷാകുമാരി (അസ്സോ.പ്രൊഫസർ, കെ.കെ.ടി.എം.ഗവ:കോളേജ്, പുല്ലൂറ്റ്), ഡോ.ദീപ.ബി.എസ്.(അസി.പ്രൊഫസർ, കെ.കെ.ടി.എം. ഗവ.കോളേജ്, പുല്ലൂറ്റ്), ഡോ. ജെൻസി. കെ.എ.(അസി.പ്രൊഫസർ, സെൻറ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട) എന്നീ മാർഗനിർദ്ദേശകരുടെ നേതൃത്വത്തിൽ ഗവേഷകരായി തെരഞ്ഞെടുക്കപ്പെട്ട ഗവേഷകവിദ്യാർഥികളുടെ വിവരങ്ങൾ.



| ക്രമ നമ് | ഗവേഷകവിദ്യാർത്ഥിയുടെ പേര് | മാർഗനിർദ്ദേശകർ |
|---|---|---|
| 1 | അഞ്ജലി മോഹൻ എം.ആർ. | ഡോ.ജി.ഉഷാകുമാരി |
| 2 | ഫെൽബിൻ ആൻറണി | ഡോ.ജി.ഉഷാകുമാരി |
| 3 | ലക്ഷ്മിപ്രിയ എം.ആർ. | ഡോ. ദീപ.ബി.എസ്. |
| 4 | ലിനി. കെ.എൻ. | ഡോ. ജെൻസി.കെ.എ. |
| 5. | സിന്റോ കോങ്കോത്ത് എ. (കൺവേർഷൻ) | ഡോ. ദീപ.ബി.എസ്. |

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ഗവേഷണ വിഷയം |
|---|---|---|
| 1 | അഞ്ജലി മോഹൻ എം.ആർ | പ്രാദേശികത, സാമുദായികത, ദേശീയത: കൊടുങ്ങല്ലൂരിലെ മുസ്ലിം സാമൂഹിക-സാംസ്കാരിക ചരിത്രത്തെ ആധാരമാക്കിയുള്ള വിശകലനം. |
| 2 | ഫെൽബിൻ ആന്റണി | കുടിയേറ്റത്തിന്റെ ആഖ്യാനം നോവലിലും സിനിമയിലും : തെരഞ്ഞെടുത്ത മലയാളനോവലുകളെയും സിനിമകളെയും മുൻനിർത്തിയുള്ള പഠനം |
| 3 | ലക്ഷ്മിപ്രിയ. എം.ആർ. | പടയണിയുടെ രൂപശില്പപരമായ സ്വാധീനം മലയാള കവിതാസാഹിത്യത്തിലും സംസ്കാരത്തിലും |

| | | |
|---|---|---|
| 4 | ലിനി കെ. എൻ. | നാടൻകല : പ്രതിനിധാനവും സമകാലീന കേരളീയവ്യവഹാരങ്ങളും – സാംസ്കാരിക വിശകലനം |
| 5. | സിന്റോ കോങ്കോത്ത് എ. (ജമൃശേശാല ഗവേഷണത്തിലേയ്ക്ക് മാറുന്നതിന്) | ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മകസമീപനം |




ചുവടെകൊടുത്ത ഡോക്ടറൽ കമ്മിറ്റി പ്രസ്തുത ഗവേഷകർക്ക് ഗവേഷണം ചെയ്യാനുള്ള അനുമതിനൽകി.

1. Chairperson,
Principal, K.K.T.M. Govt. College, Pullut : Dr. Nessy.E.A

2. Expert nominated by V.C. : Dr. Umer Tharamel (Online)

3. Subject Expert : Dr. R.V.M. Divakaran (Online)

4. Supervising Teachers:

    i. Dr. G. Ushakumari

    ii. Dr. Deepa B.S.

iii. Dr. Jency. K. A.

5. H.O.D, Department of Malayalam.


Dr. G. Ushakumari

## 4.പുലാക്കാട്ട് രവീന്ദ്രൻ അനുസ്മരണം 04/07/2020


കെ.കെ.ടി.എം. ഗവ.കോളേജ് മലയാളവിഭാഗത്തിന്റെയും ചരിത്രവിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പുലാക്കാട്ട് രവീന്ദ്രന്റെ ഇരുപത്തഞ്ചാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണ യോഗം നടത്തുകയുണ്ടായി. 2020 ജൂലൈ 4 ന് വെബിനാറിലൂടെ നടത്തിയ ഈ അനുസ്മരണം പ്രശസ്ത കവി പി രാമൻ ഉദ്ഘാടനം ചെയ്തു. ഉൾക്കണ്ണിന്റെ വെട്ടവും കണ്ണീരും പുരണ്ട കവിതകളാണ് പുലാക്കാട്ടിന്റേതെന്ന് ഉദ്ഘാടകൻ അനുസ്മരിക്കുകയുണ്ടായി. പുലാക്കാട്ടുരവീന്ദ്രന്റെ കവിതകളുടെ ഭാവതലങ്ങളിലേക്കാഴ്ന്നിറങ്ങുന്ന ഒരു അന്വേഷണമായിരുന്നു പി രാമന്റെ പ്രഭാഷണം.



കെ.കെ.ടി.എം കോളേജ് പ്രിൻസിപ്പൾ ഇൻ ചാർജ്ജ് ഡോ നെസ്സി . ഇ എ അദ്ധ്യക്ഷത വഹിച്ച വെബിനാറിന് മലയാള വിഭാഗം അദ്ധ്യക്ഷ ഡോ.ജി ഉഷാകുമാരി സ്വാഗതമാശംസിച്ചു.




ചരിത്ര വിഭാഗം അദ്ധ്യാപിക ശ്രീമതി രമണി കെ പുലാക്കാട്ടു രവീന്ദ്രന്റെ കവിതയും സ്വന്തം കവിതയും ആലപിച്ചു.



മൂന്നാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി അനുപമ.പി.എ പുലാക്കാട്ടു രവീന്ദ്രന്റെ വായില്ലാക്കുന്നിലപ്പൻ, ആരോഹണം എന്നീ കവിതകൾ ആലപിച്ചു. മലയാള വിഭാഗം അദ്ധ്യാപകൻ യാക്കോബ് തോമസ് ആശംസയും



ചരിത്രവിഭാഗം അദ്ധ്യാപകൻ ഹരി നന്ദിയും അറിയിച്ചു.



.

**ഗുണഭോക്താക്കൾ**

ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 95 പേർ പരിപാടിയിൽ സംബന്ധിച്ചു.


## 5.ബഷീർ ദിനം -5/7/20

കെ.കെ.ടി.എം ഗവ. കോളേജ് മലയാളവിഭാഗം 2020 ജൂലായ് 5 ഞായറാഴ്ച, 10 മണിക്ക് ബഷീർദിനത്തിന്റെ ഭാഗമായി 'ബഷീർ: കാലം, ജീവിതം, വായന' എന്ന പേരിൽ അനുസ്മരണ സെമിനാർ സംഘടിപ്പിച്ചു. മലയാള വിഭാഗത്തിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വാട്ട്സ്ആപ്പ് ഗ്രൂപ്പായ 'മലയാളപ്പച്ച' യിലാണ് അനുസ്മരണ പരിപാടികൾ നടന്നത്. ആഡിയോ വീഡിയോ ക്ലിപ്പുകളായി, പ്രഭാഷണങ്ങളും ചർച്ചകളും ഗ്രൂപ്പിൽ അവതരിപ്പിക്കപ്പെട്ടു. മലയാളവിഭാഗം അധ്യാപിക ഡോ. ദീപ ബി.എസ്. സ്വാഗതം ആശംസിച്ചു.



മലയാളത്തിലെ പ്രശസ്തനിരൂപകനും കവിയുമായ ഡോ. ഇ.വി.രാമകൃഷ്ണൻ (എമിററ്റസ് പ്രൊഫസർ , ഇംഗ്ലീഷ് വിഭാഗം ,സൗത്ത് ഗുജറാത്ത് സർവകലാശാല) ഉദ്ഘാടനം നിർവഹിച്ചു. പ്രശസ്തകവിയും പത്രപ്രവർത്തകനുമായ ശ്രീ പി.എ. നാസിമുദ്ദീൻ 'ബഷീർ : മലയാളത്തിലെ ഉത്തരാധുനിക എഴുത്തുകാരൻ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. മലയാളവിഭാഗത്തിലെ മുൻ അധ്യാപകരായിരുന്ന ഡോ.എം.രാമചന്ദ്രൻപിള്ള, 'ബഷീർ ഫലിതത്തിൽപ്പൊതിഞ്ഞ നന്മ' എന്ന പേരിലും ഡോ. സരിത.കെ.ആർ, 'ഉടഞ്ഞു വീഴുന്ന ഇരുണ്ട ചരിത്ര സൗധങ്ങൾ - ബഷീർ വായന' എന്ന പേരിലും ബഷീർ അനുസ്മരണ പ്രഭാഷണം നടത്തി. മലയാള വിഭാഗം അധ്യാപികയായ ശ്രീമതി.ഫൗസിയ.പി.എ, ബഷീർ ലളിതാംബിക


അന്തർജനത്തിനയച്ച കത്തുകളുടെ വായന നടത്തി. 'ലളിതാംബികയോടു ബഷീർ , എന്നതായിരുന്നു ശീർഷകം. മലയാളവിഭാഗം ഗവേഷക സൗമ്യ മോഹനൻ നന്ദി അറിയിച്ചു.



**ഗുണഭോക്താക്കൾ**

മലയാള വിഭാഗത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ഗവേഷകരും പൂർവ്വവിദ്യാർത്ഥികളുമുൾപ്പടെ 150 പേർ പങ്കെടുത്തു. ബഷീറിന്റെ സാഹിത്യലോകം മുൻനിർത്തിയുള്ള വിദ്യാർത്ഥികളുടെ സർഗ്ഗാത്മക വായനകൾക്കും സംവാദത്തിനും മലയാളപ്പച്ച വേദിയായി.

**6. 2020 ജൂലൈ 6 മലയാളവിഭാഗം യൂ ട്യൂബ് ചാനൽ**





മലയാളവിഭാഗത്തിൻറെ വിഭവങ്ങൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുക, മലയാളം വിഭാഗം നടത്തുന്ന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തെ കൂടി പങ്കെടുപ്പിക്കുക, മലയാളവിഭാഗത്തിൻറെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനാഭിപ്രായം രൂപീകരിക്കുക തുടങ്ങിയ പ്രധാനലക്ഷ്യങ്ങൾ മുൻനിർത്തിയാണ് മലയാളവിഭാഗം 'മലയാളപ്പച്ച' എന്ന പേരിൽ തന്നെ ഒരു യൂ ട്യൂബ് ചാനൽ തുടങ്ങിയിരിക്കുന്നത്. ജൂലൈ അഞ്ചിന് മലയാളവിഭാഗത്തിൽ നടന്ന ബഷീർ അനുസ്മരണ പരിപാടിയിൽ ഡോ. ഇ വി രാമകൃഷ്ണൻ, കവി നാസിമുദ്ദീൻ തുടങ്ങിയവർ അണിനിരന്നിരുന്നു. അവരുടെ പ്രഭാഷണങ്ങൾ അപ്ലോഡ് ചെയ്തുകൊണ്ടാണ് ഈ ചാനൽ അതിൻറെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

**7. 2020 ജൂലൈ 14 കെ.കെ.ടി.എം.ഗവ.കോളേജിലെ ആദ്യ ഗവേഷണ പ്രബന്ധത്തിന് ഡോക്ടറേറ്റ്**


കെ.കെ.ടി.എം.ഗവ.കോളേജിലെ ആദ്യ ഗവേഷണ പ്രബന്ധത്തിന് ഡോക്ടറേറ്റ് അവാർഡ്

ചെയ്തു.ഡോ.ജി.ഉഷാകുമാരിയുടെ മാർഗനിർദേശത്തില് മലയാള വിഭാഗം അധ്യാപകനായ മുഹമ്മദ് ബഷീര്

കെ.കെ. സമർപ്പിച്ച മലയാള ബിരുദാനന്തര ബിരുദ പഠനം - സാംസ്കാരിക വിശകലനം എന്ന ഗവേഷണ പ്രബന്ധത്തിനാണ് ഇന്ന് ഡോക്ടറേറ്റ് അവാർഡ് ചെയ്തത്.




**8.കെ.കെ. ടി. എം. ഗവ. കോളേജ് മലയാളവിഭാഗം അബ്ദുറഹ്മാൻ സ്മാരകഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 15/7/2020 മുതൽ 30/07/20 വരെ സംഘടിപ്പിച്ച വെബിനാർ പരമ്പര 'സാമൂഹികപഠനങ്ങൾ'**

























**8(1).15/7/2020 ബുധൻ ഉച്ചക്ക് 2.30.. ന് കെ.കെ. ടി. എം. ഗവ. കോളേജ് മലയാളവിഭാഗം അബ്ദുറഹ്മാൻ സ്മാരകഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'സാമൂഹിക പഠനങ്ങൾ'എന്ന വെബിനാർ പരമ്പരയുടെ ഒന്നാം ദിവസത്തെ റിപ്പോർട്ട്.**

മലയാളവിഭാഗം മേധാവി ഡോ :ജി ഉഷാകുമാരിയുടെ അധ്യക്ഷതയിൽ ആരംഭിച്ച വെബിനാറിൽ മലയാളവിഭാഗം അധ്യാപിക ഡോ :ദീപ. ബി. എസ് സ്വാഗതം ആശംസിച്ചു, പ്രിൻസിപ്പൽ ഡോ:ഇ. എ.നെസ്സി വെബിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കെ. കെ. ടി. എം മലയാളവിഭാഗത്തിലെ ഗവേഷണ

മാർഗദർശിയായ ഡോ:ജെൻസി. കെ. എ നന്ദി പ്രകാശിപ്പിച്ചു. കാലിക്കറ്റ്യൂണിവേഴ്സിറ്റി മലയാള കേരളപഠനവിഭാഗത്തിലെ ഡോ:എം. ബി. മനോജ് 'ദളിത്ബഹുജനപഠനം 'എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. ഗവേഷക അംബിക മോഡറേറ്റർ ആയും, ഗവേഷകൻ വൈശാഖ് ഡിസ്കസന്റായും വെബ്ബിനാറിൽ പങ്കെടുത്തു.

പ്രഭാഷണത്തിൽ ഡോ :എം. ബി മനോജ് ബഹുജനം എന്ന വാക്കിന്റെ ഉല്പത്തിയെ കുറിച്ചും വിഷയത്തിന്റെ പ്രസക്തിയെകുറിച്ചും, പുരോഗമനപരമായ വസ്തുതകളെ കുറിച്ചും ബൗദ്ധ സാഹിത്യ കൃതികളുമായി ബന്ധപ്പെട്ട പുസ്തകങ്ങളെകുറിച്ചും പ്രഭാഷകൻ വെബിനാറിൽ സൂചിപ്പിച്ചു.Anthropology survey of india നടത്തിയ ഗവേഷണങ്ങളെ കുറിച്ചും ഉത്തരാധുനിക ഇന്ത്യൻ സമൂഹം ആദിവാസി ജനതയെ നോക്കികാണുന്ന ബൗദ്ധതയെ കുറിച്ചും പ്രഭാഷകൻ വ്യക്തമായ കാഴ്ചപാടുകൾ അവതരിപ്പിച്ചു. യുട്യൂബിലും, ഗൂഗിൾമീറ്റിലുമായി ഏകദേശം ഇരുന്നുറോളം പേർ പങ്കെടുത്ത വെബ്ബിനാറിൽ നിരവധി പേർ പ്രഭാഷകനോടു ചോദ്യങ്ങൾ ഉന്നയിച്ചു. തൊഴിൽ സമുദായമെന്ന ദളിതരുടെ ഐഡന്റിറ്റിക്ക് വിജ്ഞാനത്തിലും സാക്ഷരതയിലും ഉള്ള പങ്കിനെക്കുറിച്ച് പ്രഭാഷകൻ വ്യക്തമായ മറുപടി നൽകി. വെബി നാറിൽ ചോദ്യങ്ങളുമായുള്ള ഡിസ്കസന്റിന്റെ ഇടപെടൽ ചോദ്യഉത്തരവേദിക്ക് തുടക്കം കുറിച്ചു.


ബഹുജനപഠനങ്ങൾ സാമൂഹികമാറ്റത്തിന്റെ അടിത്തറയാകുന്നില്ലേ? അസ്പർശ്യതയിൽ നിന്നും ദളിതനെ മോചിപ്പിക്കുമോ? എന്ന 'ബിജുരാജൻ 'ന്റെ ചോദ്യത്തിനു പ്രഭാഷകൻ സ്പഷ്ടവും വ്യക്തവുമായി ഉത്തരം നൽകി. ഇന്നത്തെ സമൂഹത്തിൽ ദളിതർ എന്ന പേരിൽ ചൂഷണം ചെയ്യപ്പെടുന്നവരെക്കുറിച്ചും പൊതു സമൂഹത്തിൽ അടയാളപ്പെടുത്തുന്നതിന് വേണ്ട മാർഗങ്ങളെ കുറിച്ചും ചോദിച്ചു കൊണ്ടുള്ള ചോദ്യങ്ങൾ ക്ക് വ്യക്തമായ നിരീക്ഷണങ്ങളും വിലയിരുത്തലുമായിരുന്നു അവതാരകന്റെ. ദളിതർ പലരും സ്ഥിര സ്വത്തവകാശ സമുദായമല്ലാത്ത കാരണം തൊഴിലിനനുസരിച്ചു കുടിയേറുന്നവരാണെന്ന പ്രഭാഷകന്റെ വിലയിരുത്തി. ഗ്രാംഷി ഇറ്റാലിയൻ സമൂഹത്തിലെ മേൽകീഴ് ബന്ധങ്ങളെ തിരിച്ചറിഞ്ഞതിനേക്കാൾ തീക്ഷണമായി ഡോ:ബി. ആർ അംബേദ്കർ കീഴാളരെ നോക്കി കണ്ടിരുന്നതും, സാമ്പത്തിക അടിത്തറയെക്കാൾ ജാതി സമ്പ്രദായം അടിസ്ഥാനമാക്കിയാണ് അദ്ദേഹം വസ്തുതകളെ നോക്കി കണ്ടിരുന്നതെന്നും പ്രഭാഷകൻ വിശദമാക്കി.വെബിനാർ കൃത്യം 4.30നു അവസാനിച്ചു. തുടക്കം മുതൽ അവസാനം വരെ എല്ലാവരും ചർച്ചയിൽ സജീവമായിരുന്നു.

**ഗുണഭോക്താക്കൾ**

ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 200 പേർ പരിപാടിയിൽ സംബന്ധിച്ചു.

**8(2).കെ കെ ടി എം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മലയാള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 15 മുതൽ സാമൂഹ്യപഠനങ്ങൾ എന്ന പേരിൽ നടത്തിവരുന്ന വെബിനാർ പരമ്പരയിലെ രണ്ടാം ദിവസമായ ജൂലൈ 17 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.30 ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട്.**

കെ കെ ടി എം ഗവൺമെന്റ് കോളേജ് മലയാള വിഭാഗം ഗവേഷണകേന്ദ്രമായ മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ് ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സാമൂഹ്യപാഠങ്ങൾ എന്ന പേരിൽ ജൂലൈ 15 മുതൽ നടത്തിവരുന്ന വെബിനാർ പരമ്പരയിലെ രണ്ടാം ദിവസത്തെ വെബിനാർ ജൂലൈ 17 ഉച്ചയ്ക്ക് 2.50 പി എം ന് മലയാള വിഭാഗം വകുപ്പദ്ധ്യക്ഷ ഡോ .ജി.ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. സാമൂഹ്യ പ്രവർത്തകയും, എഴുത്തുകാരിയും, ഗവേഷകയുമായ ശ്രീമതി വിനീതവിജയനെ ദലിത് സാഹിത്യം ഒരു മുഖവുര ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നതിനായി വകുപ്പദ്ധ്യക്ഷ ഡോ .ജി ഉഷാകുമാരി സ്വാഗതം ചെയ്തു.

ദലിത്സാഹിത്യത്തിന്റെ പൊതുപശ്ചാത്തലവും അതുയർന്നു വരാനിടയായ സാഹചര്യവും ഇതര സാഹിത്യങ്ങളിൽ നിന്നും ദളിത് സാഹിത്യം വച്ചു പുലർത്തുന്ന വ്യത്യസ്തതയും ചർച്ചാ വിഷയമായി. മലയാളത്തിലെ ദലിത് സാഹിത്യവും ദലിത് വൈജ്ഞാനികതയും, സാഹിത്യത്തിലെ ദലിത് രാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളും വിശദമാക്കുന്നവയായിരുന്നു വിനീതയുടെ പ്രഭാഷണം. ദലിത് സാഹിത്യത്തിന്റെ വിവിധ ഉൾപിരിവുകളായ ദലിത് കവിത, കഥ, നോവൽ, ആത്മകഥ എന്നിവയെ കുറിച്ചും ദലിത് സ്ത്രീകളുടെ കവിത മലയാളത്തിലെ സ്ത്രീ കവിതയിൽ നിന്ന് വേറിട്ട് നിൽക്കുന്നതെങ്ങനെ എന്നതിനെക്കുറിച്ചും വളരെ വിശദമായി പ്രഭാഷക അവതരിപ്പിച്ചു.ദലിത് പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും തുടങ്ങി ദളിത് സാഹിത്യത്തിലെ ആരംഭ ഘട്ടം മുതലുള്ള ചരിത്രത്തെകുറിച്ചും സമകാലിക കാലഘട്ടത്തിൽ ദളിത് സാഹിത്യം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ കുറിച്ചും വളരെ ആഴത്തിലുള്ള ഒരു പ്രഭാഷണം ശ്രീമതി വിനീതവിജയൻ നടത്തി. കൂടാതെ ആദ്യം കാലം മുതൽ ഇതുവരെയുള്ള ദളിത് സാഹിത്യം ,ദളിത് സാഹിത്യ രചയിതാക്കൾ, എന്നിവരെ കുറിച്ചും വളരെ കൃത്യമായി തന്റെ പ്രഭാഷണത്തിൽ വിനീത ഉൾപ്പെടുത്തി. കൃത്യം 3.40 ന്പ്രഭാഷണം അവസാനിക്കുകയും തുടർന്ന് ചർച്ചകളിലേയ്ക്ക് കടക്കുകയും ചെയ്തു. എറണാകുളം മഹാരാജാസ് കോളേജിലെ അധ്യാപകൻ റഷീദ് സെയ്ദ്, ഉഷ ആർ.ബി, എം.എൻ വിജയൻ, ജെ.ജോർജ്ജ്, ജിജി പ്രിയ .ടി തുടങ്ങി നിരവധി പേർ ദളിത് സാഹിത്യത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് ധാരാളം ചോദ്യങ്ങൾ പ്രഭാഷകയോട് ചോദിച്ചു. ദളിത് ക്രിസ്ത്യൻ സാഹിത്യ സംഭാവനയെ കുറിച്ചും ഗോത്ര വിഭാഗത്തിലെ സാഹിത്യ കൃതികളെ കുറിച്ചും, തനിമാവാദത്തെ കുറിച്ചും പ്രഭാഷക നൽകിയ വിശദീകരണങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു.കൃത്യം 4.15 ന് മലയാള വിഭാഗം അധ്യാപികയായ ഡോ. ദീപയുടെ നന്ദി പ്രകാശനത്തോടെ വെബിനാർ അവസാനിച്ചു. മോഡറേറ്റർ ആയി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഗവേഷണ കേന്ദ്രത്തിലെ ഗവേഷകയായ സൗമ്യ മോഹനനും, ഡിസ്കസൻറ് ആയി ഇതേ കേന്ദ്രത്തിലെ അർഷിതയും പങ്കെടുത്തു.

**ഗുണഭോക്താക്കൾ**

ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 230 പേർ വെബിനാറിൽ സംബന്ധിച്ചു.

**8.(3). 22/07/2020 ബുധനാഴ്ച ഉച്ചയ്ക്ക് 2.30നു കെ.കെ.ടി.എം. ഗവ.കോളേജ് മലയാള വിഭാഗം ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഗൂഗിൾ മീറ്റ് മാധ്യമത്തിൽ നടന്ന വെബിനാർ പരമ്പരയുടെ മൂന്നാമത്തെ ദിവസം നടന്ന 'മാർക്സിസ്റ്റ് സൗന്ദര്യ ചിന്തയ്ക്ക് ഒരാമുഖം' എന്ന വെബിനാറിന്റെ റിപ്പോർട്ട് .**

മലയാളവിഭാഗം വകുപ്പുമേധാവിയായ ഡോ.ജി ഉഷാകുമാരി ടീച്ചർ അധ്യക്ഷസ്ഥാനം വഹിച്ചു. മോഡറേറ്റർ ആയ ലിനിയുടെ സ്വാഗതപ്രസംഗതിനുശേഷം 'മാർക്സിസ്റ്റ് സൗന്ദര്യചിന്തയ്ക്ക് ഒരു ആമുഖം' എന്ന വിഷയത്തിൽ കാലടി ശങ്കരാചാര്യയൂണിവേഴ്സിറ്റിയിലെ ഗവേഷകനായ ശ്രീ റഫീഖ് ഇബ്രാഹിം പ്രബന്ധം അവതരിപ്പിച്ചു. 2. 30മുതൽ 4 മണി വരെ വിഷയാവതരണവും തുടർചർച്ചയും ഉണ്ടായി.മാർക് സിസ്റ്റ് സൗന്ദര്യചിന്ത മാർക്സിസത്തിന് മുൻപുംപിൻപും എത്രമാത്രം പരിവർത്തനവിധേയവും




വിമർശനവിധേയവുമായി എന്ന് വളരെ ലളിതമായി അവതരിപ്പിക്കുകയാണ് റഫീക്ക് ചെയ്തത്. ഡെക്കാർത്തിൽനിന്നു തുടങ്ങി ഇമ്മാനുവൽ, കാന്റ്, ഷില്ലർ, ഹെഗൽ അങ്ങിനെ തുടങ്ങി മാർക്സിലെത്തി അതു പിന്നീട് വളർന്ന് പ്ലഗ് നൗവിലൂടെയും ലെനിൻ, മാക്സിൻഗോർക്കി തുടങ്ങിയവരുടെചിന്തകൾ എങ്ങനെയാണ് പരിവർത്തനം ചെയ്യപ്പെട്ടത് എന്ന് പറഞ്ഞു. ചിന്തകനായ ഗ്രാംഷിയുടെ ചിന്തകൾ ലൂക്കാച്ച് ബെന്യാമിൻ സംവാദത്തെയും ഫ്രാൻങ്ക്ഫർട്ട്സ്കൂളിനെ കുറിച്ചും റഫീഖ് അഹമ്മദ് വളരെ ഭംഗിയായി അവതരിപ്പിച്ചു. അതിനുശേഷം തുടർ ചർച്ചകൾക്കായി ഗവേഷക സിന്റോ വെബിനാർ വിഷയത്തോടനുബന്ധിച്ച് ചോദ്യങ്ങൾ ഉന്നയിക്കുക ഉണ്ടായി. അതിൽ ആദ്യത്തെ ചോദ്യം വിപ്ലവത്തിന് അനുകൂലമായ ഒരു ബോധവൽക്കരണത്തിന്റെ അഭാവം മിക്കവാറും വിപ്ലവങ്ങളുടെ പരാജയങ്ങൾക്ക് കാരണമാകുന്നുണ്ട് അങ്ങനെയാണെങ്കിൽ സാമൂഹ്യഘടനയുടെ അടിത്തട്ടിൽ വരെ പരിവർത്തനങ്ങൾ നടത്തുന്നതിന് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലടകം വിപ്ലവത്തിനനുകൂലമായ ബോധവൽക്കരണം എങ്ങനെ നമുക്ക് നേടിയെടുക്കാൻ പറ്റും. രണ്ട്, മാർക്സ് അവതരിപ്പിച്ച സാമൂഹിക സാമ്പത്തിക തത്വശാസ്ത്രങ്ങൾ വിലയിരുത്തുമ്പോൾ തൊഴിലാളി പക്ഷത്തു മാത്രമാണ് മാർക്സ് നിലകൊണ്ടത് കീഴാളപക്ഷ,സ്ത്രീപക്ഷ ചിന്തകൾക്കൊന്നും സ്ഥാനം നൽകിയിട്ടില്ല എന്നതിനെ ഇന്നത്തെ സാഹചര്യത്തിൽ നിന്നുകൊണ്ട് എങ്ങിനെ നോക്കി കാണുന്നു. മൂന്നാമതായി മനുഷ്യൻ തന്നെയാണ് സ്വയം ചരിത്രം സൃഷ്ടിക്കുന്നത് എന്ന പേരിൽ വിലയിരുത്തപ്പെടുമ്പോൾ നിലവിലുള്ള പരിതസ്ഥിതിയിൽ സൃഷ്ടിയിൽ രാഷ്ട്രീയസാഹചര്യങ്ങൾ ചരിത്ര നിർമിതിയിൽ പരിമിതപ്പെടുത്തുന്നുണ്ടോ എന്നീങ്ങനെ ചോദിച്ചു മൂന്നു ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നല്കുകയും കൂടാതെ, നെറ്ററിവ് എന്ന യൂട്യൂബ് ചാനൽ വെബിനാർ ലൈവ് നൽകി സഹകരിക്കുകയും ചെയ്തു. അതിൽ ഗംഗാദേവി എന്നൊരു ശ്രോതാവ് മാർക്സിയൻ സൗന്ദര്യശാസ്ത്രം സമകാല പ്രസക്തി എന്താണ് ഈ സിദ്ധാന്തപ്രകാരം ഏതെങ്കിലുമൊരു സമകാല കൃതിയെ വിശകലനം ചെയ്യാമൊ?( ഒരു ചെറിയ കവിത എങ്കിലും മതി ) എന്നുള്ള ഒരു ചോദ്യം ചോദിക്കുകയുണ്ടായി ഈ ചോദ്യത്തിനും റഫീക്ക് അഹമ്മദ് അഭിപ്രായങ്ങൾ നൽകുകയുണ്ടായി ചർച്ചകൾക്കുശേഷം മോഡറേറ്റർ ലിനി പങ്കെടുത്തഎല്ലാവർക്കും നന്ദി പറഞ്ഞു. കൂടാതെ, വെബിനാർകോഡിനേറ്ററും ഗവേഷണ മാർഗ്ഗനിർദ്ദേശിയുമായ ഡോ. ജെൻസി ടീച്ചർ അടുത്ത ദിവസത്തെ വെബിനാർ ന്റെ വിഷയത്തെക്കുറിച്ചു അറിയിച്ചു.

**ഗുണഭോക്താക്കൾ**

ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 180 പേർ വെബിനാറിൽ സംബന്ധിച്ചു.

**8.(4).പരമ്പരയിലെ നാലാം ദിവസമായ ജൂലൈ 27 തിങ്കളാഴ്ച ഉച്ചയ്ക്ക് 2 :30 ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട്**

കെ.കെ.ടി.എം ഗവണ്മെന്റ് കോളേജ് മലയാള വിഭാഗം ഗവേഷണ കേന്ദ്രമായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'സാമൂഹ്യ പഠനങ്ങൾ ' എന്ന പേരിൽ ജൂലൈ 15 മുതൽ നടത്തി വരുന്ന പരമ്പരയിലെ നാലാം ദിവസത്തെ വെബിനാർ ജൂലൈ 27 തിങ്കളാഴ്ച ഉച്ചയ്ക്ക് 2:30 പി.എം ന് മലയാളവിഭാഗം വകുപ്പ് അധ്യക്ഷ ഡോ. ജി ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. എഴുത്തുകാരിയും വിമല കോളേജ് അസി.പ്രൊഫസറുമായ ഡോ.അനുപാപ്പച്ചനെ 'കാഴ്ചയിലെ സ്ത്രീ സ്ത്രീയുടെ കാഴ്ചയും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നതിനായി വകുപ്പ് അധ്യക്ഷ ഡോ .ജി ഉഷാകുമാരി സ്വാഗതം ചെയ്തു.



ജനപ്രിയ കലയായ സിനിമയിൽ സ്വാഭാവികമെന്നവണ്ണം കാലാനുസൃതമായി തുടർന്നു വരുന്ന വിപണിയധിഷ്ഠിത പ്രതിനിധാനങ്ങൾ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സാമൂഹികമായി സ്ത്രീ ഏറെ മുന്നോട്ടു പോകുമ്പോഴും കലയിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയുടെ പ്രതിനിധികരണം സാമ്പ്രദായിക ഇടങ്ങളിൽ വികലമാക്കപ്പെടുന്നു. ആണധികാര പ്രത്യയശാസ്ത്രവും ബോധത്തിലും അബോധത്തിലും നിർമ്മിക്കുന്ന സ്ത്രീ പ്രതിനിധാനങ്ങൾ കാഴ്ചയുടെ പരിസരത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്നും ആ കാഴ്ചയെ അഭിമുഖീകരിക്കുന്ന സ്ത്രീയുടെ പരിപ്രേക്ഷ്യം എങ്ങനെയെന്നും വിശകലനം ചെയ്യാവുന്നതാണ്. സ്ത്രീയുടെ ശരീരം, വികാരം, രാഷ്ട്രീയം ഇത്യാദികളെ ദൃശ്യ

ഭാഷയിൽ ആവിഷ്കരിക്കപ്പെടുന്നത് എങ്ങനെ എന്നും മലയാള സിനിമയുടെ ചരിത്രത്തെ വിശകലനം ചെയ്താൽ വ്യക്തമാകും. ഇത്തരം ഉൽപാദനങ്ങളിൽ നിർമ്മിക്കപ്പെടുന്ന വികലമായ സാമൂഹ്യബോധത്തെ മറികടക്കാൻ കാണിയെന്ന നിലയിൽ സ്ത്രീയുടെ പ്രതികരണവും പ്രതിരോധവും സമകാലിന വർത്തമാന അവസ്ഥയിൽ പ്രസക്തമാകുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ അതിവിശാലമായ കാഴ്ചപ്പാടോടുകൂടി ആണ് പ്രഭാഷക അനു പാപ്പച്ചൻ വിശദമാക്കിയത്. സിനിമയിലെ സ്ത്രീ കാഴ്ചപ്പാടുകളെ മനസ്സിലാക്കുന്നതിനുവേണ്ടി സിനിമയുടെ ആരംഭഘട്ടം മുതൽ സമകാലിക കാലഘട്ടംവരെ മുന്നോട്ടുപോകുന്ന സിനിമ ചരിത്രം വെബിനാറിൽ ടീച്ചർ പ്രതിപാദിക്കുകയുണ്ടായി. കൂടാതെ ആദ്യകാലം മുതൽ ഇതുവരെയുള്ള സിനിമ പഠന മേഖലയെകുറിച്ചും വളരെ കൃത്യമായി തന്നെ തന്റെ പ്രഭാഷണത്തിൽ ടീച്ചർ ഉൾപ്പെടുത്തി. കൃത്യം 3: 40 ന് തന്നെ പ്രഭാഷണം അവസാനിക്കുകയും തുടർന്ന് ചർച്ചകളിലേക്ക് കടക്കുകയും ചെയ്തു. മുനീർ, ആതിര തുടങ്ങി നിരവധിപേർ ചോദ്യങ്ങൾ ചോദിച്ചു. തുടർന്ന് മോഡറേറ്റർ ആയ ഷിബിൻ ബി, ഡിസ്കസന്റായ ഫെൽബിൻ ആന്റണി, ഹീര. ടി. എം എന്നിവർ ചോദ്യങ്ങൾ ചോദിച്ച് ചർച്ചയെ വിപുലമാക്കി. 4 പി. എം ഓടെ മലയാളവിഭാഗം ഗവേഷണകേന്ദ്രത്തിലെ ഗൈഡായ ഡോക്ടർ ജെൻസി കെ എ യുടെ നന്ദി പ്രകാശനത്തോടെ വെബിനാർ അവസാനിപ്പിച്ചു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഗവേഷണകേന്ദ്രത്തിലെ ഗവേഷകനായ ഷിബിൻ. ബി മോഡറേറ്ററായും ഗവേഷക ഹീര. ടി. എം ഗവേഷകൻ ഫെൽബിൻ എന്നിവർ ഡിസ്കസന്റ് ആയും വെബിനാറിൽ പങ്കെടുത്തു.

**ഗുണഭോക്താക്കൾ**

യൂട്യൂബിലും ഗൂഗിൾ മീറ്റിലുമായി ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 200 പേർ സംബന്ധിച്ചു.

8.(5). **'സമൂഹപഠനങ്ങൾ' എന്ന വെബിനാർ പരമ്പരയിലെ അഞ്ചാം ദിനമായ ജൂലൈ 28, 2.30 ന് 'മുസ്ലിം സാമുദായികതയും ചരിത്രവും' എന്ന വിഷയത്തിൽ ഡോ. ഷംഷാദ് ഹുസൈൻ നടത്തിയ വെബിനാറിന്റെ റിപ്പോർട്ട്**

കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മലയാള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 15 –30 വരെ 'സാമൂഹ്യ പഠനങ്ങൾ' എന്ന പേരിൽ നടന്ന



വെബിനാർ പരമ്പരയിലെ അഞ്ചാം ദിനമായ ജൂലൈ 28 ,2.30 ന് 'മുസ്ലിം സാമുദായികതയും ചരിത്രവും ' എന്ന വിഷയത്തിൽ എഴുത്തുകാരിയും പ്രഭാഷകയും കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സ്റ്റിയുടെ തിരൂർ പ്രാദേശിക കേന്ദ്രത്തിലെ അധ്യാപികയും കാലിക്കറ്റ് യൂണിവേഴ്സിറ്റി സിന്റിക്കേറ്റ് അംഗവുമായ ഡോ. ഷംഷാദ് ഹുസൈനെ കെ.കെ.ടി.എം കോളേജിലെ മലയാള വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ഡോ. ദീപ ബി.എസ് സ്വാഗതം ചെയ്തു. തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ.കോളേജ് അസിസ്റ്റൻറ് പ്രൊഫസറും കെ.കെ ടി എം കോളേജിലെ ഗവേഷകയുമായ ഷീന.എസ് മോഡറേറ്ററായി.മോഡറേറ്റർ ഡോ.ഷംഷാദ് ഹുസൈനെ പരിചയപ്പെടുത്തുകയും പ്രഭാഷണത്തിനായി ക്ഷണിക്കുകയും ചെയ്തു .

മലബാർ കലാപത്തേയും മുസ്ലിം സ്ത്രീകളുടെ പ്രാതിനിധ്യത്തെയും കേന്ദ്രീകരിച്ചു കൊണ്ടാണ് ഷംഷാദ് ഹുസൈൻ പ്രഭാഷണം നടത്തിയത് .മലബാർ കലാപത്തെ കുറിച്ചുള്ള സംവാദ ഇടങ്ങൾ വളരെ വിശാലമായിക്കൊണ്ടിരിക്കുകയാണ് .മുസ്ലിം സമുദായം എങ്ങനെയാണ് മലബാർ കലാപത്തിൽ പങ്കുകൊണ്ടത് എന്നതിനെ സംബന്ധിച്ച് ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. കെ.എൻ പണിക്കരെ പോലുള്ളവർ മുസ്ലിം സമുദായം രണ്ടു തരത്തിൽ മലബാർ കലാപത്തിൽ പങ്കു ചേർന്നിട്ടുണ്ടെന്ന്

പറയുന്നു .ഭൗതികമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് മുസ്ലിം സാമുദായികത വളരെ സഹായകരമായിട്ടുണ്ട് എന്നതാണ് ഒന്നാമത്തെ കാര്യം .മലബാർ കലാപത്തിൽ പങ്കുകൊണ്ട് മരിക്കുന്നത് വീരസ്വർഗ്ഗം പ്രാപിക്കുന്നതിന് തുല്യമാണെന്ന് മുസ്ലിങ്ങൾ വിശ്വസിച്ചിരുന്നു. മലബാർ കലാപത്തെ കുറിച്ചുള്ള വാമൊഴി കഥകളിൽ ഏറ്റവും പ്രാമുഖ്യം ലഭിക്കുന്നത് മുസ്ലീം സ്ത്രീ പ്രാതിനിധ്യത്തിനാണ് . എന്നാൽ ചരിത്രപുസ്തകങ്ങളിൽ സ്ത്രീ സാന്നിധ്യം ശുഷ്കവുമാണ് എന്ന വൈരുദ്ധ്യം ദർശിക്കാം .സാമ്പ്രദായിക മുസ്ലിം സ്ത്രീകളിൽ നിന്നും കിട്ടിയ വിവരങ്ങൾ മലബാർ കലാപത്തെ സംബന്ധിച്ച ചരിത്ര ധാരണകളെ പൊളിച്ചെഴുതാനുതകും വിധം ശക്തമാണ് .എഴുതപ്പെട്ട ചരിത്രം ഹിന്ദു - മുസ്ലിം ,നല്ലത് - ചീത്ത എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് .ശക്തമായ സ്ത്രീ സാന്നിധ്യമാണ് വാമൊഴി ആഖ്യാനങ്ങളുടെ സവിശേഷത .ആദ്യമായി സ്ത്രീ പുരുഷ സമത്വം എന്ന ആശയം അവതരിപ്പിച്ച വക്കം മൗലവിയുടെ അറബി മലയാളം മാസികകൾ പോലുള്ളവയെല്ലാം അന്നത്തെ മുസ്ലിം സ്ത്രീകൾക്ക് പ്രാപ്യമായിരുന്നു. സ്ത്രീകൾക്കും പാമരന്മാരായ പുരുഷന്മാർക്കും വായിച്ചു മനസ്സിലാക്കാൻ പ്രയാസമുള്ളതു കൊണ്ട് അതിലെ ഭാഷ ലളിതമാക്കണമെന്ന് പറഞ്ഞെഴുതിയ കത്തുകളെല്ലാം ഇതിന് തെളിവാണ് . അക്ഷരമറിയാത്ത മാപ്പിളപ്പെണ്ണ് അറബി മലയാളത്തിൽ ഇത്തരം വിജ്ഞാന കൃതികൾ വായിക്കുകയും അതുപോലെ അറബി മലയാളത്തിലെഴുതിയ ധാരാളം പാട്ടുകൾ സൂക്ഷിക്കുകയും ചെയ്തിരുന്നു(സെബീനാ ഏടുകൾ). പ്രാദേശികമായ കച്ചവടക്കാരുടെ കൊട്ടകളിൽ കൊണ്ടുവരുന്ന സെബീനാ ഏടുകൾ സ്ത്രീകൾ വാങ്ങി സൂക്ഷിക്കുകയും അവർ അത് പാടുകയും ചെയ്തിരുന്നു .അച്ചടി നിലവിൽ വരുന്നതിനു മുൻപ് തന്നെ ഇത്തരം സെബീനാ ഏടുകൾ മുസ്ലിം സ്ത്രീകൾക്ക് കാണാപാഠമായിരുന്നു . പല മാപ്പിളപ്പാട്ട് എഴുത്തുകാരികളെയും ചരിത്രത്തിൽ കാണാം .പുരുഷ കേന്ദ്രീകൃതമായ കുടുംബ വ്യവസ്ഥയെ ശക്തമായി എതിർക്കുന്ന വിപ്ലവാത്മകമായ പാട്ടുകളാണ് എഴുതപ്പെട്ടത്.ഇത്തരം മാപ്പിളപ്പാട്ടുകളെ സംബന്ധിച്ച പഠനങ്ങളൊന്നും തന്നെ ഇതുവരെ നടന്നിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. പാട്ട് അവതരിപ്പിക്കുന്നതിന് ധാരാളം വേദികൾ അന്ന് മുസ്ലിം സമുദായത്തിന് ലഭ്യമായിരുന്നു.മുസ്ലിം സമുദായത്തെ സംബന്ധിച്ചും മുസ്ലിം സ്ത്രീയെ സംബന്ധിച്ചുമുള്ള പൊതുധാരണയാണ് പലപ്പോഴും ഇത്തരത്തിലുള്ള പഠനങ്ങളിൽ നിന്നും നമ്മെ മാറ്റി നിർത്തുന്നത്.90 കൾ വരെയുള്ള സ്ത്രീവാദ സങ്കല്പത്തിന്റെ കാഴ്ചപ്പാട് എന്നത് സ്ത്രീകളുടെ സർവ്വ പ്രശ്നങ്ങൾക്കും കാരണം മതമാണ് എന്നതാണ്.മതപരമായ ആചാരങ്ങൾ മാറ്റി നിർത്തിയാൽ ഒരു പരിധി വരെ സ്ത്രീകൾക്ക് സ്വതന്ത്രരാവാൻ സാധിക്കുമെന്ന ധാരണയാണ് സ്ത്രീവാദത്തിനകത്ത് നിലനിന്നിരുന്നത്. എന്നാൽ മുസ്ലിം സ്ത്രീയെ സംബന്ധിച്ചിടത്തോളം മതം പഠിപ്പിക്കുന്ന രംഗത്തും സ്ത്രീകളുടെ പ്രാതിനിധ്യമുണ്ടായിരുന്നു എന്നതാണ് വാസ്തവം. മദ്രസാ അധ്യാപകരായി മുസ്ലിം സ്ത്രീകൾ ഉണ്ടായിരുന്നു(മൊല്ലാച്ചി, ഉസ്താദ്). മതം പഠിപ്പിക്കുകയും പാടുകയും ഈണങ്ങൾ സൃഷ്ടിക്കുകയും സാംസ്കാരിക മേഖലയെ തന്നെ സജീവമാക്കിക്കൊണ്ട് ഇവിടെ നിലനിൽക്കാനും മുസ്ലിം സ്ത്രീകൾക്ക് സാധിച്ചിരുന്നു. മുസ്ലിം സ്ത്രീകൾ വിവരവും വിദ്യാഭ്യാസമില്ലാത്തവരും അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നവരുമാണെന്ന പൊതുബോധ ചിന്തയിൽ നിന്നു കൊണ്ട് എങ്ങനെയാണ് അവരുടെ ശക്തമായ പ്രാതിനിധ്യങ്ങളെ അടയാളപ്പെടുത്താൻ സാധിക്കുന്നത് എന്ന ചോദ്യമുന്നയിച്ചുകൊണ്ടാണ് ഷംഷാദ് ഹുസൈൻ പ്രഭാഷണം അവസാനിപ്പിച്ചത് .

കെ.കെ.ടി.എം കോളേജിലെ ഗവേഷണ വിദ്യാർത്ഥിയായ അഞ്ജലി മോഹൻ എം.ആർ സെമിനാറിന്റെ ഡിസ്കസൻറായി. സമകാലിക സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള ചില ചോദ്യങ്ങൾ ഡിസ്കസൻറ് ചോദിക്കുകയുണ്ടായി .തുടർന്ന് യൂ ട്യൂബിലും ഗൂഗിൾ മീറ്റ് ഇൻ ബോക്സിലുമായി വന്ന ചോദ്യങ്ങളും ഡിസ്കസന്റ് ചോദിച്ചു. വളരെ വ്യക്തമായും ലളിതമായും അതിനുള്ള ഉത്തരങ്ങൾ ഷംഷാദ് ഹുസൈൻ വിശദമാക്കി. 3.50 ന് ചർച്ചകൾ അവസാനിച്ചു. കെ.കെ.ടി.എം കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും വെബിനാർ സംഘാടകയുമായ ഡോ. ജെൻസി കെ.എ ഔദ്യോഗികമായ കൃതജ്ഞത രേഖപ്പെടുത്തി. 4 മണിയോടെ വെബിനാർ സമാപിച്ചു.


**ഗുണഭോക്താക്കൾ**

യൂട്യൂബിലും ഗൂഗിൾ മീറ്റിലുമായി ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 120 പേർ പരിപാടിയിൽ സംബന്ധിച്ചു.

## 8.(6).'സമൂഹപഠനങ്ങൾ' എന്ന പേരിൽ നടത്തിവരുന്ന വെബിനാർ പരമ്പരയിലെ ആറാംദിവസമായ ജൂലൈ 30 വ്യാഴാഴ്ച ഉച്ചയ്ക്ക് 2 :30 ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട്.

കെ.കെ.ടി.എം ഗവണ്മെന്റ് കോളേജിലെ മലയാളം വിഭാഗം ഗവേഷണ കേന്ദ്രമായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'സാമൂഹ്യ പഠനങ്ങൾ ' എന്ന പേരിൽ ജൂലൈ 15 മുതൽ നടത്തി വരുന്ന വെബിനാർ പരമ്പരയിലെ ആറാംദിവസത്തെ അവതരണം ജൂലൈ 30 വ്യാഴാഴ്ച ഉച്ചയ്ക്ക് 2:30ന് മലയാളം വിഭാഗം വകുപ്പ് അധ്യക്ഷ ഡോ. ജി ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. എഴുത്തുകാരിയും ശ്രീ കേരളവർമ കോളേജ് അസി.പ്രൊഫസറുമായ ഡോ.ബ്രില്ലി റാഫേലിനെ ഉഷാകുമാരി ടീച്ചർ

പരിചയപ്പെടുത്തുകയും സ്വാഗതമരുളുകയും ചെയ്തു.ശരീരം:സ്ത്രീവാദജ്ഞാനപരിസരങ്ങളും വ്യവഹാരങ്ങളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നതിനായി ഡോ.ബ്രില്ലി റാഫേലിനെ ശ്രീ.സി.അച്യുതമേനോൻ ഗവൺമെന്റ് കോളേജിലെ അസി.പ്രൊഫസറും ഗവേഷകയുമായ മോഡറേറ്റർ മഞ്ജു.കെ.ആർ. പ്രഭാഷണത്തിനായി ക്ഷണിച്ചു.



ശരീരം ജ്ഞാനമേഖലകളുടെയും വ്യവഹാരങ്ങളുടെയുമെല്ലാം കേന്ദ്രത്തിലേയ്ക്കു വരുമ്പോൾ ശരീരത്തിന്റെ പ്രവേശനമുണ്ടാകുന്ന ഒരു ഘട്ടത്തിൽ വ്യത്യസ്തമായ ജ്ഞാനവഴികളിലൂടെ ശരീരത്തെ നോക്കിക്കാണാനുള്ള ,പുതിയ ജ്ഞാനപരിസരങ്ങളിൽ അതിനെ നിർത്തി പരിശോധിക്കാനുള്ള ഒരു ശ്രമമാണ് പ്രഭാഷണത്തിലൂടെ ഡോ.ബ്രില്ലി റാഫേൽ നടത്തിയത്.വ്യത്യസ്തങ്ങളായ ജ്ഞാനപദ്ധതികൾ ശരീരത്തെ നോക്കിക്കാണുന്ന വിധം വളരെ വിചിത്രവും വികലവുമാണ് എന്ന നിരീക്ഷണം കൂടുതൽ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കി.ആധുനികതയ്ക്കുമുൻപ് ശരീരകാമനകൾക്കാണ് പ്രാമുഖ്യമുണ്ടായിരുന്നത്.എന്നാൽ ശരീരം /ആത്മാവ് എന്ന ദ്വന്ദ്വാത്മകയുക്തിയിലാണ് ആധുനികത എത്തിനിന്നത്.അവിടെയെല്ലാം ശരീരത്തെ ഗുപ്തമാക്കിവെയ്ക്കുന്നതിനുള്ള ഒരുപാട് ശ്രമങ്ങൾ കാണാമെന്നും സമർഥിക്കുകയുണ്ടായി.ശരീരകാമനകളുടെ വീണ്ടെടുപ്പിലൂടെ മനുഷ്യരെ ആത്മാവിന്റെ തടവറയിൽനിന്നു മോചിപ്പിക്കുക എന്നുള്ളതാണ് സ്ത്രീപക്ഷചിന്തകളുടെ ഉദ്ദേശ്യം. അതിന് ഒന്നാമതായി വേണ്ടത് സ്ത്രീ/പുരുഷൻ എന്ന രീതിയിലുള്ള ലിംഗപദവിയെ ഉപേക്ഷിക്കലാണെന്നും ടീച്ചർ വ്യക്തമാക്കി.ശരീരത്തെക്കുറിച്ചുള്ള സ്ത്രീവാദചിന്തകളെ പരിശോധിക്കുമ്പോൾ അതിന് മൂന്ന് ഘട്ടങ്ങളാണ് കാണാൻ കഴിയുന്നത്.സമത്വവാദികൾ,സാമൂഹ്യനിർമ്മാതാക്കൾ,ലൈംഗികവ്യതിയാനങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ ധാരകളിലൂന്നി നില്ക്കുന്നു സ്ത്രീവാദചിന്താപരിസരം.ലിംഗപദവിയെക്കുറിച്ചുള്ള വിവിധകാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. ട്രാൻസ്ജെൻഡർ ശരീരത്തെയും അതിന്റെ പ്രശ്നപരിസരത്തെയും വരെ ചർച്ചയിൽ കൊണ്ടുവന്നു .തുടർന്ന് സാംസ്കാരികപരിസരങ്ങളിൽ ലിംഗപദവി നിർമ്മിക്കപ്പെടുന്നതെങ്ങനെയെന്ന് വിവിധ വ്യവഹാരങ്ങളിലെ ശരീരനിർമ്മിതികളെയും അടയാളപ്പെടുത്തലുകളെയും മുൻനിർത്തി വിശദമായി സംസാരിച്ചു.സ്ത്രീവാദം സത്താപരമായ ഒന്നായതുകൊണ്ടുതന്നെ അതിന്റേതായ പരിമിതികൾ ഉണ്ടെന്നും ടീച്ചർ വ്യക്തമാക്കി.ശരീരം എന്നത് നിർവചനാതീതമാണെന്നും അതിന് പുതിയപുതിയ പാഠങ്ങൾ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും സ്ഥാപിക്കുകയും ചെയ്തു.ശരീരം വ്യത്യസ്ത കർതൃത്വങ്ങളായി വാർത്തെടുക്കപ്പെടുന്നതിനെക്കുറിച്ച് വളരെ കുറഞ്ഞ സമയംകൊണ്ടുതന്നെ വിശാലമായും ചിന്തോദ്ദീപകമായും കൃത്യതയോടെ പ്രതിപാദിക്കാൻ അവതാരകയ്ക്ക് കഴിഞ്ഞു.

അവതരണത്തിനുശേഷം ശ്രീശങ്കരാകോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും ഗവേഷകയുമായ ഡിസ്കസന്റ് ലക്ഷ്മിപ്രിയ.എം.ആർ ചർച്ച നയിച്ചു.ചാറ്റ്ബോക്സിലും യു ട്യൂബ് ലിങ്കിലുമായി ഉയർന്നുവന്ന ചോദ്യങ്ങൾക്ക് വളരെ വ്യക്തമായി ബ്രില്ലിടീച്ചർ മറുപടിയും നല്കി. തുടർന്ന് ഡിസ്കസൻറ് ഡോ.ബ്രില്ലിറാഫേലിന് ആശംസകൾ നേർന്നു. സെന്റ്.ജോസഫ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും ഗവേഷണകേന്ദ്രത്തിലെ ഗൈഡും സംഘാടകയുമായ ഡോ.ജെൻസി.കെ.എ.യുടെ നന്ദിപ്രകാശനത്തോടെ വെബിനാറിന് സമാപനം കുറിച്ചു.

**ഗുണഭോക്താക്കൾ**

യൂട്യൂബിലും ഗൂഗിൾ മീറ്റിലുമായി ഗവേഷകർ, അധ്യാപകർ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിങ്ങനെ വിഭിന്ന തുറകളിൽപ്പെട്ട 170 പേർ പരിപാടിയിൽ സംബന്ധിച്ചു.

**9.(1).കെ കെ ടി എം ഗവ.കോളേജ് അബ്ദുറഹ്മാൻ സാഹിബ് സ്മാരക മലയാളഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 5 മുതല് ആരംഭിച്ച ഗവേഷണവിദ്യാർത്ഥികളുടെ**

**പ്രതിവാര വെബിനാറിലെ ആദ്യദിനമായ ഓഗസ്റ്റ് 5 ബുധനാഴ്ച ഉച്ചക്ക് 3.30 ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട്**

കെ കെ ടി എം ഗവ.കോളേജ് മലയാളവിഭാഗം ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തില് ഓഗസ്റ്റ് 5 മുതല് ആരംഭിച്ച ഗവേഷണ വിദ്യാർത്ഥികളുടെ പ്രതിവാര വെബിനാറിന്റെ ആദ്യ ദിനമായ ഓഗസ്റ്റ് 5 ബുധനാഴ്ച യിലെ വെബിനാര് ഉച്ചക്ക് 3.30 ന് മോഡറേറ്റര് ഹീര ടി എം ( ഗവേഷക) ന്റെ അധ്യക്ഷതയിൽ നടന്നു. ഗവേഷക അർഷിത കെ എ സ്വാഗതം പറഞ്ഞു. 'മൊഹല്ല അസിയുടെ രാഷ്ട്രീയം പൊതുവായന' എന്ന വിഷയത്തിൽ ഗവേഷകനായ ഷിബിൻ ബി പ്രബന്ധാവതരണം നടത്തി.



മതം ഇന്ത്യൻ രാഷ്ട്രീയത്തില് പ്രത്യക്ഷമായും പരോക്ഷമായും നിരന്തരം ഇടപെടലുകള് നടത്തിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇതിന് നമ്മുടെ രാഷ്ട്രീയത്തിൽ ആഴത്തിലുള്ള വേരുകൾ ഉണ്ടെന്ന് നമുക്കറിയാം. ഇന്ത്യയിലെ അയോധ്യ - രാമജന്മഭൂമി - ബാബറി മസ്ജിത് ഭൂമിതർക്കം ഇത്തരത്തിലുള്ള സങ്കീർണ്ണ വിഷയമാണെന്നും ,നേരിട്ടല്ലെങ്കിലും പരോക്ഷമായി ഈ പ്രശ്നം ചർച്ച ചെയ്യുന്ന സിനിമയാണ് മൊഹല്ല അസി ഷിബിന് വിശദീകരിച്ചു. മാത്രമല്ല 1990 ല് ബാബറി മസ്ജിത് തകർത്ത കർസേവക സമിതി എങ്ങനെയാണ് രൂപികരിക്കപ്പെട്ടതെന്നും,രാഷ്ട്രീയആവശ്യങ്ങൾക്ക വേണ്ടി ഈ സമിതിയെ വാർത്തെടുക്കേണ്ടതിന്റെ ഭരണകൂടത്തിന്റെ തന്ത്രങ്ങളേയും, അതിനു പിറകിലുള്ള രാഷ്ട്രീയ ഇടപെടലുകളെ കുറിച്ചുമാണ് ഷിബിൻ വിശദികരിച്ചത്. മാർക്സിന്റെ

അടിത്തറ മേൽപുര സിദ്ധാന്തമാണ് വിശദീകരണോപാധിയായി തിരഞ്ഞെടുത്തത്. 4.10 ന് പ്രബന്ധാവതരണം അവസാനിച്ചു. ചർച്ചകള് ആരംഭിച്ചു. ഗവേഷക അഞ്ജലി ഡിസ്കസന്റായി ചർച്ചയെ പരിപോഷിപ്പിച്ചു .മലയാള വിഭാഗം അധ്യാപകനായ യാക്കോബ് തോമസ് സാർ വിഷയം ഒരു പിന്തിരിപ്പന് ആയമാണെന്നും. അടിത്തറ മേൽപ്പുര സിദ്ധാന്തത്തിന്റെ ആവശ്യകതയില്ലായ്മയേയും ചൂണ്ടിക്കാണിച്ചു. ജാതിയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവിനെ സാര് ചൂണ്ടിക്കാണിച്ചപ്പോള്, വേർതിരിവിനടിസ്ഥാനം സാമ്പത്തികം കൂടിയാണെന്ന് ഷിബിന് ബി യും ,ഗവേഷകയായ സിന്റോ കോങ്കോത്തും അഭിപ്രായപ്പെട്ടു. പിന്നീട് ഗവേഷകരായ ഷീന എസ് ,അംബിക കെ കെ എന്നിവരും ചർച്ചയെ വിപുലമാക്കി. മലയാള വിഭാഗം അധ്യാപകനായ മുഹമ്മദ് ബഷീർ കെ കെ പ്രബന്ധ വിഷയത്തിന്റെ ലക്ഷ്യമില്ലായ്മയെ ചോദ്യം ചെയ്തു. തുടർന്ന് മോഡറേറ്റർ വിഷയത്തിന് നേരിട്ടുള്ള പോരായ്മകള് പരിഹരിച്ച് പ്രബന്ധത്തെ ലക്ഷ്യപ്രാധാന്യത്തോടെ വീണ്ടും തിരുത്തേണ്ട ആവശ്യകതയെ കുറിച്ച് ഓർമ്മിപ്പിച്ച് കൃത്യം 4.30 ന് നന്ദി പറഞ്ഞു കൊണ്ട് വെബിനാര് അവസാനിപ്പിച്ചു.

**10.കവിതയ്ക്കൊപ്പം**



കെ.കെ.ടി.എം. ഗവ കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തില് 7/8/2020-ന് കവിതാ വായനയും ചർച്ചയും നടത്തുകയുണ്ടായി.രണ്ടാം വർഷ മലയാള ബിരുദവിദ്യാർത്ഥികളുടെ നേതൃത്വത്തില് മലയാളത്തിലെ ഉത്തരാധുനിക കവിയായ പി.രാമന്റെ കവിതകൾ വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. തിരൂർ ഗവ.കോളേജ് മലയാളവിഭാഗം അധ്യാപകൻ ദയാനന്ദന് കെയുടെ 'പി.രാമൻ - കവിയോ കവിതയോ' എന്ന വിഷയത്തിൽ ഉദ്ഘാടന പ്രഭാഷണം നടത്തുകയുണ്ടായി. പി രാമന്റെ അത്തറു കുട്ടി എന്ന കവിത അഖില പി എസും കൊടിയുയർത്തല് എന്ന കവിത വിസ്മയ സി വിയും എഴുന്നെള്ളത്ത് എന്ന കവിത അരുന്ധതി കെ. ആറും അവതരിപ്പിച്ചു. രാമന്റെ കാവ്യലോകത്തെ കുറിച്ച് ഇമ്മാനുവല് പി.എം സംസാരിക്കുകയുണ്ടായി. കവിതയ്ക്കൊപ്പം

കോർഡിനേറ്റര് ഡോ. ധന്യ എസ് പണിക്കർ സ്വാഗതമാശംസിച്ചു. വകുപ്പദ്ധ്യക്ഷ ഡോ.ജി.ഉഷാകുമാരി രാമന്റെ കവിതകളെ കുറിച്ച് സംസാരിച്ചു. മലയാള വിഭാഗത്തിലെ മുഴുവൻ അദ്ധ്യാപകരും 40 ഓളം ബിരുദ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കാളികളായി.

**11. 2020 ഓഗസ്റ്റ് 10 മലയാള വിഭാഗം റിസേർച്ച് ജേർണല് മലയാളപ്പച്ചയുടെ ഒമ്പതാം ലക്കം യാത്ര: സംസ്കാരം, രാഷ്ട്രീയം പ്രസിദ്ധീകരിച്ചു**



**12.കെ കെ ടി എം അബ്ദുറഹ്മാൻ സാഹിബ് സ്മാരക ഗവേഷണ കേന്ദ്രത്തിന് ആഭിമുഖ്യത്തില് ഓഗസ്റ്റ് 12 ബുധനാഴ്ച വൈകുന്നേരം 4ന് നടന്ന പ്രതിവാര വെമ്പിനാറിന്റെ റിപ്പോർട്ട്**



കെ കെ ടി എം ഗവ. കോളേജ് മലയാളവിഭാഗം ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തില് ഓഗസ്റ്റ് 12 ബുധനാഴ്ച വൈകുന്നേരം 4ന് ഗവേഷണ വിദ്യാർഥികളുടെ പ്രതിവാര വെമ്പിനാര് മോഡറേറ്റര് ലിനി കെ.എൽ (ഗവേഷക) . ന്റെ അധ്യക്ഷതയിൽ നടന്നു.ഗവേഷക അർഷിത കെ എ സ്വാഗതം പറഞ്ഞു. 'ഇരിങ്ങാലക്കുട : ദേശവും സംസ്കാരവും 'ഞാൻ ഇന്നസെന്റ്' എന്ന ആത്മകഥയെ മുൻനിർത്തിയുള്ള വായന' എന്ന

വിഷയത്തിൽ ഗവേഷകയായ സിന്റൊ കോങ്കോത്ത് പ്രബന്ധാവതരണം നടത്തി. ഒരു വ്യക്തിയുടെ ജീവിതാനുഭവങ്ങൾ ഓർമ്മകളെ അടയാളപ്പെടുത്തുന്നവയാണ് ആത്മകഥ കള് . സ്വയം നിർമ്മിക്കുന്ന ജീവചരിത്രങ്ങൾ ആ വ്യക്തിയുടെ മാത്രമല്ല അയാള് ഉൾപ്പെടുന്ന സമൂഹത്തിന്റെ കൂടി ചരിത്രമാകുന്നു. ആത്മകഥകളിൽ മുൻപു ജീവിച്ചിരുന്ന പലരുടെയും ജീവിതങ്ങള് കാണാന് സാധിക്കും. അവരുടെ ജീവിത അനുഭവങ്ങളും വ്യത്യസ്ത വ്യവഹാരങ്ങളും കൂടി കടന്നു വരുന്നതോടെ ഒരു പ്രദേശത്തിന്റെ സംസ്കാരത്തെ നിർണ്ണയിക്കുന്ന ഒന്നായി ആത്മകഥ രൂപാന്തരം പ്രാപിക്കുന്നു. എന്ന് സിന്റൊ വിശദീകരിച്ചു. ഇരിഞ്ഞാലക്കട പ്രദേശത്തിന്റെ ഭാഷാശൈലി ഹാസ്യത്തിലൂടെ അവതരിപ്പിച്ചുകൊണ്ട് മലയാള സിനിമയില് ശ്രദ്ധേയമായ സ്ഥാനം നേടിയ വ്യക്തിയാണ് ഇന്നസെന്റ്. അറിയപ്പെടുന്ന അഭിനേതാവാകുവരെയുള്ള അദ്ദേഹത്തിന്റെ ജീവിതത്തെ ആണ് 'ഞാൻ ഇന്നസെന്റ്' എന്ന ആത്മകഥയിൽ അദ്ദേഹം പറയുന്നത്. അമ്പതുകളിലേയും അറുപതുകളിലേയും ഇരിങ്ങാലക്കടയെ ഈ ആത്മകഥയില് നിന്നും എങ്ങനെ മനസ്സിലാക്കാം എന്നാണ് സിന്റെ വിശദീകരിച്ചത്. ഭൂമിശാസ്ത്രവും പ്രാദേശികവുമായ വേർതിരിവുകളിലൂടെയാണ് ഇരിങ്ങാലക്കടയിലെ പ്രകൃതി, കാർഷിക-കച്ചവട സംസ്കാരങ്ങള് , മങ്ങാടിക്കുന്നിന്റെചരിത്രം, രാഷ്ട്രീയ ചർച്ചകള്, ആഘോഷങ്ങള് എന്നിവയെ കുറിച്ചെല്ലാം സിന്റൊ വിശദീകരിച്ചു. 4.45 ന് പ്രബന്ധാവതരണം അവസാനിച്ചു. ചർച്ചകള് ഡിസ്കസന്റ് ആയ ഗവേഷക അംബിക നയിച്ചു. ഷിബിൻ, ഹീര, സൗമ്യ എന്നിവർ ചർച്ചയെ വിപുലമാക്കി അധ്യാപകനായ യാക്കോബ് തോമസ് സാര് ഉന്നത ക്രൈസ്തവ ചിന്തയിലൂടെ മാത്രമാണ് ഇന്നസെന്റ് സംസാരിച്ചത്. അത് മാത്രമാണ് ഇരിങ്ങാലക്കടയുടെ ചരിത്രം എന്നുള്ള രീതിയിലേക്ക് കൊണ്ടുവരുന്നത് തെറ്റായ പ്രവണതയാണ് എന്നും പറഞ്ഞു. അധ്യാപിക ഡോ.ജി.ഉഷാകുമാരിടീച്ചറും ദീപടീച്ചറും ചർച്ചയില് കാര്യമാത്രമായ ഇടപെടലുകള് നടത്തി തുടർന്ന് വിഷയത്തില് ഉൾപ്പെടുത്ത്താ അക്കാലത്തെ ഇരിങ്ങാലക്കടയുടെ സംസ്ക്കാരത്തെ കൂടി ഉൾപ്പെട്ടു ത്തിയുള്ള സമഗ്രപഠനം പ്രബന്ധത്തിന്റെ ആധികാരികതയ്ക്ക് ഉതകുന്ന താ ണെന്ന് പറഞ്ഞു കൊണ്ട് മോഡറേറ്റർ ചർച്ചയെ ക്രോഡീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും മോഡറേറ്റര് നന്ദി പറഞ്ഞുകൊണ്ട് 5.15 ന് വെബിനാർ അവസാനിപ്പിച്ചു.

മലയാളവിഭാഗത്തിലെ മുഴവന് അദ്ധ്യാപകരും 13 ഗവോഷണവിദ്യാർത്ഥികളും പരിപാടിയില് പങ്കാളികളായി.

## 13. മലയാളവിഭാഗവും സായാഹ്ന ഫൗണ്ടേഷനും സംയുക്തസംരംഭം

### 'കോവിഡ് കാലത്ത് ഇ-വായനയ്ക്ക് ഫോൺപതിപ്പുകള് '



കെ.കെ.ടി.എം. ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗവും സായാഹ്ന ഫൗണ്ടേഷനും സംയുക്തമായി തനതു മലയാളലിപിയിൽ ഇ -വായന സാധ്യമാക്കുന്ന പൊതു സംരംഭത്തിന് തുടക്കം കുറിച്ചു. 2020 ഓഗസ്റ്റ് 12- ആം തീയതിയാണ് കൂട്ടായ്മ നിലവില് വന്നത്.


**ഫോൺ പതിപ്പുകള്**

തനതു മലയാളലിപിയിൽ മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളില് ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനില് തന്നെ വായിക്കുവാന് തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകള് ചിട്ടപ്പെടുത്തിയിരിക്കുന്നത്.സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്.

എല്ലാ ദിവസവും പുലർച്ചെ തന്നെ ആ ദിവസത്തെ വായനക്കുള്ള പുതിയ രചനകളും പഴയ രചനകളും അപൂർവ രചനകളും അച്ചടിയിൽ ഇല്ലാത്ത രചനകളും പ്രസിദ്ധീകരിച്ചുകൊണ്ട് അപൂർവ്വമായ വായനാനുഭവമാണ് സായാഹ്ന ഒരുക്കുന്നത്. ഒപ്പം മലയാളം കമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെട്ട പുതിയ തനതുലിപികളെ അനുഭവിച്ചറിയാനും വിദ്യാർഥികൾക്ക് ഇതിലൂടെ അവസരം ലഭിക്കുന്നു. സാഹിത്യ,സാംസ്കാരിക സാമൂഹിക മേഖലകളിലെ പ്രഗൽഭ വ്യക്തികളുമായി ആശയവിനിമയം നടത്താനും അവരുടെ പ്രതികരണങ്ങള്, വായനക്കുറിപ്പുകള് , ആസ്വാദനക്കുറിപ്പുകൾ എന്നിവ വായിക്കാനും അവരുമായി സംവദിക്കാനും ഈ കൂട്ടായ്മയിലെ പങ്കാളികൾക്ക് അവസരം ലഭിക്കുന്നു. ഇതിനകം ഇരുന്നൂറോള പുസ്തകങ്ങളും ഒരുപാട് രചനകളും സായാഹ്ന ലഭ്യമാക്കി കഴിഞ്ഞു. അവയെല്ലാംതന്നെ ആർക്കൈവ് ചെയ്യുന്നുമുണ്ട്.

ഈ വാട്സാപ്പ് കൂട്ടായ്മയില് വായനയില് തൽപരരായ അധ്യാപകര്, ഗവേഷകര്, അനധ്യാപകര്,കോളേജിലെ എല്ലാ വിഭാഗത്തിലെയും വിദ്യാർത്ഥികള് മുന് അധ്യാപകര് തുടങ്ങി കവി സച്ചിദാനന്ദന്, കെ.ജി.ശങ്കരപ്പിള്ള, കേശവൻ വെളുത്താട്ട്, പി.പി.രാമചന്ദ്രൻ, പി.രാമൻ, വത്സലന് വാതുശ്ശേരി തുടങ്ങി ആയിരത്തിലേറെ പേര് വിവിധ ഗ്രൂപ്പുകളിൽ അംഗങ്ങളാണ്. കോവിഡ് കാലത്തും വായനയും ജ്ഞാനാർജ്ജനവും ക്രിയാത്മകമായി നിലനിർത്തുക എന്ന ഉദ്ദേശ്യത്തിന്റെ സാക്ഷാത്കാരമാണ് സായാഹ്നയുടെ ഇ-വായനയ്ക്കുള്ള ഫോൺ പതിപ്പുകള്.

## 14.കെ.കെ.ടി.എംഗവൺമെന്റ് കോളേജിലെ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മലയാള ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14 ന് നടന്ന അബ്ദുറഹിമാൻ അനുസ്മരണ വെബിനാറിന്റെ റിപ്പോർട്ട്.




ധീരദേശാഭിമാനിയും സ്വാതന്ത്ര്യ സമരസേനാനിയുമായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ 75-ാം ചരമ വേളയിൽ കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മലയാള ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14 വ്യാഴാഴ്ച 3 PMന് മുഹമ്മദ് അബ്ദുറഹിമാൻ അനുസ്മരണ വെബിനാർ നടന്നു.



വെബിനാറിന്റെ അദ്ധ്യക്ഷത വഹിക്കുന്ന ഡോ.മുഹമ്മദ് സെയ്ത്, ഉദ്ഘാടനം നിർവ്വഹിക്കുന്ന അധ്യാപകനും ചരിത്ര ഗവേഷകനുമായ ശ്രീ.കാതിയോളം അബൂബക്കർ മാസ്റ്റർ, മുഖ്യ പ്രഭാഷണം നടത്തുന്ന എഴുത്തുകാരനും സീനിയർ ജേണലിസ്റ്റുമായ ശ്രീ.എൻ.പി ചേക്കുട്ടി എന്നിവരെ മലയാള വിഭാഗം വകുപ്പധ്യക്ഷ ഡോ.ജി.ഉഷാകുമാരി ടീച്ചർ വിശദമായി പരിചയപ്പെടുത്തുകയും ഔപചാരികമായി പരിപാടിയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. തുടർന്ന് അദ്ധ്യക്ഷൻ ഡോ.മുഹമ്മദ് സെയ്ത് സംസാരിച്ചു. "ഹൃദയത്തിൽ എന്നും സൂക്ഷിക്കുന്ന ആശയവും സ്വപ്നവുമാണ് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്. ജീവിച്ചിരുന്ന കാലഘട്ടത്തിനേക്കാൾ സാഹിബിനെ ആവശ്യം ഇന്നത്തെ സമൂഹത്തിനാണ്.സാഹിബിനെ പോലെ പത്ത് പേരെങ്കിലും സമര പോരാട്ടങ്ങളിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇസ്ലാം എന്തെന്ന് കൃത്യമായി മനസ്സിലാക്കിയതുകൊണ്ടാണ് അദ്ദേഹത്തിന് ദേശീയതയെ ഉൾക്കൊള്ളാന് കഴിഞ്ഞത്.സാഹിബ് മരിച്ചു പോകാതിരിക്കാൻ ഏറ്റവുമധികം ശ്രമിക്കേണ്ടത്

ഭാരതത്തിലെ മുസ്ലിങ്ങളാണ്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് എന്ന ആശയം നാം ഏറ്റെടുക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്" എന്നോർമ്മിപ്പിച്ചു കൊണ്ട് ഡോ.മുഹമ്മദ് സെയ്ത് വെബിനാറിന്റെ ഉദ്ഘാടകനായ കാതിയോളം അബൂബക്കർ മാസ്റ്ററെ സംസാരിക്കുന്നതിനായി ക്ഷണിച്ചു.



സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കിടയിലും മലയാള ഭാഷയെ നെഞ്ചോട് ചേർത്ത മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേര് കെ.കെ.ടി.എം മലയാള ഗവേഷണ വിഭാഗത്തിന് നൽകിയത് അഭിനന്ദനാർഹവും അദ്ദേഹത്തോടുള്ള ആദരസൂചകവുമാണെന്ന് പറഞ്ഞു കൊണ്ടാണ് കാതിയോളം അബൂബക്കർ മാസ്റ്റർ ഉദ്ഘാടന പ്രഭാഷണം ആരംഭിച്ചത്. "കേരളീയർക്ക് പ്രത്യേകിച്ചും കൊടുങ്ങല്ലൂർകാർക്ക് എന്നും അഭിമാനിക്കാവുന്ന വീരപുത്രനാണ് സാഹിബ്. സ്വന്തം സമുദായത്തിന്റെ ശക്തികേന്ദ്രങ്ങളിൽ നിന്നും, വിശ്വസിച്ച പ്രസ്ഥാനത്തിലെ ഒരു വിഭാഗത്തിൽ നിന്നുമുള്ള കഠിനമായ എതിർപ്പുകൾക്കിടയില് നിന്നു കൊണ്ടായിരുന്നു സാഹിബിന്റെ വ്യക്തി ജീവിതവും രാഷ്ട്രീയ ജീവതവും .അതുകൊണ്ടാണ് അദ്ദേഹത്തെ ചരിത്രകാരന്മാർ യവന നാടകത്തിലെ ദുരന്തകഥാപാത്രത്തോടുപമിച്ചത്. വിദ്യാഭ്യാസമുപേക്ഷിച്ച് സ്വാതന്ത്ര്യ സമരത്തിലേക്ക് സജീവമായ അദ്ദേഹത്തിന്റെ ജീവിതം തികച്ചും നാടകീയമായിരുന്നു. പോലീസുകാർ ചതച്ചരച്ച പി.രാമനുണ്ണി മേനോനെ ചുമലിലേറ്റിക്കൊണ്ട് 1921 ലെ ഒറ്റപ്പാലം സമ്മേളന നഗരിയിലേക്ക് ജനാരവത്തോടെ കടന്നുവന്നു കൊണ്ടാണ് അബ്ദുറഹിമാൻ തന്റെ രാഷ്ട്രീയ സമരമാരംഭിച്ചത്. പ്രസിദ്ധമായ ഉപ്പുസത്യാഗ്രഹത്തിൽ പി.കൃഷ്ണപിള്ള, കെ.പി രാമസ്വാമി അയ്യർ, കെ.കേളപ്പൻ, വൈക്കം മുഹമ്മദ് ബഷീർ എന്നിങ്ങനെ 45-ഓളം സമുന്നത നേതാക്കളുടെ അകമ്പടിയോടെ പങ്കെടുത്ത സാഹിബിന്റെ 'പിരിഞ്ഞു പോകില്ലെന്ന' സിംഹഗർജ്ജനം പോലീസുകാരെ പ്രകോപിതരാക്കി. ഉപ്പുസത്യാഗ്രഹത്തിൽ സാഹിബ് ശക്തിയുക്തം ശബ്ദമുയർത്തി നിന്നു. ഖിലാഫത്ത് പ്രസ്ഥാനം അക്രമാസക്തമായ വർഗ്ഗീയ കലാപമായി അടിച്ചമർത്തപ്പെട്ടതിനെ തുടർന്ന് നൈരാശ്യത്തിലേക്ക് എത്തിച്ചേർന്ന മാപ്പിള സമുദായത്തെ വീണ്ടും ദേശീയ പ്രസ്ഥാനത്തിലേക്ക് എത്തിച്ചത് അബ്ദുറഹിമാന്റെ ഉജ്ജ്വല വ്യക്തിത്വവും സഹന ശക്തിയുമാണ് .നിസ്സഹകരണ പ്രസ്ഥാനം,ഉപ്പുസത്യാഗ്രഹം തുടങ്ങി മലബാറിലെ എല്ലാ ദേശീയ

സമരങ്ങൾക്കും ശക്തി പകരാൻ സാഹിബിനും അദ്ദേഹത്തിന്റെ അൽ-അമീൻ പത്രത്തിനും സാധിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി അബ്ദുറഹിമാന് സാഹിബിന്റെ പേരിൽ ഉയർന്നു വന്ന നിരവധി സ്മാരകങ്ങളിലൂടെ വ്യാപിക്കുന്ന അദ്ദേഹത്തിന്റെ പെരുമ സാഹിബ് അർഹിക്കുന്നതു തന്നെയാണ്. മതസഹിഷ്ണുതയും പരസ്പരസഹകരണവും ഇഴചേർന്നു നിൽക്കുന്ന കൊടുങ്ങല്ലൂരിന്റെ പഴയ സംസ്കൃതിയിലേക്ക് തിരിച്ചു പോകുന്നതിന് ഇത്തരം കൂട്ടായ്മകള് സഹായിക്കട്ടെ'' എന്നാംശംസിച്ചു കൊണ്ട് കാതിയോളം അബൂബക്കർ മാസ്റ്റർ വെബിനാറിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചു.




തുടർന്ന് മുഖ്യ പ്രഭാഷകനായ ശ്രീ.എൻ.പി ചേക്കുട്ടി സാറിനെ പ്രഭാഷണത്തിനായി ക്ഷണിച്ചു.മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ മരണാനന്തരവും അദ്ദേഹത്തിന്റെ ആശയങ്ങളെയും രാഷ്ട്രീയത്തെയും ചേർത്തു നിർത്തിയത് കോഴിക്കോട് നഗരമാണെന്നും സാഹിബിന്റെ പ്രധാനപ്രവർത്തനമണ്ഡലം കോഴിക്കോടായിരുന്നു എന്നും പറഞ്ഞു കൊണ്ടാണ് ചേക്കുട്ടി സർ പ്രഭാഷണം ആരംഭിച്ചത്.

ഒരു വ്യക്തിയുടെ പേരില് അറിയപ്പെടുന്ന ഗ്രാമങ്ങൾ കേരളത്തിൽ അധികമില്ല. എന്നാൽ മലബാറിൽ 'അബ്ദുറഹിമാൻ നഗർ' എന്ന പേരിൽ ഒരു പ്രദേശമുണ്ട്. ഇങ്ങനെ സാഹിബിന്റെ തിരോധാനത്തിനു ശേഷം അദ്ദേഹത്തിന്റെ ഓർമ്മകള് ഏറ്റവും കൂടുതൽ നിലനിർത്തുന്ന നഗരം കൂടിയാണ് കോഴിക്കോട്.ദേശീയ പ്രസ്ഥാനം മുതലുള്ള എല്ലാ സമരങ്ങൾക്കും സാക്ഷ്യം വഹിച്ച പ്രദേശത്ത് ഇത്രയും സജീവമായി ഓർമ്മിക്കപ്പെടുന്ന മറ്റൊരു നേതാവില്ല. ഇടശ്ശേരി,വൈലോപ്പിള്ളി തുടങ്ങിയ സാംസ്കാരിക പ്രമുഖരായ കവികളെല്ലാം സാഹിബിന്റെ ജീവിതത്തെ കുറിച്ചെഴുതിയ കവിതകളിൽ നിന്നും കേരളത്തിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിൽ അസാധാരണമായ സവിശേഷതകളുള്ള നേതാവാണ് അദ്ദേഹമെന്ന് മനസ്സിലാക്കാം. സാഹിബിന്റെ രാഷ്ട്രീയ വീക്ഷണത്തെയും രാഷ്ട്രീയ ബോധത്തെയും രൂപവത്കരിച്ച ചില ഘടകങ്ങൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കൊടുങ്ങല്ലൂരിന്റെ സ്വാധീനം. ആധുനിക ചരിത്രത്തില വളരെ സങ്കീർണ്ണമായ ആദാന പ്രദാനങ്ങളുടെ സാംസ്കാരിക ഭൂമികയായ കൊടുങ്ങല്ലൂർ ദേശം നൽകിയ സാമൂഹ്യബന്ധങ്ങൾ പൊതുപ്രവർത്തനങ്ങളിലേക്കിറങ്ങുന്നതിനു മുൻപ് സാഹിബിന്റെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിന് ചിന്താപരമായ അടിത്തറ നൽകി. ദേശീയതയെ സംബന്ധിച്ചുള്ള സാഹിബിന്റെ സങ്കല്പം, ഇന്ത്യയുടെ മതേതരസമൂഹത്തിന്റെ സവിശേഷതകളെ കുറിച്ചുള്ള സങ്കല്പം, ഇന്ത്യാ രാജ്യത്തിന്റെ അടിസ്ഥാനപരമായ സ്വഭാവത്തെ കുറിച്ചുള്ള സങ്കല്പം, ഇന്ത്യയിലെ വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളുടെ ഐക്യത്തെ സംബന്ധിച്ച സങ്കല്പം ഇവയെല്ലാം തന്നെ പ്രധാനപ്പെട്ട ആശയമണ്ഡലങ്ങളാണ് നൽകുന്നത്. ഇന്ത്യൻ ദേശീയതയെ സംബന്ധിച്ച അടിസ്ഥാനപരമായ ആശയങ്ങളെല്ലാം തന്നെ വലിയ ഭീഷണി നേരിടുന്ന അന്തരീക്ഷത്തിൽ നാം തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നത് സാഹിബിന്റെ ആശയങ്ങളാണ്. സാമൂഹിക യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ വ്യത്യസ്ത സമൂഹങ്ങളെ എങ്ങനെ യോജിപ്പിച്ചു നിർത്താമെന്ന ചിന്തയാണ് **1923** ലെ അൽ-അമീൻ പത്രം മുതലുള്ള സാഹിബിന്റെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന. കീഴാള- ന്യൂനപക്ഷ- ഇടതു പക്ഷ വിഭാഗങ്ങളെ സംഘടിപ്പിച്ചു കൊണ്ട് ജനകീയതയുടെ അഥവാ ബദലിന്റെ രാഷ്ട്രീയം കേരളത്തിൽ ആദ്യമായി പ്രായോഗികതലത്തിൽ കൊണ്ടുവരികയും വിജയിപ്പിക്കുകയും ചെയ്ത നേതാവാണ് സാഹിബ്. ഇന്നത്തെ ഇന്ത്യൻ ദേശീയതയിൽ ഭൂരിപക്ഷ സമുദായത്തിന്റെ അതിശക്തമായ കടന്നാക്രമണം നടക്കുമ്പോൾ അതിന്റെ ഇരകളാകുന്ന

സാമൂഹ്യ വിഭാഗങ്ങളെയെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് പ്രായോഗികമായ ബദലുകൾ നടത്തിയ സാഹിബ് തിരിച്ചു വരികയാണ്. അതിനാൽ അദ്ദേഹത്തിന്റെ ആശയങ്ങൾ 75-ാം ചരമ വേളയിലും നിറഞ്ഞു നിൽക്കുന്നു "എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ചേക്കുട്ടി സർ പ്രഭാഷണം അവസാനിപ്പിച്ചത്.



പ്രഭാഷണത്തിനു ശേഷം ചർച്ചകള് ആരംഭിച്ചു .

കെ.കെ.ടി.എം കോളേജിലെ മലയാള വിഭാഗം ഗവേഷണ വിദ്യാർത്ഥിയായ അഞ്ജലി മോഹൻ ആണ് ചർച്ചയ്ക്ക് തുടക്കമിട്ടത്. "അബ്ദുള്ളക്കുട്ടിയ പോലുള്ളവർ ദേശീയ മുസ്ലിങ്ങളാകുന്ന മോദി ഭരണകാലത്ത് അബ്ദുറഹ്മാൻ സാഹിബും ദേശീയമുസ്ലിം ആയിരുന്നില്ലേ എന്ന് ചോദിക്കുന്നവരിൽ ജയ് ശ്രീറാമും അല്ലാഹു അക്ബറും ഒന്നു തന്നെയല്ലേ എന്ന തരത്തിലുള്ള സെക്കുലർ ലോജിക് അല്ലേ പ്രവർത്തിക്കുന്നത്?" എന്ന അഞ്ജലിയുടെ ചോദ്യത്തിന് ചേക്കുട്ടി സർ നൽകിയ മറുപടി ഇതാണ്. "ബാലഗംഗാധര തിലകനെയും ഗാന്ധിജിയെയും താരതമ്യപ്പെടുത്തുമ്പോള് ഇന്ത്യൻ ദേശീയതയെ സംബന്ധിച്ച ഈ ഭിന്നത കാണാം. ഇന്ത്യയിലെ ഭിന്നതകളെ അടയാളപ്പെടുത്തിയ ഭൂരിപക്ഷ സമുദായത്തിന്റെ രാഷ്ട്രീയദർശനങ്ങളില് നിന്നും വ്യത്യസ്തമായി ഇന്ത്യയിലെ വ്യത്യസ്ത സമൂഹങ്ങൾക്ക് പങ്കാളിത്തമുള്ള ,എല്ലാവർക്കും തുല്യതയുടെ അന്തരീക്ഷം സംഭാവന ചെയ്യുന്ന പുതിയ ദർശനമാണ് ഗാന്ധിജി മുന്നോട്ടുവെച്ചത്.അബ്ദുള്ളക്കുട്ടിയേ പോലുള്ളവർ ഇന്ത്യൻ ദേശീയതയെ തെറ്റായ രീതിയിലാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇന്ത്യയിലെ വ്യത്യസ്ത വിഭാഗം ജനങ്ങളെ ഉൾക്കൊള്ളുന്ന എല്ലാ വിഭാഗം ആളുകൾക്കും ഇന്ത്യൻ ദേശീയ നിർമ്മിതിയില് പങ്കുകൊള്ളാൻ കഴിയുന്ന ദേശീയതയാണ് ഗാന്ധിജി അവതരിപ്പിച്ചത്. അതു കൊണ്ട് ഗാന്ധിയൻ ആശയങ്ങൾ ഇന്ത്യൻ നിർമ്മാണത്തിന് വളരെ പ്രധാനമാണെന്ന് വിശ്വസിക്കുന്ന ഒരാൾ അബ്ദുള്ള കുട്ടി അവതരിപ്പിക്കുന്ന ദേശീയതയെ എതിർക്കുന്നു. ഗാന്ധിയൻ ദേശീയതയുടെ അന്ത:സ്സാരം മനസ്സിലാക്കാൻ കഴിയാത്തവരാണ് അബ്ദുള്ള കുട്ടിയും അദ്ദേഹത്തെ നയിക്കുന്ന ആളുകളും." എന്ന് ചേക്കുട്ടി സർ വിശദമാക്കി.



യൂസഫ് അലിയാണ് ചർച്ചയില് അടുത്ത ചോദ്യം ഉന്നയിച്ചത്." മുസ്ലിം ഐക്യസംഘവും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും തമ്മിലുള്ള ബന്ധമെന്ത്?പലിശരഹിത ബാങ്കിംഗിനെ സംബന്ധിച്ച സാഹിബിന്റ വീക്ഷണമെന്ത്? എന്നീ ചോദ്യങ്ങളാണ് യൂസഫലി ചോദിച്ചത്. മുസ്ലിംഐക്യസംഘവും സാഹിബും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ചേക്കുട്ടി സർ പറഞ്ഞത് ഇങ്ങനെയാണ്. "മുസ്ലിം സമുദായത്തിന്റെ കേരളീയ നവോത്ഥാനത്തിൽ എറിയാട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഐക്യസംഘം വളരെ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തിന്റെ മൊത്തം സമൂഹത്തിനകത്ത് ആ പങ്കിനെ കൊണ്ടുവരുവാനും അൽ-അമീൻ

പത്രത്തിന്റെ പ്രവർത്തനത്തിലൂടെ അതിന് ശക്തമായ ഒരടിത്തറ നൽകാനും സാഹിബിന് സാധിച്ചിട്ടുണ്ട്. എന്നാല് ഐക്യസംഘത്തിന്റെ സജീവ പ്രവർത്തകന് എന്ന നിലയിൽ സാഹിബിനെ കാണാൻ കഴിയില്ല.

പലിശരഹിത ബാങ്കിംഗിനെ സംബന്ധിച്ച സാഹിബിന്റെ വീക്ഷണമെന്തെന്ന ചോദ്യത്തിന് ചേക്കുട്ടി സാർ നൽകിയ മറുപടി ഇങ്ങനെയാണ്: ''പലിശരഹിത ബാങ്കിംഗ് സാഹിബിനെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നില്ല. ഇന്ന് വളരെ പ്രധാനപ്പെട്ടതെന്ന തോന്നുന്ന പല ആശയങ്ങളും അന്ന് അത്ര പ്രധാനമായിക്കൊള്ളണമെന്നില്ല.ഫസൽ പൂക്കോയ തങ്ങളുടെ നാടുകടത്തലും അതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ കുടുംബം അനുഭവിച്ചിരുന്ന പ്രതിസന്ധികളും സാഹിബിനെ അലട്ടിക്കൊണ്ടിരിക്കുന്ന കാലത്ത് തങ്ങളെ തിരിച്ചു കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ക്യാമ്പെയിനുകൾക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. അതു കൊണ്ടു തന്നെ പലിശരഹിത ബാങ്കിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് സാഹിബ് വേണ്ടത്ര ശ്രദ്ധ നൽകിയിരുന്നില്ല.''

**1921** കാലഘട്ടത്തില് മുസ്ലിം സമുദായം നിരക്ഷരരായിരുന്ന എന്ന് ചേക്കുട്ടി സർ പറഞ്ഞതിനോടും മലബാറിലെ ദേശീയ സ്വാതന്ത്ര്യസമരത്തെ മലബാർ കലാപം എന്ന് സംബോധന ചെയ്തതിനോടും യൂസഫലി വിയോജിപ്പ് പ്രകടിപ്പിച്ചു. '' മുസ്ലിം സമുദായത്തിന്റെ സാക്ഷരതയെ ഒരു കാലത്തും താൻ ചോദ്യം ചെയ്യാന് ശ്രമിച്ചിട്ടില്ലെന്നും ആധുനിക ആശയങ്ങളുമായി സംവദിക്കുന്നതിൽ അക്കാലത്ത് പലപ്പോഴും മുസ്ലിം സമുദായത്തിലെ പല വിഭാഗങ്ങൾക്കും പല പരിമിതികളുമുണ്ടായിരുന്നെന്നുമാണ്'' താൻ ഉദ്ദേശിച്ചതെന്ന് ചേക്കുട്ടി സർ വ്യക്തമാക്കി. മലബാർ കലാപം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന എന്ന് താൻ പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ശേഷം മുസ്ലിം ഐക്യസംഘവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ഡോ.മുഹമ്മദ് സെയ്ത് പങ്കുവെച്ചു. '' കൊടുങ്ങല്ലൂരും പരിസര പ്രദേശങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ലായിരുന്ന ഐക്യസംഘത്തിന്റെ പ്രവർത്തനം. കേരളത്തിലെ മുഴുവൻ മുസ്ലിങ്ങളെയും ഉൾക്കൊള്ളാവുന്ന വിധത്തിലുള്ള നവോത്ഥാന പ്രസ്ഥാനമായിരുന്ന ഇത്. മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ **12** വർഷക്കാലം നിലനിന്ന ഐക്യ സംഘത്തിന്റെ അവസാന മീറ്റിംഗ് നടന്നത് കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തില് വെച്ചാണ്. അവസാന മീറ്റിംഗിൽ മാത്രമാണ് അബ്ദുറഹിമാൻ സാഹിബ് പങ്കെടുത്തത്. കേരള മുസ്ലിം മജ്ലിസിലേക്ക് ഐക്യസംഘത്തെ ലയിപ്പിച്ചത് സാഹിബിന്റെ നേതൃത്വത്തിലാണ്. ദേശീയ സമരത്തിൽ ഐക്യസംഘം സജീവമായി പങ്കെടുത്തിരുന്നില്ല. ലീഗിനോട് ചായ്വുള്ള സമീപനമാണ് അവർ പുലർത്തിയത്. ഐക്യസംഘവും സാഹിബും തമ്മിലുള്ള ബന്ധം അതുകൊണ്ടുതന്നെ അത്ര സുഗമമായിരുന്നില്ല. കൊടുങ്ങല്ലൂരിലെ മുസ്ലിങ്ങളിൽ **95%** വും ദേശീയതയുടെയും കോൺഗ്രസിന്റെയും കൂടെ നിൽക്കുന്നവരായിരുന്ന '' തുടങ്ങിയ കാര്യങ്ങളാണ് സെയ്ത് ഡോക്ടർ പങ്കുവെച്ചത് .

ചർച്ചയിലെ അവസാന ചോദ്യം കെ.കെ.ടി.എം കോളേജിലെ മലയള വിഭാഗം ഗവേഷകയായ ഷീന.എസിന്റേതായിരുന്ന. ''കോൺഗ്രസിലെ സവർണ്ണമേധാവിത്വമാണോ**,** മലബാർ സമരത്തിൽ ' എന്റെ നാട് മാപ്പിളനാട്' എന്ന പറഞ്ഞ സാഹിബിനോടുള്ള വർഗ്ഗീയ മനോഭാവമാണോ താൻ വിശ്വസിച്ചിരുന്ന രാഷ്ട്രീയത്തില് നിന്നും മാറി ഒരു ബദൽ രാഷ്ട്രീയം കെട്ടിപ്പടുക്കാൻ സാഹിബിനെ പ്രേരിപ്പിച്ചത്**?** '' എന്നതായിരുന്ന ഷീനയുടെ ചോദ്യം.

**1921**ന ശേഷമുള്ള മലബാറിന്റെ രാഷ്ട്രീയത്തെ പുന:പരിശോധിക്കേണ്ടതുണ്ടെന്ന് ചേക്കുട്ടി സർ സൂചിപ്പിച്ചു. ''ലീഗുമായി ഒരുമിച്ചു പോകാനോ കോൺഗ്രസിനകത്തുള്ള വരേണ്യ വിഭാഗങ്ങളുമായി യോജിക്കാനോ സാഹിബിന് കഴിഞ്ഞിരുന്നില്ല. അതാണ് വ്യത്യസ്തമായ ഒരു ബദൽ രാഷ്ട്രീയം കെട്ടിപ്പടുക്കാൻ സാഹിബിനെ പ്രേരിപ്പിച്ചത്.എന്നാൽ ഇടതുപക്ഷവുമായി കൂടിച്ചേർന്ന രാഷ്ട്രീയ സഖ്യം അധികകാലം നീണ്ടുനിന്നില്ല. എങ്കിലും **1937-39** കാലഘട്ടത്തിൽ രൂപപ്പെടുത്തിയ ഈ രാഷ്ട്രീയ സഖ്യം മുഖ്യധാരാ വരേണ്യ രാഷ്ട്രീയത്തിനെതിരെ കെ.കുഞ്ഞിക്കണ്ണനെ പോലുള്ളവരെ ചേർത്തു നിർത്തി കൊണ്ട് കീഴാള രാഷ്ട്രീയത്തിലൂടെ ശക്തമായ പ്രതിരോധം സൃഷ്ടിക്കാൻ സാധിച്ചു എന്നതാണ് ഇതിന്റെ പ്രസക്തി '' എന്ന് ചേക്കുട്ടി സർ വിശദമാക്കി.ഇതോടു കൂടി ചർച്ച അവസാനിച്ചു.

തുഞ്ചൻ മെമ്മോറിയൽ ഗവ.കോളേജ് അസിസ്റ്റന്റ് പ്രൊഫസറും കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ ഗവേഷകയുമായ ഷീന.എസ് ഔപചാരികമായ കൃതജ്ഞത രേഖപ്പെടുത്തി. യൂട്യൂബിലും ഗൂഗിൾമീറ്റിലുമായി **150**-ലധികം പേർ പങ്കെടുത്ത വെബിനാർ **5** മണിയ്ക്ക് അവസാനിച്ചു.**13.ഫെമിനിസങ്ങൾ-**

**15.(1) വെബിനാർ റിപ്പോർട്ട്**

**കൊടുങ്ങല്ലൂർ കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തില് ആഗസ്റ്റ് 25 മുതൽ 29 വരെ 'ഫെമിനിസങ്ങൾ' എന്ന പേരില് നടത്തുന്ന വെബിനാര് പരമ്പരയുടെ ഒന്നാം ദിവസമായ ആഗസ്റ്റ് 25 ചൊവ്വാഴ്ച്ച രാവിലെ 10.30 ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട്.**



കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ ഫെമിനിസങ്ങള് എന്ന പേരില് ആഗസ്റ്റ് 25 മുതല് 29 വരെ നടക്കുന്ന വെബിനാര് പരമ്പരയിലെ ഒന്നാം ദിവസത്തെ അവതരണം ആഗസ്റ്റ് 25 ചൊവ്വാഴ്ച രാവിലെ 10.30 ന് മലയാള വിഭാഗം അധ്യക്ഷ ഡോ.ജി ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. ആക്ടീവിസ്റ്റും ഇസ്ലാമിക ഫെമിനിസത്തിൽ പഠനം നടത്തുന്നതുമായ ഉമ്മുല് ഫായിസയെ ഉഷാകുമാരി ടീച്ചര് പരിചയപ്പെടുത്തുകയും സ്വാഗതമരുളകയും ചെയ്തു. ഉമ്മുൽ ഫായിസ വെബിനാര് പരമ്പര ഉദ്ഘാടനം ചെയ്ത് കൊണ്ട് ഇസ്ലാമിക ഫെമിനിസം വികാസപരിണാമങ്ങൾ എന്ന വിഷയത്തില് പ്രഭാഷണം നടത്തി.



ഫെമിനിസം അഥവാ സ്ത്രീവാദം എല്ലാകാലത്തും ഏറെ ചലനങ്ങള് സൃഷ്ടിച്ച ഒരു പ്രത്യയശാസ്ത്രമാണ്. നിലവിലുള്ള സമൂഹത്തിൽ സ്ത്രീകള് വലിയ രീതിയിലുള്ള വിവേചനങ്ങളും അടിച്ചമർത്തലുകളും അനുഭവിക്കുന്നുണ്ടെന്നുള്ള കണ്ടെത്തലിന്റെ ഭാഗമായി രൂപപ്പെട്ട വിമോചനആശയത്തെയാണ് ഫെമിനിസം അടയാളപ്പെടുത്തുന്നത്. ഫെമിനിസമെന്നത് ഒന്നല്ല ഫെമിനിസങ്ങളാണെന്ന് പറഞ്ഞുകൊണ്ടാണ് ഉമ്മുല് ഫായിസ പ്രഭാഷണം ആരംഭിച്ചത്. ഇസ്ലാമിക ഫെമിനിസത്തെ അതിന്റെ ചരിത്രത്തിൽ നിന്ന് വിശകലനം നടത്തി ഇന്ന് ഈ മേഖല എവിടെയെത്തി നിൽക്കുന്നുവെന്നും പരിശോധിക്കാനുള്ള ഒരു ശ്രമമാണ് ഉമ്മുല് ഫായിസ നടത്തിയത്. ലിംഗസമത്വം, മതേതരത്വം എന്നിവ ഇസ്ലാമിക ഫെമിനിസത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വ്യത്യസ്തങ്ങളായ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം ഇസ്ലാമുമായി ബന്ധപ്പെട്ടുണ്ടായ സംവാദത്തോട് കൂടിയാണ് ലിംഗസമത്വം മതേതരത്വത്തിന്റെ പ്രധാന ഘടകമായി മാറിയത്. ലിംഗസമത്വവും മതേതരത്വവും ഇസ്ലാമിനെതിരെ ഒരേ ശബ്ദത്തില് ഏറെ ശക്തിയോടെ വരുന്നത് 2013 സെപ്റ്റംബർ 11 ന് ശേഷമാണ്. ജോൺ സ്കോട്ട് സെക്സ് ആന്റ് സെക്യുലറിസം എന്ന പുസ്തകത്തില് ലിംഗസമത്വം എന്നത് മതേതരത്വത്തിന്റെ അടിസ്ഥാനമാണ് എന്ന വാദം തെറ്റാണെന്നും ഇസ്ലാമിക ഫെമിനിസത്തോട് ഇതിനെ ചേർത്ത് വായിക്കുന്നത് ശരിയല്ലെന്നും വ്യക്തമാക്കുന്നുണ്ട്. ഇസ്ലാം വ്യക്തിയോടൊപ്പം തന്നെ സമുദായത്തെ പരിഗണിക്കുന്ന മതമാണ്. അപ്പോൾ അതിനകത്തു നിൽക്കുന്നവരുടെ അവകാശങ്ങള് എങ്ങനെയാണ് നോക്കി കാണേണ്ടത് ? അവരെ എല്ലാം പുരുഷാധിപത്യമുള്ള വ്യവഹാരത്തിൽ കുടുങ്ങിയവര് എന്ന് പറയുന്നതില് ഒരു അർത്ഥവും ഇല്ല. അതിൽ നിലനിൽക്കുന്ന സ്ത്രീകള് എങ്ങനെ അവിടെ വ്യവഹാരത്തെ നോക്കി കാണുന്നു എന്നതാണ് ചർച്ച ചെയ്യേണ്ടതെന്ന് ഉമ്മുൽ ഫായിസ പറഞ്ഞു. ആധുനിക ഫെമിനിസ്റ്റ് ചിന്തകളിലൂടെ ഇസ്ലാമിനെ സമീപിക്കുന്ന ഒരുപാട് സ്ത്രീകളുണ്ട്. ആമിന വദൂദ്, സബ മഹ്മൂദ് തുടങ്ങിയവരുടെ ഇസ്ലാമിക ഫെമിനിസിസ്റ്റ് പ്രവർത്തനങ്ങളെ പറ്റി ഉമ്മുല് ഫായിസ സംസാരിച്ചു. ഇസ്ലാമിന്റെ പാഠങ്ങളിൽ അല്ല, അതിന്റെ വ്യാഖ്യാനത്തിലാണ് സ്ത്രീവിരുദ്ധതയുടെ പ്രശ്നമുള്ളത്. മാത്രമല്ല വ്യാഖ്യാനിക്കുന്നത് പുരുഷന്മാർ ആയതിനാലാണ് ഇതെല്ലാം പ്രശ്നമാകുന്നതും സ്ത്രീവിരുദ്ധമാകുന്നതുമെന്ന് ഉദാഹരണങ്ങളിലൂടെ ഉമ്മുല് ഫായിസ വ്യക്തമാക്കി. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഇസ്ലാമിക ഫെമിനിസത്തിന്റെ വികാസപരിണാമങ്ങളെ കുറിച്ച് ലളിതമായി കൃത്യതയോടെ പ്രതിപാദിക്കാൻ പ്രഭാഷകക്ക് കഴിഞ്ഞു.

അവതരണത്തിനു ശേഷം ഉഷാകുമാരി ടീച്ചര് ചർച്ച നയിച്ചു. ചാറ്റ് ബോക്സിലും ഗൂഗിള് മീറ്റിലുമായി ഉയർന്നുവന്ന ചോദ്യങ്ങൾക്ക് വ്യക്തമായി ഉമ്മുല് ഫായിസ മറുപടിയും നൽകി. തുടർന്ന് കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാള വിഭാഗം അധ്യാപികയായ ഡോ. ദീപ ബി.എസ് ആശംസകൾ നേർന്നുകൊണ്ട് തുടര് ദിവസങ്ങളിലെ വെബിനാര് വിഷയങ്ങളെ സാമാന്യമായി പരിചയപ്പെടുത്തി. ദീപടീച്ചറുടെ നന്ദി പ്രകാശത്തോടെ വെബിനാർ പരമ്പരയുടെ ഒന്നാം ദിവസം അവസാനിച്ചു.


**ഗുണഭോക്താക്കൾ**

'ഫെമിനിസങ്ങൾ' എന്ന പേരില് ആഗസ്റ്റ് 25 മുതല് 29 വരെ സംഘടിപ്പിക്കുന്ന വെബിനാര് പരമ്പരയുടെ ആദ്യ ദിവസം എം.എ വിദ്യാർത്ഥികള്,ഗവേഷകർ, അധ്യാപകര്, മറ്റ് കോളേജുകളിലെ അധ്യാപക - വിദ്യാർത്ഥികള് , ഇസ്ലാമിക ഫെമിനിസത്തെ കുറിച്ച് അറിയാൻ താൽപര്യമുള്ള പുറമേ നിന്നുള്ളവര് അടക്കം നൂറിൽ അധികം ആളുകള് പങ്കെടുത്തു

15.(2) **കൊടുങ്ങല്ലൂർ കെ കെ ടി എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് *25* മുതൽ "ഫെമിനിസങ്ങൾ" എന്ന പേരിൽ നടത്തിവരുന്ന വെബിനാർ പരമ്പരയിലെ രണ്ടാം ദിവസമായ ആഗസ്റ്റ് *26* ബുധനാഴ്ച കാലത്ത് *10.30* ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട്.**




**കെ കെ ടി എം ഗവൺമെന്റ് കോളേജിലെ മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ "ഫെമിനിസങ്ങൾ" എന്ന പേരിൽ ആഗസ്റ്റ് *25* മുതൽ നടത്തി വരുന്ന വെബിനാർ പരമ്പരയിലെ രണ്ടാം ദിവസത്തെ അവതരണം ആഗസ്റ്റ് *26* ബുധനാഴ്ച കാലത്ത് *10 30* ന് മലയാളം വിഭാഗം വകുപ്പ് അധ്യക്ഷ ഡോക്ടർ ജി ഉഷാകുമാരി യുടെ നേതൃത്വത്തിൽ നടന്നു.**



**കാലടി ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിലെ ഗവേഷകയും തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ അധ്യാപികയുമായ ശ്രീദേവി പി എസിനെ ടീച്ചർ പരിചയപ്പെടുത്തുകയും സ്വാഗതമരുളുകയും ചെയ്തു. "ദളിത് ഫെമിനിസം" എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുന്നതിനായി ശ്രീദേവി പി**

എസിനെ കെ കെ ടി എം ഗവൺമെന്റ് കോളജിലെ അധ്യാപികയായ മോഡറേറ്റർ ഡോ: ധന്യ എസ്



പണിക്കർ പ്രഭാഷണത്തിനായി ക്ഷണിച്ചു.

"ദളിത് ഫെമിനിസം" എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരുന്നു ക്ലാസ്സ്. ദളിത് ഫെമിനിസം ജാതിക്കും പാട്രിയാർക്കിക്കും എതിരെയുള്ള സ്ത്രീകളുടെ പോരാട്ടം ആണ് എന്ന നിർവചനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ശ്രീദേവി പി എസ് ക്ലാസ്സ് കൈകാര്യം ചെയ്തത്.

ദളിത് ഫെമിനിസത്തിന്റെ ഇന്ത്യൻ ചരിത്രവും, സ്ത്രീ മുന്നേറ്റവും വിശദമാക്കിയതിനുശേഷം കൃത്യമായ വർഷങ്ങളുടെ സഹായത്തോടുകൂടി ദളിത് പ്രസ്ഥാനങ്ങളെ കുറിച്ചും അവയിലെ സ്ത്രീ പ്രാതിനിധ്യത്തെകുറിച്ചും അവതാരക പ്രതിപാദിച്ചു. എഴുത്തുകാരായ ഉമാ ചക്രവർത്തി, സുനൈന തുടങ്ങിയവരുടെ കൃതികളെ മുൻനിർത്തി ഇന്ത്യൻ ഫെമിനിസം ലിംഗാധിഷ്ഠിത ഫെമിനിസത്തിലാണ് ഊന്നിനിൽക്കുന്നത് എന്ന വിമർശനമാണ് അവർ ഉന്നയിച്ചത്. തുടർന്ന് ദളിത് അന്യവൽക്കരണത്തെയും മുഖ്യധാരാ രാഷ്ട്രീയത്തിനകത്തെ ലിംഗാധിഷ്ഠിതമായ ശ്രേണി ബന്ധത്തിന്റെ നിലനിൽപ്പിനെ കുറിച്ചും അത് ദളിത് സ്ത്രീയെ നിർവചിക്കാൻ ഉതകുന്നില്ല എന്നും അവർ കൂട്ടിച്ചേർത്തു. സാമൂഹിക ഇടങ്ങളിലെ പുരുഷാധിപത്യത്തോടൊപ്പം വീടിനകത്തും ദളിത് സ്ത്രീകൾ അതിക്രമങ്ങൾ നേരിടേണ്ടി വരികയാണ് എന്ന് ശ്രീദേവി വ്യക്തമാക്കി. ദളിത് ഫെമിനിസത്തോടൊപ്പം സ്വത്വാനന്തര ഫെമിനിസവും കൂട്ടിയോജിപ്പിക്കാം എന്ന ഒരു അഭിപ്രായവും മുന്നോട്ട് വച്ചു. ദളിത് സ്ത്രീകളുടെ ജ്ഞാനോൽപാദനം സാധ്യമാകുന്നില്ല എന്ന സാമൂഹിക വിമർശനത്തിനെതിരെ ദാക്ഷായണി വേലായുധനെ പോലെയുള്ളവരുടെ സംഭാവനകൾ ഉദാഹരിച്ചു.

നവമാധ്യമങ്ങളുടെ കടന്നുവരവോടുകൂടി ദളിത് സ്ത്രീകൾക്ക് തുറന്നെഴുതാനും, ചർച്ച ചെയ്യാനുമുള്ള അവസരങ്ങൾ ലഭിക്കുന്നതായും തുടർന്ന് "കറുപ്പഴിയുടെ രാഷ്ട്രീയ"മെന്ന അലീനയുടെ കൃതിയേയും വിജില, അമ്മുദീപ തുടങ്ങിയവരുടെ സാഹിത്യ സംഭാവനകളെപറ്റിയും വിശദമാക്കി.

ഇന്ത്യയ്ക്കകത്തെ ദളിത് ഫെമിനിസത്തിന്റെ ചരിത്രത്തെയും, പൊതു വ്യവഹാരങ്ങളിൽ ദളിത് സ്ത്രീകളുടെ തനതിടത്തെക്കുറിച്ചും തന്റേതായ ചില അഭിപ്രായങ്ങളെ കൂടി ചേർത്ത് വച്ചാണ് " ദളിത് ഫെമിനിസം " എന്ന വിഷയത്തെ അധികരിച്ച് ശ്രീദേവി ക്ലാസ്സ് കൈകാര്യം ചെയ്തത്.



**അവതരണത്തിനു ശേഷം മോഡറേറ്ററായ ധന്യ ടീച്ചർ ചർച്ച നയിച്ചു. ചാറ്റ് ബോക്സിലും വീഡിയോയിലുമായി നിരവധിയായ ചോദ്യങ്ങൾ ഉയർന്നു വന്നു. ഓരോ ചോദ്യങ്ങളെയും പ്രത്യേകം പരിഗണിച്ചുകൊണ്ട് അവതാരക കൃത്യമായി മറുപടി പറയാൻ ശ്രദ്ധിച്ചു.ചർച്ചക്ക് ശേഷം മോഡറേറ്ററായ ധന്യ ടീച്ചറുടെ നന്ദി പ്രകാശനത്തിനുശേഷം വെബിനാറിനു സമാപനം കുറിച്ചു.**

**ഗുണഭോക്താക്കൾ**

**"ഫെമിനിസങ്ങൾ" എന്ന പേരിൽ ആഗസ്റ്റ് *25* മുതൽ *29* വരെ നടക്കുന്ന വെബിനാർ പരമ്പരയുടെ രണ്ടാം ദിവസം, എം എ വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, മറ്റ് കോളേജുകളിലെ അധ്യാപക വിദ്യാർത്ഥികൾ, ദളിത് ഫെമിനിസത്തെക്കുറിച്ച് അറിയാൻ താല്പര്യമുള്ള പുറമെ നിന്നുള്ളവർ അടക്കം നൂറോളം ആളുകൾ പങ്കെടുത്തു.**

**15.(3) കെ.കെ.ടി.എം ഗവ.കോളേജിലെ മലയാള വിഭാഗം ആഗസ്റ്റ് 25 മുതല് 29 വരെ സംഘടിപ്പിക്കുന്ന 'ഫെമിനിസങ്ങൾ'എന്ന വെബിനാർ പരമ്പരയുടെ മൂന്നാം ദിവസമായ 27 വ്യാഴം രാവിലെ 10.30 ന് നടന്ന ക്വിയർ ഫെമിനിസം വെബിനാര് റിപ്പോർട്ട്**

പ്രസ്തുത വെബിനാർ പരമ്പര മലയാള വിഭാഗം വകുപ്പ് അധ്യക്ഷ ഡോ.ജി.ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. കാലടി സർവകലാശാലയിലെ സോഷ്യല് വർക്ക് വിഭാഗം വകുപ്പ് അധ്യക്ഷയും എഴുത്തുകാരിയും ക്വിയർ ഫെമിനിസത്തില് കേരളത്തിലെ തന്നെ മികച്ച റിസോഴ്സ് പേഴ്സണുമായിട്ടുള്ള ഡോ. രേഷ്മ ഭരദ്വാജിനെ മുഖ്യ പ്രഭാഷണത്തിനായി ഡോ.ജി.ഉഷാകുമാരി ടീച്ചർ സ്വാഗതം ചെയ്തു.





ആരോഗ്യമാസികയിലെ ചോദ്യോത്തരത്തിൽനിന്നാണ് ഡോ. രേഷ്മ വെബിനാർ ആരംഭിച്ചത്. സ്വവർഗാനുരാഗിയായ ഒരു യുവാവിന്റെ ആശങ്കയില് നിന്നു കൊണ്ടാണ് ക്വിയര് ഫെമിനിസത്തിലേക്ക് രേഷ്മ എത്തിച്ചേരുന്നത്. ആധുനിക മേഖലയിലും വിജ്ഞാന മേഖലയിലും ഉന്നയിച്ച ചോദ്യങ്ങളിൽ നിന്നുയർന്നുവന്നാണ് ക്വിയര് തിയറി അഥവാ വിമത സിദ്ധാന്തം എന്ന് പറയുകയുണ്ടായി.70 കളിലും 80 കളിലും ഉണ്ടായി വന്നിട്ടുള്ള ഗൈ, ലെസ്ബിയൻ, ട്രാൻസ്ജെന്റര് തുടങ്ങിയ പലതരത്തിലുള്ള തന്മകള് നിലനിൽക്കുന്ന ആളുകളുടെ രാഷ്ട്രീയ മൂവ്മെന്റിന്റെ ഭാഗമായി ഉണ്ടായി വന്നിട്ടുള്ളതാണ് ക്വിയര് തിയറി .ക്വിയർ എന്ന വാക്കിന് ' വിമതം' എന്നാണ് മലയാളത്തിലെ സംജ്ഞ. ക്വിയർ എന്ന പദത്തിന്റെ പരിണാമ ചരിത്രത്തെക്കുറിച്ചും രേഷ്മ സംസാരിക്കുകയുണ്ടായി. പലതരം തന്മയ വിഭാഗങ്ങളെ കൂട്ടി കെട്ടുന്ന പദമാണ് ക്വിയർ എന്ന് ഡോ.രേഷ്മ ഭരദ്വാജ് കൂട്ടിച്ചേർത്തു. തുടർന്ന് ഗൈ, ലെസ്ബിയൻ പഠനം, AIDS മൂവ്മെന്റ് എന്നിവയെ കുറിച്ച് സാമാന്യ ബോധമുണ്ടാക്കാന് സാധിച്ചു.

കൃതമായൊരു നിലപാടില് നിന്നു കൊണ്ട് ക്വിയര് വിഭാഗത്തിന്റെ രാഷ്ട്രീയ മൂല്യങ്ങളെയും അവരുടെ ഉന്നമനവും മറ്റുമെല്ലാം സൂക്ഷ്മവും ലളിതവുമായ ആഖ്യാനത്തിലൂടെ അവതരിപ്പിക്കുകയും, ലിംഗ വ്യത്യാസം, ലിംഗ പദവി വ്യത്യാസം, ലൈംഗീഗോന്മത തുടങ്ങിയവയും പെൺശരീരത്തിന്റെയും ആണ് ശരീരത്തിന്റെയും ലൈംഗീകതയെ കുറിച്ചും സംസാരിച്ചു.ഭാഷയിലും സാഹിത്യത്തിലുമൊക്കെ ഒരാളുടെ തൃഷ്ണതയ്ക്കു പുറത്തു കടക്കാൻ ഉള്ള കല്പനയില് ഒതുങ്ങിയിട്ടാണ് ജെൻഡര് നിർമ്മിതി ഉണ്ടായി വന്നിട്ടുള്ളത് യെന്നും ജെൻഡറിനെ അട്ടിമറിക്കുക അത്ര എളുപ്പമുള്ള ഒന്നല്ല അത് നിലനിൽക്കുന്ന സാമൂഹിക ,ശാസ്ത്രീയ മൂല്യങ്ങളെ വെല്ലുവിളിച്ചു കൊണ്ട് മാത്രമേ സാധ്യമാവുകയുള്ളൂയെന്നും രേഷ്മ പറയുകയുണ്ടായി.

സമൂഹത്തില് നിന്നും മാറ്റി നിർത്തപ്പെട്ട ഒരു വിഭാഗത്തെ ഉന്നതിയിലേക്ക് നയിക്കുവാൻ ചുരുങ്ങിയ സമയം കൊണ്ട് സൂക്ഷമ നിരീക്ഷണത്തിലൂടെ ഡോ. രേഷ്മ ഭരദ്വാജിന് സാധിച്ചു.

ചാറ്റ് ബോക്സിലും ഗൂഗിള് വീഡിയോ മീറ്റിലും മികച്ച രീതിയിലുള്ള ചർച്ചകളും പ്രതികരണങ്ങും അവതരണത്തിനു ശേഷം ഡോ.ജി.ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. ചോദ്യങ്ങൾക്കെല്ലാം തന്നെ വ്യക്തമായി മറുപടി നൽകുന്നതിന് പ്രഭാഷകയ്ക്കു സാധിച്ചു. ശേഷം തുടർന്നു വരുന്ന വെമ്പിനാറുകളെ കുറിച്ചു പരാമർശിക്കുകയും പ്രസ്തുത ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ടും ഉഷ ടീച്ചർ ക്വിയര് ഫെമിനിസം എന്ന വെബിനാര് അവസാനിപ്പിച്ചു.

**ഗുണഭോക്താക്കൾ**

'ഫെമിനിസങ്ങൾ ' എന്ന പേരിൽ 25 മുതല് 29 വരെ നടക്കുന്ന വെബിനാര് പരമ്പരയുടെ മൂന്നാം ദിവസമായ 27 ന് നടന്ന 'ക്വിയർ ഫെമിനിസം ' എന്ന വെബിനാർ പരമ്പരയില് എം.എ വിദ്യാർത്ഥികള്, അധ്യാപകർ ,ഗവേഷകർ, മറ്റ് കോളേജിലെ അധ്യാപക-വിദ്യാർത്ഥികള് ,ക്വിയർ ഫെമിനിസത്തെ കുറിച്ചറിയാൻ തത്പരരായ പുറമേ നിന്നുള്ളവര് അടക്കം നൂറ്റിമ്പതിലധികം ആളുകള് പങ്കെടുത്തു.

15.(4)കൊടുങ്ങല്ലൂർ കെ.കെ.ടി.എം. ഗവ.കോളേജിലെ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ്25 മുതൽ29 വരെ 'ഫെമിനിസങ്ങൾ' എന്ന പേരിൽ നടത്തുന്ന വെബിനാർ പരമ്പരയുടെ നാലാം ദിവസം28 വെള്ളിയാഴ്ച്ച രാവിലെ10.30 ന് നടന്ന വെബിനാറിന്റെ റിപ്പോർട്ട് .

കെ.കെ. ടി എം. ഗവ.കോളേജിലെ മലയാള വിഭാഗത്തിന്റെ നേതൃത്വത്തില് 'ഫെമിനിസങ്ങൾ' എന്ന പേരിൽ ആഗസ്റ്റ്25 മുതൽ29 വരെ നടക്കുന്ന വെബിനാറിന്റെ നാലാം ദിവസത്തെ അവതരണം ആഗസ്റ്റ്28 വെള്ളിയാഴ്ച്ച രാവിലെ 10.30 ന് നടന്നു. മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് അധ്യാപികയായ ഡോ.സുജ ടി.വിയെ ഫൗസിയ ടീച്ചർ പരിചയപ്പെടുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. വെബിനാർ പരമ്പരയ്ക്ക് ഉദ്ഘാടനം ചെയ്തു കൊണ്ട് സ്ത്രീയും പരിസ്ഥിതിയും ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ ഡോ.സുജ ടി.വി പ്രഭാഷണം നടത്തി.




പരിസ്ഥിതി വാദവും സ്ത്രീവാദവും ഒരു പോലെ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അധികാര ശക്തികളെപ്പോലും വെല്ലുവിളിച്ച് പരിസ്ഥിതി പ്രസ്ഥാനങ്ങളും സ്ത്രീവിമോചന പ്രസ്ഥാനങ്ങളും വിജയം കൈവരിച്ചിട്ടുണ്ട് എന്ന് ഡോ.സുജ ടി.വി ഊന്നിപ്പറയുന്നു. പരിസ്ഥിതിയും സ്ത്രീയും പരസ്പരം പൂരകമായി നിലകൊള്ളുന്നു. ഇതുവരെ നടന്ന പരിസ്ഥിതി പ്രസ്ഥാനങ്ങളെ മുന്നോട്ടു നയിച്ചത് അതിന്റെ മുഖ്യധാരയിൽ നിന്നത് സ്ത്രീകളാണ് എന്നൊരു നിരീക്ഷണം പ്രഭാഷക നല്കുന്നു. 300 കൊല്ലത്തിനു മുമ്പ് പരിസ്ഥിതി ചൂഷണത്തിനെതിരെ പ്രവർത്തിച്ച് മരണം ഏറ്റുവാങ്ങിയ ധീരയുവതിയാണ് അമൃതാ ദേവി. ഇതാണ് പിന്നീടുണ്ടായ പ്രസ്ഥാനങ്ങൾക്ക് തിരികൊളുത്തിയത്. ചിപ്കോ പ്രസ്ഥാനം, നർമ്മദാ ബച്ചാവോ ആന്തോളൻ പ്രസ്ഥാനം, സർദാര് സരോവർ പദ്ധതി പ്ലാച്ചിമട സമരം, Green belt Movement, chickago Movement ഇവയെല്ലാം പരിസ്ഥിതിയ്ക്കു വേണ്ടി നടന്ന പോരാട്ടമാണ്. ലീലാകുമാരിയമ്മ, മേധാപട്ക്കർ, ജെസീറ, മയിലമ്മ ഇവരെല്ലാം തങ്ങളുടെ ആവാസവ്യവസ്ഥയ്ക്കുവേണ്ടി പോരാടിയ സ്ത്രീകളാണ് എന്ന് ഉദാഹരണ സഹിതം സുജ ടി.വി അവതരിപ്പിച്ചു.

പുരുഷന്റെ കീഴിൽ താൻ ചൂഷണം ചെയ്യപ്പെടുന്നു എന്ന തിരിച്ചറിവ് സ്ത്രീയ്ക്കുണ്ടാകുമ്പോഴാണ് പരിസ്ഥിതിസ്ത്രീവാദം ഉദയം കൊള്ളുന്നത്. ഇവ രണ്ടും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നും ഇത് രണ്ടിന്റെയും അടിസ്ഥാനം പാട്രിയാർക്കലായ ഒരു അധികാര ശിലയാണെന്ന് പറയപ്പെടുന്നു. ഇക്കോ ഫെമിനിസം, ലിബറൽ ഇക്കോ ഫെമിനിസം, കൾച്ചറല് ഇക്കോ ഫെമിനിസം, സോഷ്യലിസ്റ്റിക് ഇക്കോ ഫെമിനിസം തുടങ്ങി പരിസ്ഥിതിവാദത്തിന്റെ നിരവധി മേഖലകളെ കുറിച്ച് സാമാന്യമായൊരു ധാരണ നല്കി. പ്രകൃതിയുടെ ആവശ്യകതയെക്കുറിച്ചും മനുഷ്യന്റെ നിലനില്പിനും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും പ്രകൃതി എത്രമാത്രം വിലമതിക്കുന്നുവെന്ന ഒരു അവബോധം സൃഷ്ടിക്കാൻ ഈ അവതരണത്തിലൂടെ സാധിച്ചു. പ്രകൃതിയെ തങ്ങൾക്കഭിമതമായ രീതിയിൽ ഉപയോഗിക്കാതെ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതാണ് നമ്മുടെ ജീവനും സ്വത്തിനും ആവശ്യം എന്ന് ഊന്നി പറയുകയാണ് സുജ ടി.വി. ഭാവിയുടെ പ്രതീക്ഷ ആദിമനിവാസികളാണ് എന്ന നോം ചോസ്കിയുടെ ആശയത്തെ സിദ്ധാന്തവൽക്കരിക്കുകയാണ് ഇവിടെ. അവർ മാത്രമാണ് പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നത്. ഇനി വരും കാല തലമുറയെ രക്ഷിക്കാൻ ഇന്ന് ജീവിക്കുന്ന മനുഷ്യർക്കേ സാധിക്കൂ. പ്രകൃതിയുടെ സംരക്ഷണം കടമയല്ല മറിച്ച് നമ്മുടെ ആവശ്യകതയാണെന്ന് ബോധവൽക്കരിക്കാനുള്ള ശ്രമം സുജ ടി.വി വളരെ ഭംഗിയായി നിർവ്വഹിച്ചു. പരിസ്ഥിതിയെയും സ്ത്രീയെയും

**അടിച്ചമർത്തുന്ന പ്രവണതകൾ നല്ലതെന്നും ഇതിനെതിരെ ഉയർന്ന് വന്ന ഇക്കോഫെമിനിസത്തിന്റെ ആവശ്യകതയെക്കുറിച്ചും വസ്തുനിഷ്ഠമായി തന്നെ പ്രഭാഷണം നടത്തി.**

**അവതരണത്തിനു ശേഷം ചർച്ച തുടർന്നു. ചർച്ചയില് യാക്കോബ് തോമസ് , മിനി സെബാസ്റ്റ്യൻ, നിജി, ശ്രീജ അമൃത എന്നിവർ ചോദ്യങ്ങൾ ഉന്നയിച്ചു. ചാറ്റ് ബോക്സിലും ഗൂഗിൾ മീറ്റിലുമായി ഉയർന്ന ചോദ്യങ്ങൾക്ക് വ്യക്തമായും കൃത്യമായും സുജ ടി.വി മറുപടി നല്കി. തുടർന്ന് കെ.കെ.ടി.എം. ഗവ. കോളേജിലെ മലയാളം വിഭാഗം അധ്യാപികയായ ഡോ. ഫൗസിയ പി.എ. പ്രഭാഷണം അവസാനിപ്പിച്ചു കൊണ്ട് തുടർ ദിവസത്തെ വെബിനാർ വിഷയങ്ങളെ സാമാന്യമായി പരിചയപ്പെടുത്തി. വെബിനാർ പരമ്പരയുടെ നാലാം ദിവസം നന്ദി പ്രകാശനത്തോടെ സമാപിച്ചു**

**ഗുണഭോക്താക്കൾ**

28.8.2020 വെള്ളിയാഴ്ച്ച നടന്ന സ്ത്രീയും പരിസ്ഥിതിയും ചരിത്രവും വർത്തമാനവും എന്ന വെബിനാറിൽ എം എ വിദ്യാർത്ഥികള്, അധ്യാപകർ, ഗവേഷകർ, മറ്റ് കോളേജുകളിലെ അധ്യാപക വിദ്യാർത്ഥികളടക്കം 60തിലധികം പേർ പങ്കെടുത്തു.

**15.(5)**കൊടുങ്ങല്ലൂർ കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 25 മുതല് ' ഫെമിനിസങ്ങൾ ' എന്ന പേരിൽ നടത്തിവരുന്ന വെബിനാർ പരമ്പരയിലെ അവസാന ദിവസമായ ആഗസ്റ്റ് 29 ശനിയാഴ്ച്ച ഉച്ചക്ക് 2.00 മണിക്ക് നടന്ന വെബിനാറിന്റെ റിപ്പോർട്ട്.



കെ കെ ടി എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗത്തിന്റെ നേതൃത്വത്തില് 'ഫെമിനിസങ്ങൾ ' എന്ന പേരിൽ ആഗസ്റ്റ് 25 മുതല് നടത്തിവരുന്ന വെബിനാര് പരമ്പരയിലെ അവസാന ദിവസത്തെ അവതരണം ആഗസ്റ്റ് 29 ശനിയാഴിച്ച ഉച്ചക്ക് 2.00 ക്ക് മലയാള വിഭാഗം വകുപ്പ് അധ്യക്ഷ ജി ഉഷാകുമാരിയുടെ നേതൃത്വത്തിൽ നടന്നു. കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ അധ്യാപികയായ ഡോ.ലക്ഷ്മി.എസ് വെബിനാറിലേക്ക് മോഡറേറ്റ് ചെയ്യുന്നതിനായി കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗം അധ്യാപികയായ ഡോ ജി.ഉഷാകുമാരിയെ സ്വാഗതം ചെയ്തു.



കെ.കെ.ടി.എം. ഗവൺമെന്റ് കോളേജിലെ അധ്യാപകനും ഗവേഷകനും എഴുത്തുകാരനുമായ യാക്കോബ് തോമസ് മാഷിനെ പരിചയപ്പെടുത്തുകയും സ്വാഗതമരുളുകയും ചെയ്തു.

'ആണത്തപഠനങ്ങളും ഫെമിനിസ്റ്റ് വാദങ്ങളും ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുന്നതിനായി യാക്കോബ് തോമസിനെ കെ.കെ.ടി.എം ഗവൺമെന്റ് കോളേജിലെ മലയാളവിഭാഗം വകുപ്പ് മേധാവിയും മോഡറേറ്ററുമായ ഡോ.ജി.ഉഷാകുമാരി പ്രഭാഷണത്തിനായി ക്ഷണിച്ചു.'ആണത്തെ പഠനങ്ങളും ഫെമിനിസ്റ്റ് വാദങ്ങളും' എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരുന്നു പ്രഭാഷണം. മലയാളനോവലായ ബാല്യകാലസഖിയിലെ കഥാപാത്രമായ മജീദിനെ കുറിച്ച് പറഞ്ഞു കൊണ്ടാണ് യാക്കോബ് തോമസ് പ്രഭാഷണം ആരംഭിച്ചത്.

കുടുംബത്തിന്റെ ഉത്തരവാദിത്വം ആണുങ്ങളില് അടിച്ചേൽപ്പിക്കപ്പെടുക്കയാണ് ചെയ്യുന്നതെന്ന് പ്രഭാഷകൻ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കി. സമൂഹം ആണത്തങ്ങളെ നിർമ്മിച്ചെടുക്കുകയാണ് ചെയ്യുന്നതെന്ന് സാഹിത്യകൃതികളെയും ചുറ്റുപാടുകളെയും ഉദാഹരിച്ച് ചൂണ്ടിക്കാട്ടുകയും ചെയ്തു.സ്ഥിരമായ അതിർത്തിയുള്ള ഒന്നല്ല ലിംഗപരം അത് മാറിക്കൊണ്ടിരിക്കുമെന്നും അവതാരകൻ പ്രതിപാദിച്ചു. ചില സിനിമകളെ ഉദാഹരണമായി കാണിച്ചു കൊണ്ട് സ്ത്രീകൾക്കും ആണത്തമുണ്ടെന്നും ഒരു കാലത്ത് സ്ത്രീകള് ആണുങ്ങളുടെ പെരുമാറ്റ രീതികൾ കൊണ്ടു നടന്നിരുന്നുവെന്നും യാക്കോബ് തോമസ് ചൂണ്ടിക്കാട്ടി.

കൃത്രിമബുദ്ധികളുടെ കാലം മനുഷ്യനും യന്ത്രവും തമ്മിലുള്ള ബന്ധത്തെ ഉടച്ചു കളയുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആണത്തവും പൗരുഷ്യവും രണ്ടാണെന്നും ആണുങ്ങൾ എല്ലാവരും തുല്യരല്ല ഇവർ പല തട്ടിലുണ്ടെന്നും അതിനാല് ജെന്റര് ആണ് പഠിക്കേണ്ടത് അല്ലാതെ ആണത്തമല്ലയെന്നും വ്യക്തമാക്കി.

സ്ത്രീയും പുരുഷ്യനും വ്യത്യസ്തരല്ല. ആണത്തമെന്നത് സമൂഹം അടിച്ചേൽപ്പിക്കുന്ന ഒന്നാണെന്നും വ്യത്യസ്തമായ ഉദാഹരണങ്ങളിലൂടെ അദ്ദേഹം സ്ഥാപിച്ചു.' ആണത്ത പഠനങ്ങളും ഫെമിനിസ്റ്റ് വാദങ്ങളും ' എന്ന വിഷയത്തെ കുറിച്ച് ആധികാരികമായി ചുരുങ്ങിയ സമയത്തിനുള്ളിൽ അദ്ദേഹം സംസാരിച്ചു. ലളിതമായി ഉദാഹരണങ്ങളിലൂടെ അദ്ദേഹം നന്നായി വിഷയത്തെ കൈകാര്യം ചെയ്തു.

അവതരണത്തിനു ശേഷം മോഡറേറ്ററായ ഡോ.ജി.ഉഷാകുമാരി ടീച്ചർ ചർച്ച നയിച്ചു.ചാറ്റ് ബോക്സിലും ഗൂഗിള് മീറ്റിലുമായി നിരവധി ചോദ്യങ്ങള് ഉയർന്നു വന്നു.ഓരോ ചോദ്യങ്ങളെയും പ്രത്യേകം പരിഗണിച്ചു കൊണ്ട് പ്രഭാഷകൻ കൃത്യമായി മറുപടി പറയാന് ശ്രദ്ധിച്ചു. ചർച്ചക്ക് ശേഷം ജി.ഉഷാകുമാരി ടീച്ചറുടെ നന്ദി പ്രകാശനത്തോടെ അഞ്ച് ദിവസം നീണ്ടു നിന്ന 'ഫെമിനിസങ്ങൾ' വെബിനാറിനു സമാപനം കുറിച്ചു.

**ഗുണഭോക്താക്കൾ**

' ഫെമിനിസങ്ങൾ ' എന്ന പേരിൽ ആഗസ്റ്റ് 25 മുതല് 29 വരെ നടന്ന വെബിനാര് പരമ്പരയുടെ അവസാന ദിവസം,എം.എ വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ് കോളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, ആണത്ത പഠനങ്ങളെ കുറിച്ച് അറിയാന് താല്പര്യമുള്ള പുറമെ നിന്നുള്ളവർ അടക്കം എഴുപതോളം ആളുകള് പങ്കെടുത്തു.

**2020 ഓഗസ്റ്റ് 25 ബുള്ളറ്റിന് പ്രകാശനം**




മലയാള വിഭാഗം മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ഗവേഷണകേന്ദ്രത്തിൽനിന്നും മലയാളപ്പച്ച എന്ന പേരില് ബുള്ളറ്റിൻ (ലക്കം 1) പ്രസിദ്ധീകരിച്ചു.പ്രകാശനം നിർവ്വഹിച്ച ശ്രീ.പ്രദീപ് പനങ്ങാട് സമാന്തര മാസികകളുടെ പ്രസക്തിയെക്കുറിച്ച് പ്രഭാഷണവും നിർവ്വഹിച്ചു. ഗൂഗിള് മീറ്റ് വഴി നടന്ന പരിപാടിയില് ഗവേഷകര്, അധ്യാപകര്, വിദ്യാർതികള്, രക്ഷിതാക്കള്, നാട്ടുകാര് എനിങ്ങനെ നൂറിലധികം പേര് പങ്കെടുത്തു.

**16. 2020 സെപ്റ്റംബര് 12 മലയാളവിഭാഗം റിസേർച്ച് ജേർണല് മലയാളപ്പച്ചയുടെ പത്താം ലക്കം സാഹിത്യ ചരിത്ര വിജ്ഞാനീയം: അറിവതിരുകളും എതിർഭാവനകളും പ്രസിദ്ധീകരിച്ചു**



17. (1) 21/09/2020 തിങ്കളാഴ്ച്ച 2.30ക്ക് കെ.കെ.ടി.എം. ഗവ.കോളേജ് മലയാള വിഭാഗം അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'സാംസ്കാരിക വായനകള്' എന്ന വെബിനാര് പരമ്പരയുടെ ഒന്നാം ദിവസത്തെ റിപ്പോർട്ട്.



പ്രിൻസിപ്പള് ഡോ.ഇ.എ നിസിയുടെ അധ്യക്ഷതയിൽ ആരംഭിച്ച വെബിനാറില് മലയാളവിഭാഗം മേധാവി ഡോ.ജി.ഉഷാകുമാരി സ്വാഗതം ആശംസിച്ചു.മുഖ്യ പ്രഭാഷകയും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ മലയാള വിഭാഗം വകുപ്പ് അധ്യക്ഷയുമായ ഡോ.ലിസി മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിച്ചു. വെബിനാർ കോ-ഓർഡിനേറ്റര് ഡോ. ദീപ ബി.എസ് വെബിനാർ സങ്കല്പനം ആമുഖമായി അവതരിപ്പിച്ചു. കെ.കെ.ടി.എം.മലയാള വിഭാഗത്തിലെ ഗവേഷണ മാർഗ്ഗദർശിയായി ഡോ. ജെൻ സി.കെ.എ നന്ദി പ്രകാശിപ്പിച്ചു.ഗവേഷക മഞ്ജു കെ.ആർ മോഡറേറ്റര് ആയും ഗവേഷകരായ അംബിക കെ .കെ, ലിനി.കെ.എൽ വെബിനാറിൽ സജീവമായി പങ്കെടുത്തു.

ഡോ.ലിസി മാത്യു 'നാട്ടുവഴക്കങ്ങളിലെ ദാർശനികത' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തില് പ്രാകൃത മനുഷ്യരുടെ വിശ്വാസങ്ങൾ, ആചാരങ്ങള്, അനുഷ്ഠാനങ്ങള്, നൃത്തങ്ങൾ എല്ലാം വിശദമായി ഉദാഹരണ സഹിതം അവതരിപ്പിച്ച് പ്രകൃതിയും മനുഷ്യനും, ഫോക് ലോറും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് വ്യക്തമാക്കുന്നു. പ്രകൃതിയെ തന്നെ ദൈവമായി കാണുന്ന ഫോക് ലോറിൽ മാക്കം ക്കുത്ത്, ദേവക്കൂത്ത്, കാലിച്ചാൻ ,തുടങ്ങിയ തെയ്യരൂപങ്ങളെക്കുറിച്ചും പരാമർശിച്ചു.

സമകാലിക സാഹചര്യത്തില് ഫോക് ലോറിനെ മുൻനിർത്തി ദേശീയതയെ നിർവചിക്കാന് സാധ്യമാണോ എന്ന ഗവേഷക ലിനിയുടെ ചോദ്യത്തോടെ ചർച്ചകൾക്ക് തുടക്കം കുറിച്ചു. കാവിന്റെ തിരുനടയിൽ കോമരം ഉറഞ്ഞു തുള്ളുന്നത് കാണാറുണ്ട് ഇത് കീഴാളരുടെ പ്രതിനിധാനങ്ങള് ആണോ? ഇന്നത്തെ കോമരങ്ങളെ കുറിച്ചുള്ള അഭിപ്രായമെന്താണ്? എന്ന ചോദ്യത്തിന് പ്രഭാഷക വ്യക്തവും സ്പഷ്ടവുമായ രീതിയിൽ മറുപടി പറഞ്ഞു.


സ്ത്രീവാദവും നാട്ടുവഴക്കങ്ങളും തമ്മിലുള്ള ബന്ധവും ഫോക് ലോറിന്റെ രാഷ്ട്രീയത്തെ കുറിച്ച് പ്രഭാഷകയുടെ അഭിപ്രായമെന്താണ് എന്ന് ചോദിച്ച കൊണ്ടുള്ള ചോദ്യങ്ങൾക്ക് വ്യക്തമായ വിലയിരുത്തലുകളും ദീർഘമായ വീക്ഷണങ്ങളുമായിരുന്നു അവതാരകൻേറത്. ഫോക് ലോറും നിത്യജീവിതവും തമ്മിലുള്ള ബന്ധത്തെകുറിച്ച് ആധുനിക ജീവിത രീതികളെ മുൻനിർത്തി ഉദാഹരണ സഹിതം പ്രഭാഷക വിശദമാക്കി.ഗൂഗിൾ മീറ്റ് മാധ്യമത്തില് നടന്ന വെബിനാർ കൃത്യം 4.00 ക്ക് അവസാനിച്ചു. തുടക്കം മുതൽ അവസാനം വരെ എല്ലാവരും ചർച്ചയില് സജീവമായിരുന്നു.

17.(2). 23/9/2020 ബുധനാഴ്ച്ച 2.30ക്ക് കെ.കെ.ടി.എം.ഗവ.കോളേജ് മലയാള വിഭാഗം അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തില് സംഘടിപ്പിച്ച സാംസ്കാരിക വായനകള് എന്ന വെബിനാര് പരമ്പരയുടെ രണ്ടാം ദിവസത്തെ റിപ്പോർട്ട് .

കെ.കെ ടി.എം ഗവ കോളേജിലെ മലയാളം ഗവേഷണ കേന്ദ്രത്തിലെ മാർഗ്ഗദർശി ഡോ. ജെൻസി കെ.എയുടെ അധ്യക്ഷതയില് വെബിനാര് ആരംഭിച്ചു. മോഡറേറ്ററായ ഗവേഷക സിന്റോ കൊങ്കോത്തിന്റെ സ്വാഗത പ്രസംഗത്തിനു ശേഷം കണ്ണൂർ സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസര് ഡോ.ശിവദാസ്

കെ.കെ 'പ്രവാസം: സങ്കേതങ്ങളും പഠന സാധ്യതയും' എന്ന വിഷയത്തിൽ പ്രഭാഷണം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും അടക്കം നിരവധിപേര് വെബിനാറില് പങ്കെടുത്തു.





ഡോ. ശിവദാസ് കെ.കെ 'പ്രവാസം: സങ്കേതങ്ങളും പഠനസാധ്യതയും' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിൽ എന്താണ് പ്രവാസം, പ്രവാസത്തിന്റെ വിവിധ വശങ്ങൾ, അഭയാർത്ഥി കുടിയേറ്റം എന്നിവയെല്ലാം വ്യക്തമായി വിശദീകരിച്ചു. ആഭ്യന്തര പ്രവാസം, സ്ത്രീ പ്രവാസം എന്നിവയും ഈ പ്രവാസങ്ങളിൽ തന്നെ തൊലി, നിറം, ജാതി എന്നിവയെല്ലാം എ പ്രകാരം സ്വാധീനിക്കുന്നു എന്നു കൂടി സൂചിപിച്ചു. ഇരുട്ടവബോധം, സങ്കരത്വം, സങ്കര സമൂഹം, ഗൃഹാതുരത്വം, ബഹുസ്ഥിരത, നൊമാലിസം,സ്വത്വപദവി എന്നീ പ്രത്യയശാസ്ത്ര സമീപനങ്ങൾ എങ്ങനെയാണ് പ്രവാസ സാഹിത്യത്തില് കടന്നുവരുന്നതെന്ന് ആടുജീവിതം, നിന്റെ ഓർമ്മയ്ക്ക് എന്നീ സാഹിത്യ കൃതികളും പത്തേമാരി എന്ന സിനിമയും മുൻനിർത്തി വിശദീകരിച്ചു.സിനിമ, സാഹിത്യം, സംഗീതം എന്നിവ പ്രവാസത്തിന്റെ പ്രധാന ഘടകളാണ്.

സിനിമയെ മുൻനിർത്തി രാഷ്ട്രാന്തര പ്രവാസം, മലയാളി നഴ്സ് പ്രവാസം, പ്രവാസ സമ്പദ്ഘടന, മലയാളി സമാജങ്ങളുടെ പ്രവർത്തനം, പ്രവാസ സാഹിത്യം, വിവർത്തസാഹിത്യം ഇവയെക്കുറിച്ചുള്ള പഠനങ്ങൾ എല്ലാം തന്നെ പ്രവാസത്തിന്റെ പഠന സാധ്യതയാണ് എന്നും പ്രഭാഷകൻ സൂചിപ്പിച്ചു.

ഗവേഷക ലക്ഷ്മി പ്രിയ ഇന്നത്തെ വെബിനാറിലെ ചർച്ചകൾക്കു തുടക്കം കുറിച്ചു. ഓരോ വൈവാഹിക ജീവിതത്തെയും;സ്ത്രീയുടെ കാര്യത്തിൽ പ്രവാസ ജീവിതം ആയി കണക്കാക്കി കൂടെ എന്നും ഹോം നഴ്സുമാരുടെ ജീവിതത്തിലും പ്രവാസാംശമില്ലേ എന്ന ചോദ്യത്തിനും വളരെ കൃത്യതയോടെ വ്യക്തമായി പ്രഭാഷകൻ തന്റെ നിലപാട് വ്യക്തമാക്കി.

സൈബര് മലയാളത്തിന്റെ രൂപപ്പെടലിനു പുറകില് പ്രവാസ ജീവിതത്തിന്റെ സ്വാധീനമില്ലേ എന്ന ചോദ്യത്തിനു സൈബർ സാഹിത്യത്തെ കുറിച്ചും കുഴൂര് വിത്സന്റെ കവിതകളെ കുറിച്ചും സങ്കേതിക രീതിയുടെ വളർച്ചയടക്കം വ്യക്തമാക്കി കൊണ്ടുള്ള വീക്ഷണങ്ങളായിരുന്നു അവതാരകാന്റേത്. വേബിനാർ കൃത്യം 4.10നു അവസാനിച്ചു.

ഗുണഭോക്താക്കൾ

പരമ്പരയുടെ രണ്ടാം ദിവസം, എം എ വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, തുടങ്ങി അറുപതോളം പേര് വെബിനാറില് പങ്കെടുത്തുതുടക്കം മുതല് അവസാനം വരെ ഏവരും ചർച്ചയില് സജീവമായിരുന്നു.

17.(3). 25/9/2020 വെള്ളിയാഴ്ച്ച 2.30ക്ക് കെ.കെ.ടി.എം.ഗവ.കോളേജ് മലയാള വിഭാഗം അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സാംസ്കാരിക വായനകള് എന്ന വെബിനാര് പരമ്പരയുടെ രണ്ടാം ദിവസത്തെ റിപ്പോർട്ട് .

കെ.കെ ടി.എം ഗവ കോളേജിലെ മലയാളം ഗവേഷണ കേന്ദ്രത്തിലെ വകുപ്പദ്ധ്യക്ഷ ഡോ.ജി ഉഷാകുമാരിയുടെ അധ്യക്ഷതയിൽ വെബിനാര് ആരംഭിച്ചു. മോഡറേറ്ററായ ഗവേഷക ഷീനയുടെ സ്വാഗത പ്രസംഗത്തിനു ശേഷം കാലടി സംസ്കൃത സർവകലാശാല പ്രൊഫസറായ വത്സലന് വാതുശ്ശേരി മാഷ് 'കാഴ്ചയും സാഹിത്യവും'എന്ന വിഷയത്തിൽ പ്രഭാഷണം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും അടക്കം നിരവധിപേർ വെബിനാറില് പങ്കെടുത്തു.




പ്രൊഫസര് ഡോക്ടര് വത്സലന് വാതുശ്ശേരി മാഷ് 'കാഴ്ചയും സാഹിത്യവും' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തില് എന്താണ് ദൃശ്യ സംസ്കാരം എന്നും കാഴ്ച്ചയുടെ വിവിധ വശങ്ങള്, എന്നിവയെല്ലാം വ്യക്തമായി വിശദീകരിച്ചു. സാഹിത്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പുതിയ ഭാവുകത്വം ആണ് കാഴ്ച എന്നും കാഴ്ച എങ്ങനെയാണ് സാഹിത്യത്തിൽ നിർണയിക്കപ്പെട്ടിരിക്കുന്നത് എന്നുമാണ് വത്സലന് മാഷ് പ്രഭാഷണത്തിലൂടെ വിശദീകരിച്ചത്.

ഇതില് പ്രധാനമായും അന്വേഷിക്കേണ്ടത് നമ്മുടെ സാഹിത്യ ഭാവുകത്വത്തെ വീണ്ടെടുക്കുന്നതില് കാഴ്ച അനുഭവങ്ങൾക്ക് എന്ത് പങ്കാണുള്ളത് എന്നാണ്. സമകാലീന സാഹിത്യത്തിലാണ് വലിയ തോതിൽ കണ്ണിന്റെ പ്രവർത്തനങ്ങളെ ഉപകരണങ്ങളാക്കി മാറ്റി വിപുലീകരിക്കാന് ശ്രമിച്ചിട്ടുള്ളത് എന്നാണ് അദ്ദേഹം പറഞ്ഞത് . കണ്ണിന്റെ കല ആയിട്ടുള്ള സിനിമ നാടകം തുടങ്ങിയവയിലാണ് ആദ്യഘട്ടത്തിൽ കാഴ്ചയുടെ സാന്നിധ്യം സജീവമായി നിലനിന്നിരുന്നത് എങ്കിൽ സമകാലിന കാലഘട്ടത്തില് സാഹിത്യത്തിലും കാഴ്ചയുടെ ഉപയോഗം കാണാൻ സാധിക്കുന്നുണ്ട് . സിനിമയും ടെലിവിഷനും ഉണ്ടാക്കുന്ന സ്വാധീനം തന്നെയാണ് ഈ മാറ്റത്തിന് കാരണമായി ഭവിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞു .

എന്നാല് പഴയകാല സാഹിത്യത്തിലും ചിലയിടങ്ങളില് കാഴ്ചയുടെ സാന്നിധ്യം നമുക്ക് കാണാന് കഴിയുന്നുണ്ട്. അതിനുദാഹരണമായി അദ്ദേഹം എടുത്തു കാണിച്ചത് വള്ളത്തോളിന്റെ കവിതകളും ,സി വി രാമൻപിള്ളയുടെ നോവലുകളും ആണ്. പഴയ സാഹിത്യകൃതികളിൽ കവിതകളില് കാണപ്പെടുന്ന സ്വഭാവോക്തി അലങ്കാരം കാഴ്ചയുടെ മറ്റൊരു രൂപം ആയിട്ടാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. എന്നാൽ ഇതില് നിന്നും വ്യത്യസ്തമായാണ്പുതിയ കാലഘട്ടത്തിലെ സാഹിത്യത്തിൽ കാഴ്ച കടന്നുവരുന്നത് . സിനിമയും ടെലിവിഷനും നവമാധ്യമങ്ങളും ഉണ്ടാക്കുന്ന സ്വാധീനം തന്നെയാണ് ഈ മാറ്റത്തിന് കാരണമായി ഭവിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

സിനിമ ടെക്നിക് മാതൃകയിലാണ് സാഹിത്യത്തില് കാഴ്ച കടന്നുവരുന്നത് .എസ് കെ പൊറ്റക്കാടിന്റെ കൃതികളിലാണ് ആദ്യമായി ഇത് കാണാൻ സാധിക്കുന്നത് എന്നും അതിന്റെ വിശദീകരണമായി എസ് കെ പൊറ്റക്കാടിന്റെ പല കൃതികളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു . സാഹിത്യത്തിൽ തന്നെ കാഴ്ചയുടെ സാന്നിധ്യം വളരെയേറെ കാണാന് കഴിയുന്ന യാത്രാവിവരണ കൃതികളെ കുറിച്ച് അദ്ദേഹം സംസാരിക്കുകയുണ്ടായി .

ഗവേഷകരായ ഷിബിന് ബി, ഫെൽബിന് ആന്റണി എന്നിവര് ഇന്നത്തെ വെബിനാറിലെ ചർച്ചകൾക്കു തുടക്കം കുറിച്ചു. കാഴ്ച മലയാളിയെ സ്വാധീനിച്ച് , മലയാളികളെ അരാഷ്ട്രീയ വൽക്കരിക്കുക അല്ലേ ചെയ്യുന്നത് എന്ന ഷിബിൻ ബാലന്റെ ചോദ്യത്തിന് വ്യക്തമായ മറുപടിയാണ് അദ്ദേഹം നൽകിയത്. രാഷ്ട്രീയം തന്നെ ഇക്കാലഘട്ടത്തിൽ ഒരു ചാനല് പെർഫോമൻസ് മാത്രമായിട്ടാണ് കാണാന് സാധിക്കുന്നത് എന്നുള്ള അദ്ദേഹത്തിന്റെ മറുപടി സമകാലിക കാലഘട്ടത്തിലെ മാധ്യമസംസ്കാരത്തിന്റെ സത്യാത്മകഥയെ ചോദ്യം ചെയ്യുന്ന ഒന്നായി തന്നെ കണക്കാക്കാം . റോഡ് മൂവിസിനെ കുറിച്ചുള്ള മറ്റൊരു ചോദ്യത്തിന് മറുപടിയായി ചലച്ചിത്ര സംസ്കാരത്തില് പുതിയ ഭാവുകത്വമായി കടന്നുവന്നിട്ടുള്ള റോഡ് മൂവീസ് എന്ന വിഭാഗത്തെ കാഴ്ച്ചയുടെ യുടെ പൊതുമണ്ഡലത്തില് നിന്നുകൊണ്ട് വിശദീക

രിക്കുകയും അദ്ദേഹം ചെയ്തു . എല്ലാ ചോദ്യങ്ങൾക്കും വളരെ കൃത്യതയോടെ വ്യക്തമായി പ്രഭാഷകന് തന്റെ നിലപാട് വ്യക്തമാക്കി.


വേബിനാര് കൃത്യം 4.10ന് അവസാനിച്ചു. തുടക്കം മുതൽ അവസാനം വരെ ഏവരും ചർച്ചയില് സജീവമായിരുന്നു.

ഗുണഭോക്താക്കള്

പരമ്പരയുടെ മൂന്നാം ദിവസം, എം എ വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, തുടങ്ങി നാല്പത്തി അഞ്ചോളം പേര് വെബിനാറില് പങ്കെടുത്തു.

17.(4). 27/9/2020 ഞായറാഴ്ച്ച 2.30ക്ക് കെ.കെ.ടി.എം.ഗവ.കോളേജ് മലയാള വിഭാഗം അബ്ദുറഹ്മാന് സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സാംസ്കാരിക വായനകള് എന്ന വെബിനാര് പരമ്പരയുടെ നാലാം ദിവസത്തെ റിപ്പോർട്ട് .

കെ.കെ ടി.എം ഗവ കോളേജിലെ മലയാളം ഗവേഷണ കേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.കെ.കെ.മുഹമ്മദ് ബഷീര് ന്റെ അധ്യക്ഷതയില് വെ ബിനാര് ആരംഭിച്ചു. മോഡറേറ്ററായ ഗവേഷക ഫെൽബിന് ആന്റണിയുടെ സ്വാഗത പ്രസംഗത്തിനു ശേഷം മധുര കാമരാജ് സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.ടി.ജിതേഷ് ' ആഖ്യാന ശാസ്ത്രം: പൊരുളും പ്രയോഗവും'എന്ന വിഷയത്തിൽ പ്രഭാഷണം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും അടക്കം നിരവധിപേര് വെബിനാറില് പങ്കെടുത്തു.

ഡോ. ടി.ജിതേഷ് ആഖ്യാന ശാസ്ത്രം: പൊരുളും പ്രയോഗവും എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തില് എന്താണ് ആഖ്യാനം, ആഖ്യാനത്തിന്റെ രീതിശാസ്ത്രം അവയുടെ വിവിധ വശങ്ങള്, സാങ്കേതിക ഘടന എന്നിവയെല്ലാം ആദ്യം തന്നെ വ്യക്തമായി വിശദീകരിച്ചു.കാലനി ബദ്ധമായി കോർത്തിണക്കുന്ന സംഭവങ്ങളുടെ ഘടനാ രീതിയാണ് ആഖ്യാനം എന്നു പറയാം. റഷ്യൻ ഫോർമ ലിസം ആണ് ആഖ്യാനരീതി ശാസ്ത്രത്തിന്റെ അടിത്തറ. ഗതിമാന്ദ്യം, കൾച്ചറല് ആങ് സൈറ്റി എന്ന സാങ്കേതിക വശത്തെയും പ്രഭാഷകന് പരിചയപ്പെടുത്തുന്നു.കഥ പറയുന്ന സംവിധാനങ്ങൾ, പദങ്ങള്, ആകാംക്ഷകള് കൊണ്ടുവരുന്ന പ്രയോഗങ്ങള് എന്നിവയെല്ലാം ആഖ്യാന പഠനത്തിൽ ശ്രദ്ധേയമാണ് എന്നു പറയുന്ന പ്രഭാഷകന് സി.യു.സൂൺ എന്ന സിനിമ, ഉണ്ണി ആറിന്റെ ലീല എന്ന കഥ എന്നിവയെ മുൻനിർത്തി ഉദാഹരിച്ച് വ്യക്തമാക്കി.കാലം മാറുന്നതിനനുസരിച്ച് ആഖ്യാനം മാറുകയും കഥ പുതിയ രീതിയിൽ അവതരിപ്പിക്കുന്നു എന്നു കൂടി സൂചിപ്പിക്കുന്നു .

ഗവേഷക മഞ്ജു.കെ.അർ ചർച്ചകൾക്കു തുടക്കം കുറിച്ചു.പുതിയ ആഖ്യാനങ്ങളിൽ ജീവചരിത്രം, ആത്മകഥ, നോവല് തുടങ്ങിയ ഗണ കല്പനകള് അപ്രസക്തമായിരിക്കുന്നല്ലോ?, മാസികകളിലും മറ്റും ഇലസ്ട്രേഷന് വരുമ്പോ ആഖ്യാനത്തിൽ സ്വാധീനം ചെലുത്തുകയില്ലേ, ആഖ്യാനത്തിന്റെ ദുർഗ്രഹതയെ കുറിച്ച് എന്താണ് അഭിപ്രായം എന്ന ചോദ്യങ്ങൾക്ക് വളരെ വിശദമായും വ്യക്തമായും പ്രഭാഷകന് നിലപാടുകള് വ്യക്തമാക്കി.

ഒരു കഥയുടെ ആഖ്യാന ഘടകങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോള് കഥയുടെ ഏതെല്ലാം സവിശേഷതകളാണ് പരിശോധിക്കേണ്ടത്. ഉദാഹരണത്തിലൂടെ വിവരിക്കുമോ എന്ന സംശയത്തിന് കഥ തുടങ്ങുന്നത് എങ്ങനെ, ഗതി, ട്വിസ്റ്റ്, കഥ അവസാനിപ്പിക്കുന്നത് എങ്ങനെ എന്നീ ഘടകങ്ങളെ കുറിച്ച് വിശദീകരിക്കുകയും ഉദാഹരണത്തിലൂടെ വ്യക്കമാക്കുകയും ചെയ്തു.

മോഡറേറ്റര് ഫെൽബിന് നന്ദി ആശംസിച്ച് വെബിനാര് കൃത്യം 4.00 മണിക്ക് അവസാനിപ്പിച്ചു.


ഗുണഭോക്താക്കൾ

പരമ്പരയുടെ മൂന്നാം ദിവസം, എം എ വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്

കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, തുടങ്ങി നാല്പത്തി അഞ്ചോളം പേര് വെബിനാറില് പങ്കെടുത്തു.

17.(5). 29/9/2020 ഞായറാഴ്ച 2.30ക്ക് കെ.കെ.ടി.എം.ഗവ.കോളേജ് മലയാള വിഭാഗം അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സാംസ്കാരിക വായനകള് എന്ന വെബിനാര് പരമ്പരയുടെ അഞ്ചാം ദിവസത്തെ റിപ്പോർട്ട് .

കെ.കെ ടി.എം ഗവ കോളേജിലെ മലയാളം ഗവേഷണ കേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഹല്ലില റഹ്മാൻ ന്റെ അധ്യക്ഷതയില് വെബിനാര് ആരംഭിച്ചു. മോഡറേറ്ററായ ഗവേഷക ലക്ഷ്മിപ്രിയ എം ആർ ന്റെ സ്വാഗത പ്രസംഗത്തിനു ശേഷം ഫാറൂഖ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വി ഹിക്മത്തുള്ള 'കേരളീയ ധൈഷണികതയും മാപ്പിള വ്യവഹാരങ്ങളും ' എന്ന വിഷയത്തിൽ പ്രഭാഷണം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും അടക്കം നിരവധിപേർ വെബിനാറില് പങ്കെടുത്തു.





ഡോ. വി ഹിക്മത്തുള്ള 'കേരളീയ ധൈഷണികതയും മാപ്പിള വ്യവഹാരങ്ങളും ' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിൽ ആദ്യം തന്നെ പറഞ്ഞു വച്ചത് തുടര് പഠനങ്ങള് ഏറ്റവും ആവശ്യമുള്ള മേഖലയാണ് ഇത് എന്നാണ്.

കേരളീയ ധൈഷണികതയെ നിർണയിക്കുന്നതില് പല ഘടകങ്ങളും പങ്കുവഹിച്ചിട്ടുണ്ട്. അതിൽ മാപ്പിളമാരുടെ വൈജ്ഞാനിക ഇടപെടലുകൾ എത്തരത്തിലായിരുന്നു എന്ന് വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ പ്രബന്ധം.കേരളീയ മുസ്ലിം പണ്ഡിതൻമാര് അറബിയിലും അറബിമലയാളത്തിലുമായി രൂപപ്പെടുത്തിയ വൈജ്ഞാനിക-സർഗാത്മക കൃതികൾക്കു പുറമെ പ്രായോഗികമായ നാട്ടറിവുകളെ വ്യവസ്ഥപ്പെടുന്നതടക്കമുള്ള കാര്യങ്ങൾ ഇക്കൂട്ടത്തില് പറഞ്ഞു.  കൊളോണിയലിസത്തോടും സവർണാധീശത്വത്തോടും പല മട്ടില് ചെറുത്തുനിന്നുകൊണ്ട് സാമൂഹ്യ- രാഷ്ട്രീയ മണ്ഡലങ്ങളില് സൃഷ്ടിച്ച , ഇസ്ലാമിക നൈതികതയിലൂന്നിയ അറിവുരൂപങ്ങളും ഇതിന്റെ ഭാഗമാണ്. മലയാളത്തിന്റെ പദ്യ-ഗദ്യഭാഷകളെ വികസിപ്പിക്കുന്നതിലും മാപ്പിളപ്പാട്ടുകളും വൈദ്യ_ ഗണിത -ഗോള -വിജ്ഞാനീയങ്ങളും ഉല്പാദിക്കുന്നതിലും പതിനഞ്ചാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടുവരെ മാപ്പിളമാർ പ്രവർത്തിച്ചതെങ്ങനെയാണെന്നുകൂടി ഇതിന്റെ ആലോചനയില് വരുന്നുണ്ട്. കേരളീയസമൂഹത്തെ ആധുനിക ജനാധിപത്യ ബോധത്തിലേക്കു പരിവർത്തിപ്പിക്കുന്നതില് മാപ്പിളവ്യവഹാരങ്ങളുടെ പങ്കിനെപ്പറ്റിയും വിജ്ഞാന നിർമ്മാണത്തിലെ രീതിശാസ്ത്ര പരമായ ദിശാമാറ്റത്തെപ്പറ്റിയും ഈ പഠനം പറയാൻ ശ്രമിച്ചു.കേരളത്തിലെ മുസ്ലീങ്ങളുടെ സർഗാത്മക സംഭാവനകളെ കുറിച്ചും സാഹിത്യ ചരിത്രങ്ങളിൽ പോലും അവഗണിക്കപ്പെട്ടു കൊണ്ടിരിക്കുന്ന  ഇവയുടെ മൂല്യം തിരിച്ചു പിടിക്കേണ്ടത്   സാഹിത്യ പഠിതാക്കളുടെ കടമയാണെന്നും അദ്ദേഹം വിശദീകരിച്ചു . പലതരത്തിലുള്ള  സമുദായങ്ങളിലൂടെയും , അവയിലൂടെ നിർമ്മിക്കപ്പെടുന്ന ജ്ഞാനനിർമ്മിതി യിലൂടെയുമാണ് വിജ്ഞാനത്തിന്റെ ഉറസി ലേക്ക് നാം എത്തിച്ചേർന്നത് .

നാന്നൂറ് വർഷത്തെ ബൃഹത്തായ വൈജ്ഞാനിക പാരമ്പര്യം കേരളത്തിലെ മുസ്ലീങ്ങൾക്കുണ്ട് . എന്നാൽ അത് വേണ്ട രീതിയിൽ മുസ്ലീങ്ങൾക്കിടയില് പോലും ചർച്ച ചെയ്യപ്പെടുന്നില്ല . കൊളോണിയൽ ജ്ഞാന രീതിയിലൂടെ മാത്രം സാഹിത്യം വിനിമയം ചെയ്യപ്പെട്ടപ്പോള് വേണ്ടപോലെ മത ഗ്രന്ഥങ്ങളെയോ സാമുദായിക രചനകളെയോ വായിക്കുവാൻ ആരും ശ്രമിച്ചില്ല . എന്നാൽ കേരളത്തിന്റെ ആധുനികതയുടെ രൂപീകരണത്തില് അറബിമലയാളവും, മുസ്ലിം സമുദായവും നൽകിയ സംഭാവനകള് ഏറ്റവും വിലപ്പെട്ടതാണ്. വൈദ്യശാസ്ത്രം, ഗോളശാസ്ത്രം, ബൈബിൾ വിവർത്തനം അഷ്ടാംഗഹൃദയം വിവർത്തനം തുടങ്ങിയ വിവിധ വൈജ്ഞാനിക മേഖലകളും ആളും മുസ്ലിം പ്രതിപാദിക്കുന്നുണ്ട് . കേരളീയ വൈദ്യത്തിൽ മുസ്ലിങ്ങൾക്കുള്ള സ്ഥാനം വിലപ്പെട്ടതാണെന്ന് ഡോക്ടർ പി അബൂബക്കര് പഠനം നടത്തിയിട്ടുണ്ട്. ഇങ്ങനെ മുസ്ലിം സമുദായത്തെയും, സമുദായത്തിൽ രചിക്കപ്പെട്ടിട്ടുള്ള സാഹിത്യകൃതികളെയും, വിശകലനം ചെയ്തുകൊണ്ട് കേരളത്തിന്റെ ധൈഷണികമായ രൂപീകരണത്തിൽ മാപ്പിള സമുദായത്തിനുള്ള സ്ഥാനവും, എന്നാൽ വിദേശങ്ങളില് പോലും പഠന വിധേയമായിക്കൊണ്ടിരിക്കുന്ന ഈ വിഷയം കേരളത്തിലെ പണ്ഡിത ജനങ്ങൾക്കിടയിലും , മുസ്ലിം സമുദായങ്ങൾക്കിടയിലും ഉറയ്ക്കാതെ പോയതിനെ കാരണങ്ങള് പ്രഭാഷകന് വിശദീകരിച്ചു .ആഖ്യാനത്തിന്റെ രീതിശാസ്ത്രം അവയുടെ വിവിധ വശങ്ങൾ, സാങ്കേതിക ഘടന എന്നിവയെല്ലാം ആദ്യം തന്നെ വ്യക്തമായി വിശദീകരിച്ചു. ഉദാഹരണത്തിനായി മാപ്പിള സാഹിത്യത്തിലെ കവിതകള് ഉദ്ദരിച്ചുകൊണ്ട് പ്രഭാഷകന് വിഷയത്തെ കൂടുതൽ ലളിതമാക്കി തന്നു.

ഗവേഷകരായ അഞ്ജലി മോഹന് എം ആര് , ഷീന എസ് എന്നിവർ ചർച്ചകൾക്കു തുടക്കം കുറിച്ചു. മാപ്പിള രാമയണം പോലുള്ള കൃതികളെയും, ചരിത്ര സങ്കേതങ്ങളേയും കുറിച്ചുള്ള ചോദ്യത്തിന് വളരെ വിശദമായും വ്യക്തമായും പ്രഭാഷകൻ മറുപടി പറഞ്ഞു. .

അറബി മലയാളത്തിന്റെ സ്വതന്ത്ര നിലനിൽപ്പിനുവേണ്ടി വാദിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് വാദിക്കുക അല്ല മറിച്ച് അറിയുകയും ആ വൈജ്ഞാനികമേഖലയെ കുറിച്ച് പഠിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് എന്ന് അദ്ദേഹം വ്യക്തമാക്കി. അറബി കഥകൾ മലയാളത്തില് ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും , മുസ്ലിം വൈജ്ഞാനിക രംഗത്തുള്ള സ്ത്രീകളുടെ ഇടപെടലിനെ കുറിച്ചും മാഷ് വിശദീകരിക്കുകയുണ്ടായി.

മോഡറേറ്റര് ലക്ഷ്മിപ്രിയ നന്ദി ആശംസിച്ച് വെബിനാര് കൃത്യം 4.00 മണിക്ക് അവസാനിപ്പിച്ചു.

ഗുണഭോക്താക്കൾ

പരമ്പരയുടെ മൂന്നാം ദിവസം, എം എ വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, തുടങ്ങി നാല്പത്തി അഞ്ചോളം പേര് വെബിനാറില് പങ്കെടുത്തു.

17.(6). 1/10/2020 ഞായറാഴ്ച്ച 2.30ക്ക് കെ.കെ.ടി.എം.ഗവ.കോളേജ് മലയാള വിഭാഗം അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സാംസ്കാരിക വായനകള് എന്ന വെബിനാര് പരമ്പരയുടെ ആറാം ദിവസത്തെ റിപ്പോർട്ട് .

കെ.കെ ടി.എം ഗവ കോളേജിലെ മലയാളം ഗവേഷണ കേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസര് സംഗീത കെ യുടെ അധ്യക്ഷതയിൽ വെബിനാര് ആരംഭിച്ചു. മോഡറേറ്ററായ ഗവേഷക അംബിക കെ കെ യുടെ സ്വാഗത പ്രസംഗത്തിനു ശേഷം 'ദൈവാനുഭൂതിയെ അപകോളനീകരിക്കുമ്പോൾ :ഒരു ട്രാൻസ് മോഡേണ് കാഴ്ചപ്പാട്' എന്ന വിഷയത്തിൽ സാമൂഹിക പ്രവർത്തകനും അധ്യാപകനുമായ രാജന് കെ പ്രഭാഷണം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും അടക്കം നിരവധിപേര് വെബിനാറില് പങ്കെടുത്തു.





ദൈവാനഭവം പലതാണ്.ദൈവാനഭവത്തിന്റെ ചേരുവ വിശുദ്ധ കാലം, മിത്ത്, അനുഷ്ഠാനംതുടങ്ങിയവയിലൂടെ രൂപം പ്രാപിക്കുന്നവയാണ്.യൂറോപ്യൻ കേന്ദ്രീകൃത സംസ്കാരത്തിന്റെ അധിനിവേശഫലമായി ഇന്ത്യയില് രൂപം കൊണ്ട വിവിധ മതങ്ങൾ എങ്ങനെയെല്ലാമാണ് അപകോളനീകരിക്കപ്പെട്ടത് എന്നും ആ മതങ്ങളില് നിന്നും ഭിന്നമായി നിൽക്കുന്ന വയ്യ ക്തികമായ ആത്മീയ മതമാണ് സത്യം എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം പ്രഭാഷണത്തിലൂടെ പൂർണ്ണമായും പറയാന് ശ്രമിച്ചത് ദൈവശാസ്ത്രം എന്നൊന്നുണ്ട് ,ദൈവമില്ലാതെ ജീവിക്കാനാവില്ല, അതുകൊണ്ടുതന്നെ തനതായ രീതിയിൽ (ചിത്രങ്ങളിൽ കാണുന്ന ദൈവത്തിന്റെ വേഷം, ഭാവം..etc) മതത്തെ അപകോളനീകരിക്കുകയാണ് വേണ്ടത് എന്നാണ്.

ഗവേഷകരായ ഹീര ടി എം , ഷിബിന് ബി എന്നിവര് ചർച്ചകൾക്ക തുടക്കം കുറിച്ചു. എല്ലാ ചോദ്യങ്ങളിലും പൊതുവായി നിറഞ്ഞു നിന്ന ആശയം സമകാലിക കാലഘട്ടത്തിൽ മതത്തിന്റെ ആവശ്യകത ഇല്ല എന്നായിരുന്നു.എന്നാൽ പ്രഭാഷകന് മതത്തിന്റെയും, ആത്മീയതയുടെയും ആവശ്യകതയെപറ്റി വാചാലനാവുകയാണുണ്ടായത്. ദൈവം എന്ന പദത്തോട് ശാസ്ത്രം എന്ന പദം ചേർക്കുന്നത് തന്നെ ഉചിതമല്ല എന്ന് ഗവേഷകയായ ഹീര ടി.എം വാദിച്ചു ദൈവശാസ്ത്രം എന്നു പറയുന്നത് മനുഷ്യശാസ്ത്രത്തെ തിരസ്കരിക്കുകയാണ് ചെയ്യുന്നത് . അതുകൊണ്ടുതന്നെ സമകാലിക കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഒരു പഠനത്തിന്റെ ആവശ്യകത തന്നെ ഇല്ല എന്നാണ് ഗവേഷക മുന്നോട്ടുവച്ച വാദം . മതേതരത്വം ആശയങ്ങളുമായി ചേർന്നുകൊണ്ട് ന്യൂനപക്ഷങ്ങളെ ഹിംസാത്മകമായി തള്ളിക്കളയുകയാണ് ലിബറല് ഡെമോക്രസി ചെയ്യുന്നത് എന്ന് അധ്യാപികയായ ഡോക്ടർ ജി ഉഷാകുമാരി പറയുകയുണ്ടായി. വളരെ സജീവമായ ചറച്ചയ്ക്കു ശേഷം മോഡറേറ്റർ അംബിക കെ കെ നന്ദി ആശംസിച്ച് വെബിനാര് കൃത്യം 4.00 മണിക്ക് അവസാനിപ്പിച്ചു.

ഗുണഭോക്താക്കൾ

പരമ്പരയുടെ ആറാം ദിവസം, എം എ വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, തുടങ്ങി നാല്പത്തി അഞ്ചോളം പേര് വെബിനാറില് പങ്കെടുത്തു.

17.(7). 3/10/2020 ശനിയാഴ്ച്ച 2.30ക്ക്കെ.കെ.ടി.എം.ഗവ. കോളേജ്മലയാളവിഭാഗം അബ്ദുറഹ്മാൻസ്മാരകഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽസംഘടിപ്പിച്ച സാംസ്കാരികവായനകൾഎന്നവെബിനാർപരമ്പരയുടെ അവസാനദിവസത്തെ റിപ്പോർട്ട് .

കെ.കെടി.എം. ഗവ.  കോളേജിലെ മലയാളഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ്പ്രൊഫസർഡോ. യാക്കോബ്തോമസ്ന്റെ അധ്യക്ഷതയിൽവെബിനാർആരംഭിച്ചു. മോഡറേറ്ററായ ഗവേഷക  അർഷിതയുടെ സ്വാഗതപ്രസംഗത്തിനുശേഷം ഡോ.രഞ്ജിനികൃഷ്ണൻ  'അറിവുംആനന്ദവുംതമ്മിലെന്ത്?മനോവിജ്ഞാനീയം രീതിശാസ്ത്രം എന്നനിലയിൽ' എന്നവിഷയത്തിൽപ്രഭാഷണം അവതരിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ഗവേഷകരും അടക്കം നിരവധിപേർവെബിനാറിൽപങ്കെടുത്തു.



ഡോ. രഞ്ജിനികൃഷ്ണൻഅറിവും 'ആനന്ദവുംതമ്മിലെന്ത്? മനോവിജ്ഞാനീയംരീതിശാസ്ത്രംഎന്നനിലയിൽ' ഈവിഷയത്തിൽആദ്യംതന്നെതലക്കെട്ടിനെവിശദീകരിച്ചുകൊണ്ടാണ്പ്രഭാഷണംആരംഭിച്ചത്. രീതിശാസ്ത്രംഎന്തിന്, ശാസ്ത്ര-മാനവിക വിഷയങ്ങളിൽവരുന്ന രീതിശാസ്ത്രത്തിന്റെ  പ്രാധാന്യം എന്നിവസൂചിപ്പിച്ചതിനു ശേഷംഫ്രോയിഡ്,ലക്കാൻഎന്നിവരുടെ മന:ശാസ്ത്രസങ്കല്പങ്ങള വിശദീകരിച്ച് സമീപനങ്ങൾതമ്മിലുള്ള സവിശേഷതകളെ സൂചിപ്പിക്കുന്നു .അനുഭവം -ആനന്ദം – അറിവ് ഇവതമ്മിലുള്ള ബന്ധത്തെ വിശദീകരിച്ചു.

മുൻകൂട്ടി തീരുമാനിച്ച ഒരുഇടത്തിൽതുടങ്ങുന്നതാണോ അതോ പഠിച്ചതെല്ലാം പൊളിഞ്ഞുപോകുന്നിടത്താണോ ഗവേഷണംആരംഭിക്കുന്നത്, വിഷയം – വിഷയിഫിൽഡ് ഇതൊക്കെ പഠിക്കുന്നതാണോ അതോ പഠിപ്പിക്കുന്നതാണോ ഇതിലെല്ലാം മനോവിജ്ഞാനീയം എങ്ങനെഉൾപ്പെടുന്നു എന്നിവയെയെല്ലാം മുൻനിർത്തി പ്രഭാഷണം മുന്നോട്ട് പോയി.

ഗവേഷകൻവൈശാഖ്ചർച്ചകൾക്കുതുടക്കംകുറിച്ചു.
അറിവുംആനന്ദവുംമതകേന്ദ്രിതനിലപാടുകളിൽപുരുഷകേന്ദ്രിതമാകുന്നില്ലേ? കൃഷ്ണനിലേക്ക്എത്തുന്നരാധ, ക്രിസ്തുവിലേക്ക്എത്തുന്നമഗ്ദലനംഒക്കെഎങ്ങനെനോക്കിക്കാണുന്നു, ഫ്രോയിഡിലേക്കുള്ളമടക്കംഎന്നത്ലക്കാന്റെതള്ള്മാത്രമായിരുന്നില്ലേ?, എന്റെഗവേഷണപഠനത്തിൽഞാൻപ്രത്യക്ഷപ്പെടില്ലേ... സാഹിത്യത്തിൽഎന്നപോലെഅതിൽതെറ്റുണ്ടോ?, സ്ത്രീയുടെആത്മവിശ്വാസത്തെയുംആനന്ദത്തെയുംഏകാന്തതയുമായിബന്ധിപ്പിക്കാവുന്നതല്ലേ? സ്ത്രീപലപ്പോഴുംസ്വസ്ഥചിത്തയാകുന്നത്തനിച്ചാകുമ്പോഴല്ലേ?, എം.എൻവിജയന്റെവായനയിൽനിന്ന്ഫ്രോയ്ഡിനെയുംമനോവിജ്ഞാനീയസങ്കല്പനങ്ങളെയുംഎടുത്തുമാറ്റിയാലുംഅതിന്മൗലികമായനിൽപ്പുണ്ടാവില്ലേ? മലയാളഭാഷയിലെഒരുപണിയല്ലേഅത്? തുടങ്ങിനിരവധിസംശയങ്ങൾക്ക്പ്രഭാഷകൻതന്റെനിലപാടുകൾകൃത്യമായിവ്യക്തമാക്കി.


ഈവെബിനാർപരമ്പരയുടെകോഡിനേറ്റർഡോദീപബി.എസ്നന്ദിആശംസിച്ചു.വെബിനാർകൃത്യം 4 .00 ക്ക്അവസാനിച്ചു.

ഗുണഭോക്താക്കൾ

പരമ്പരയുടെആറാംദിവസം, എംഎവിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്കാളേജുകളിലെ അധ്യാപകവിദ്യാർത്ഥികള്, തുടങ്ങിനാല്പത്തിഅഞ്ചോളംപേർവെബിനാറിൽപങ്കെടുത്തു.

**18. 2020 സെപ്റ്റംബര് 30 ബുള്ളറ്റിന് ലക്കം രണ്ട് പ്രസിദ്ധീകരിച്ചു**

ബുള്ളറ്റിൻ ലക്കം രണ്ട് പ്രസിദ്ധീകരിച്ചു. Flip Html 5 വഴി ഓൺലൈനിലും (ബുള്ളറ്റിൻ ലക്കം രണ്ട് പ്രസിദ്ധീകരിച്ചു. പുസ്തക രൂപത്തിൽ(https://online.fliphtml5.com/hgbju/itqg/)




(https://online.fliphtml5.com/hgbju/gqdy/) ബുള്ളറ്റിൻ ലഭ്യമാക്കി.

19. **അക്കിത്തം അനുസ്മരണം 20-10-20**




കെ.കെ.ടി.എം. ഗവ.കോളേജ് ചരിത്രവിഭാഗവും മലയാളവിഭാഗവുമായി ചേർന്ന് 20.10.2020 ചൊവ്വാഴ്ച അക്കിത്തം അനുസ്മരണം സംഘടിപ്പിച്ചു. ഉച്ചയ്ക്ക്2 മണി മുതല് 4വരെ ഗൂഗിൾ മീറ്റ് മാധ്യമം ഉപയോഗിച്ച് അനുസ്മരണ വെബിനാര് നടന്നു.ഡോ. അനിൽ

വള്ളത്തോൾ (തിരൂർ തുഞ്ചത്ത് എഴുത്തച്ഛന് മലയാളം സർവകലാശാല വൈസ് ചാൻസലർ) അക്കിത്തത്തിന്റെ കാവ്യലോകത്തെയും അദ്ദേഹത്തിന്റെ കവിവ്യക്തിത്വത്തെയും മുനിർത്തി പ്രഭാഷണം നടത്തി. പ്രഭാഷണ വിഷയം: 'ഞാനറിയുന്ന അക്കിത്തം'. അക്കിത്തം കവിതകൾ മാനവികതയുടെ ഉദാത്തമായ സർഗാത്മക ആവിഷ്കാരമാണെന്ന് ഡോ. അനിൽ വിലയിരുത്തി. കോളേജ് പ്രിൻസിപ്പാള് ഡോ.ഇ.എ. നെസി അധ്യക്ഷത വഹിച്ചു. ബി.എ മലയാളം പൂർവവിദ്യാർത്ഥിനി അനുപമ.പി.എസ്, രണ്ടാം വർഷ ബി.എ മലയാളം വിദ്യാർത്ഥികളായ ഇമ്മാനുവല്, അഞ്ജനാലക്ഷ്മി തുടങ്ങിയവര് അക്കിത്തത്തിന്റെ കവിതകൾ ആലപിച്ചു. ചരിത്രവിഭാഗം അധ്യക്ഷൻ പ്രൊഫ. എ.എം ഷിനാസ് പരിപാടിയുടെ മോഡറേറ്റർ ചുമതല നിർവഹിച്ചു. മലയാള വിഭാഗം അധ്യക്ഷ



ഡോ.ജി.ഉഷാകുമാരി സ്വാഗതവും

ചരിത്രവിഭാഗം അധ്യാപിക ശ്രീപാർവതി നന്ദിയും പറഞ്ഞു.








പരിപാടിയിൽ അധ്യാപകരും വിദ്യാർത്ഥികളുമടക്കം 90 പേരോളം പങ്കെടുത്തു.

20.എഴുത്തുകാരനുമായുള്ള സംവാദം: പരിപാടി 1

കൊടുങ്ങല്ലൂർ കെ കെ ടി എം ഗവ. കോളേജിലെ മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 23ന് വെള്ളിയാഴ്ച 4 മണിക്ക് കെ.എം. വേണുഗോപാലനുമായി നടന്ന മുഖാമുഖ സംഭാഷണത്തിന്റെ റിപ്പോർട്ട്.









മൂന്നാം സെമസ്റ്റര് ബിരുദാനന്തര ബിരുദ മലയാളം വിദ്യാർത്ഥികളുടെ സിലബസിലെ ദളിത് സ്ത്രീപക്ഷ പരിസ്ഥിതി ഇടപെടൽ എന്ന ഇലക്ടീവ് പേപ്പറിനെ അധികരിച്ച് 'ഫെമിനിസം പിറവിയുടെ നാളുകള് ' എന്ന ലേഖനം ഉൾപ്പെടുന്ന സ്ത്രീവിമോചനം: ചരിത്രം, സിദ്ധാന്തം, സമീപനം എന്ന ചരിത്രപ്രധാനമായ പുസ്തകത്തിന്റെ രചയിതാക്കളിൽ ഒരാളായ കെ.എം. വേണുഗോപാലനുമായി വിദ്യാർത്ഥികളും അധ്യാപകരും സംവദിച്ചു. കെ. കെ.ടി.എം.മലയാളവിഭാഗം വകുപ്പധ്യക്ഷ ഡോ.ജി. ഉഷാകുമാരി അദ്ദേഹത്തെ എല്ലാവർക്കും വേണ്ടി പരിചയപ്പെടുത്തി. സംവാദത്തിനായി ഏവരെയും ക്ഷണിച്ചു.

1989 ല് രചിക്കപ്പെട്ട ഫെമിനിസത്തെക്കുറിച്ചുള്ള ചരിത്രപ്രധാനമായ പുസ്തകത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും, അദേഹത്തിന്റെ 'കേരളം: ലൈംഗികത, ലിംഗനീതി' എന്ന പുസ്തത്തെക്കുറിച്ചും വിവർത്തനകൃതികളെക്കുറിച്ചും സ്വാഗതപ്രസംഗത്തിൽ സൂചിപ്പിച്ചു. മോഡറേറ്ററായ ജി.ഉഷാകുമാരി തന്നെ ആദ്യചർച്ച തുടങ്ങിവെച്ചു. മറുപടിയായി അദ്ദേഹം നടത്തിയ പ്രഭാഷണം സമകാലികപരമായി ഒട്ടേറെ അടുത്തുനിൽക്കുന്ന ഒന്നായിരുന്നു. ഫെമിനിസ്റ്റുകളെക്കുറിച്ച് സമൂഹം ധരിച്ചു വച്ചിരിക്കുന്ന മൂഢമായ കാഴ്ചപ്പാടുകളിൽ നിന്ന് തുടങ്ങി ആരാണ് ഫെമിനിസ്റ്റുകൾ എന്ന മരിയ മിയെസ്ന്റെ നിർവചനത്തെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വളരെ കൃത്യമായി പാശ്ചാത്യവും ഇന്ത്യനുമായ ഫെമിനിസത്തിന്റെ ആരംഭത്തെക്കുറിച്ച് വിശദമാക്കി. അതോടൊപ്പം തന്നെ 'Patriarchy and accumulation can a worse scale' എന്ന പുസ്തകത്തെ പരിചയപ്പെടുത്തുകയും ചെയ്തു. അസമത്വം നിറഞ്ഞതും പീഡനാത്മകവുമായ സ്ത്രീ-പുരുഷ ബന്ധങ്ങളെ പൊതിഞ്ഞിരിക്കുന്ന മൗനത്തിന്റെ ഗൂഢാലോചനയെ തകർക്കാന് ധൈര്യപ്പെടുന്നവരും അതിനെ മാറ്റിത്തീർക്കുന്നവരും ആണ് ഫെമിനിസ്റ്റുകൾ. ഫെമിനിസം എന്നത് ഏകരൂപം അല്ല മറിച്ച് ഒരുപാട് സിദ്ധാന്തങ്ങൾ, നിലപാടുകള് ,സ്വത്വങ്ങൾ അതില് ഉൾച്ചേർന്നിരിക്കുന്നു. കാലങ്ങളായി

സ്ത്രീകൾ നേരിടുന്ന അവകാശ നിഷേധങ്ങള് പറ്റിയും സ്ത്രീകൾക്ക് ആവശ്യമായ സാഹോദര്യ , സ്വാതന്ത്ര്യത്തെ പറ്റിയും അദ്ദേഹം വിശദമായിത്തന്നെ പറഞ്ഞു. 1980കളിലെ സ്ത്രീകളുടെ സാമൂഹ്യജീവിതത്തിൽ നിന്നും 2020 ലേക്ക് എത്തിനിൽക്കുമ്പോള് കാലാനുസൃതമായ മാറ്റങ്ങൾ കൈവന്നിട്ടുണ്ട്. ഇന്ത്യയിലെ ജാതിയും ലിംഗവും തമ്മിലുള്ള ബന്ധം സ്ത്രീകളെ അസ്വാതന്ത്ര്യത്തിലേക്ക് നയിച്ച പ്രധാനഘടകമാണ്. മാത്രമല്ല മനുസ്മൃതി ഇന്ത്യൻ സാമൂഹികാവസ്ഥയുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു എന്നും ഇന്നത്തെ സാഹചര്യങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. അക്കാദമികമായ സംവാദത്തിൽ നിന്നും മാറി സ്ത്രീകള് നേരിടുന്ന പ്രശ്നങ്ങളെ കൃത്യമായി ഇന്നത്തെ സാഹചര്യവുമായി ബന്ധപ്പെടുത്തി കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. വാളയാറും ഹത്രാസും പരാമർശിച്ചു. ഇന്ത്യയുടെ നിയമവ്യവസ്ഥ പോലും സ്ത്രീകൾക്ക് സുരക്ഷ നൽകുന്നില്ല ആവശ്യമായ നീതി ഉറപ്പാക്കുന്നില്ല എന്നതാണ് വാസ്തവം. ഭരിക്കുന്നവരെ അനുകൂലിക്കുന്ന മാധ്യമങ്ങളെപറ്റിയും, ആഗോളപരമായി ഇന്നും ഒരു ഇളക്കവും സംഭവിക്കാതെ നിലനിൽക്കുന്ന പുരുഷ മേധാവിത്വത്തെപറ്റിയും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ പങ്കുവെച്ചു. സദാചാരഭീകരത തുടങ്ങിയ പ്രശ്നങ്ങളെ മുൻനിർത്തി പുരുഷാധിപത്യത്തിന്റെ അപകടത്തെപ്പറ്റിയും സൂചിപ്പിച്ചു. കിസ് ഓഫ് ലവ്, ലവ് ജിഹാദ് ഒക്കെ പരാമർശിച്ചു. ഡോ. എം. ആർ രാജേഷും ഡോ. മുഹമ്മദ് ബഷീറും , ഡോ. കലയും എം എ വിദ്യാർഥിനികളും ചർച്ചയില് ഇടപെട്ടു. അക്കാദമികമായി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുമ്പോഴും സ്വന്തം ഭാവിയെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ സ്വയം തീരുമാനമെടുക്കാനാകാതെ വൈവാഹികജീവിതത്തിന്റെ പ്രത്യയശാസ്ത്രം അറിയാതെ പോകുന്നതിലെ ആശങ്ക ഡോ. കലയും ഡോ. ഉഷാകുമാരിയും പങ്കുവെച്ചു.

ഈ സമകാലിക ഘട്ടത്തില് തികച്ചും അത്യന്താപേക്ഷിതമായ ഒരു പ്രഭാഷണം ആയിരുന്നു ഇത്. രണ്ടു മണിക്കൂർ നീണ്ടു നിന്ന ചർച്ചകൾക്കുശേഷം

എം. എ. വിദ്യാർത്ഥിനി അഷിദ നന്ദി പറഞ്ഞതോടുകൂടി പ്രഭാഷണം 6 മണിക്ക് അവസാനിച്ചു.


കേരളവർമ കോളജിലെ അധ്യാപകരായ ഡോ : രാജേഷ് എം ആർ, ഡോ. കലമോൾ, കെ.കെ.ടി.എം. ഗവ.കോളജിലെ കെ.കെ. മുഹമ്മദ് ബഷീർ, സരിത ടി.എസ് എന്നീ അധ്യാപകരും രണ്ടു കോളജിലെയും ബിരുദാനന്തര ബിരുദ മലയാളം വിദ്യാർഥികളും മറ്റനേകംവിദ്യാർഥികളും പരിപാടിയില് പങ്കെടുത്തു.

### 21. മൂന്നാം വർഷ ബി. ഏ മലയാളം അദ്ധ്യാപക രക്ഷാകർതൃ യോഗത്തിന്റെ റിപ്പോർട്ട്

2020 നവംബര് 5 ന് ഗൂഗിള് മീറ്റ് വഴി ഓൺലൈനായി നടന്ന മൂന്നാവർഷ ബി.ഏ മലയാളം വിദ്യാർത്ഥികളുടെ ക്ലാസ്സ് PTA,2020 നവംബര് 5 ന്7.30


മണിയ്ക്ക് സംഘടിപ്പിച്ചു. മലയാള വിഭാഗത്തിലെ അദ്ധ്യാപകരും 35 രക്ഷകർത്താക്കളും വിദ്യാർത്ഥികളും പങ്കെടുത്തു. എല്ലാവരേയും മലയാള വിഭാഗം അധ്യക്ഷ ഡോ.ജി.ഉഷാകുമാരി സ്വാഗതം ചെയ്യുകയും മൂന്നാം വർഷ വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങള് വിലയിരുത്തുകയും വരും ദിവസങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനുള്ള നിർദേശങ്ങള് നൽകുകയും ചെയ്തു. ക്ലാസ് ട്യൂട്ടർ മുഹമ്മദ് ബഷീര് ഇന്റേണൽ പരീക്ഷയുടെ പശ്ചാത്തലത്തില് പൊതുവായ ഫീഡ്ബാക്കുകള് നൽകി. യാക്കോബ് തോമസ്, ഫൗസിയ, ലക്ഷ്മി, സംഗീത, ദീപ ബി.എസ്, ഹലീൽ എന്നീ ടീച്ചേർസും രക്ഷിതാക്കളെ അഭിസംബോധന ചെയ്തു കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ഓൺലൈന് ക്ലാസ്സുകളും അതുമായി ബന്ധപ്പെട്ട് അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന പ്രശ്നങ്ങള് ചർച്ച ചെയ്തു. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ കാര്യങ്ങള് ചർച്ച ചെയ്തു. എല്ലാരക്ഷിതാക്കളും അധ്യാപകരുമായി സംവദിച്ചു.യോഗം 9 മണിയോടെ സമാപിച്ചു


**22.മാതൃഭാഷാ അവഗണനക്കെതിരെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് (6/11/20 – 12/11/20) വിദ്യാർത്ഥി മലയാളവേദി കെ. കെ. ടി. എം ഗവണ്മെന്റ് കോളേജ് യൂണിറ്റ് പ്രതിഷേധ വാരാചരണം സംഘടിപ്പിച്ചു.**













മാതൃഭാഷാ അവഗണനക്കെതിരെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥിമലയാളവേദി കെ. കെ. ടി. എം ഗവണ്മെന്റ് കോളേജ് യൂണിറ്റ് നവംബർ 6 വെള്ളിയാഴ്ച മുതല് നവംബര് 12 വ്യാഴാഴ്ച്ച വരെ പ്രതിഷേധ വാരാചരണം സംഘടിപ്പിച്ചു. വിദ്യാർത്ഥി ഐക്യവേദി പ്രതിഷേധ കൂട്ടായ്മ എന്ന നിലയില് കോളേജില് ആദ്യമായി നടത്തിയ പ്രവർത്തനമായിരുന്നു ഈ പ്രതിഷേധ വാരാചരണം.

വിദ്യാർത്ഥി ഐക്യവേദി കെ. കെ. ടി. എം ഗവ കോളേജ് യൂണിറ്റിന്റെ തുടർപ്രവർത്തനങ്ങൾക്ക് മുന്നോടിയെന്നവണ്ണമാണ് ഈ പ്രതിഷേധ വാരാചരണം സംഘടിപ്പിച്ചത്. കോവിഡിന്റെ അതിതീവ്ര വ്യാപനം കണക്കിലെടുത്ത് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിലൂടെയാണ് പരിപാടികള് അരങ്ങേറിയത്. നവംബർ 6 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 4:30 ഓടെ ആരംഭിച്ച പ്രതിഷേധ പരിപാടിയില് രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി ദിൽഷ സി. എസ് സ്വാഗതം ആശംസിച്ചു . അധ്യക്ഷ സ്ഥാനം


വഹിച്ച രണ്ടാംവർഷ മലയാള ബിരുദ വിദ്യാർത്ഥി ഇമ്മാനുവല് മലയാളഭാഷയുടെ



ഇന്നത്തെ അരക്ഷിതാവസ്ഥയെക്കുറിച്ചു സൂചിപ്പിച്ചു.

പരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചത് ആലുവ യു. സി കോളേജിലെ അസ്സി. പ്രൊഫ ഡോ. മാർക്കോസ് വി. പി യാണ്. മാതൃഭാഷ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ കുറിച്ചും ഭാഷയുടെ മൂല്യങ്ങളെ കുറിച്ചും അദ്ദേഹം വിദ്യാർത്ഥികളോട് സംസാരിച്ചു. തുടർന്ന് രണ്ടാംവർഷ മലയാള ബിരുദ വിദ്യാർത്ഥിനി അഞ്ജന ലക്ഷ്മി മലയാള ഭാഷാ മാധുര്യത്തെ വിളിച്ചോതുന്ന കവിതാലാപനം നടത്തി. കെ. കെ. ടി. എം ഗവ കോളേജ് മലയാള വകുപ്പ് മേധാവി ഡോ. ജി ഉഷാകുമാരി കോളേജിലെ വിദ്യാർത്ഥിവേദി യൂണിറ്റിന് എല്ലാവിധ പിന്തുണയും ആശംസയും അറിയിച്ചു. രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി അക്ഷയ കെ. എസ് പരിപാടിയുടെ ഓപചാരികമായ നന്ദി അറിയിച്ചു.





6:30 ഓടെ അവസാനിച്ച, പ്രതിഷേധ ദിനത്തിന്റെ ഉത്ഘാടനദിനത്തിൽ ഇരുപതോളം പേർ പങ്കെടുത്തു.

## പ്രതിഷേധ വാരാചരണം രണ്ടാം ദിനം(7/11/2020)

പ്രതിഷേധ വാരാചരണത്തിന്റെ രണ്ടാം ദിനത്തിൽ , രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി നന്ദന സ്വാഗതം ആശംസിച്ചു. ആധുനികകാലത്തിൽ ചവിട്ടിതാഴ്ത്തപെടുന്ന മാതൃഭാഷയെ ഉയർത്തെഴുന്നേൽപ്പിക്കേണ്ടത് മക്കളായ ഓരോ മലയാളികളുടെയും ഉത്തരവാദിത്തമാണെന്ന് ഓർമപ്പെടുത്തിക്കൊണ്ട് കെ. കെ. ടി. എം ഗവ. കോളേജിലെ മലയാളബിരുദ പൂർവ്വവിദ്യാർത്ഥി കൃഷ്ണനുണ്ണി ജോജി അധ്യക്ഷ പ്രസംഗം നടത്തി. കെ. കെ. ടി. എം ഗവ. കോളേജിലെ അസ്സി. പ്രൊഫ യാക്കോബ് തോമസ് മലയാളഭാഷാ പ്രാധാന്യത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി.




തുടർന്ന് കോളേജിലെ മലയാള വിഭാഗം പൂർവ്വ വിദ്യാർത്ഥിനി അനുപമ പി. എസ് വള്ളത്തോളിന്റെ 'എന്റെ ഭാഷ' എന്ന കവിത ആലപിച്ചു. രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി അഖില നന്ദി പ്രകാശിപ്പിച്ചു. 5:20 ഓടെ അവസാനിച്ച പരിപാടിയില് ഇരുപതോളംപേർ പങ്കെടുത്തു.

## പ്രതിഷേധ വാരാചരണം മൂന്നാം ദിനം (8/11/2020)

4:30 ഓടെ ആരംഭിച്ച പ്രതിഷേധ വാരാചരണത്തിന്റെ മൂന്നാം ദിനത്തില് രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി ഫാത്തിമത് സുഹറ സ്വാഗതം ആശംസിച്ചു. അധ്യക്ഷസ്ഥാനം വഹിച്ച ഒന്നാം വർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി ലക്ഷ്മി ഒ.ജെ കേരളസർക്കാരിന്റെയും പി. എസ്. സി യുടെയും മാതൃഭാഷാ വിരുദ്ധ നിലപാടുകളെ ചൂണ്ടിക്കാട്ടി. മൂന്നാം ദിനത്തിൽ അധ്യാപികയായ.പ്രിയദർശിനി എം.


എസ് പൊതുവിദ്യാലയവും മലയാള ഭാഷയും എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. 

മാതൃഭാഷയോട് കുട്ടികൾ ഏറ്റവും അടുക്കുന്നത് സ്കൂള് തലത്തില് വച്ചാണെന്നും, അതിനുള്ള അവസരം ഒരുക്കേണ്ടത് അനിവാര്യമാണെന്നും ടീച്ചര് പറഞ്ഞു. കൂടാതെ ഏതാനും അനുഭവങ്ങളും പങ്കുവച്ചു. തുടർന്ന് രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി അഞ്ജന ലക്ഷ്മി കവിതാലാപനം നടത്തി. കെ. കെ. ടി. എം. ഗവ കോളേജ് മലയാള വകുപ്പ്മേധാവി ജി. ഉഷാകുമാരി ടീച്ചർ കവിത അവതരിപ്പിച്ചു. രണ്ടാംവർഷ മലയാള ബിരുദവിദ്യാർത്ഥിനി അഖില പി. എസ് നന്ദി പ്രകാശിപ്പിച്ചു . 5:50ഓടെ അവസാനിച്ച പരിപാടിയിൽ മുപ്പത്തഞ്ചോളം പേര് പങ്കെടുത്തു.

## പ്രതിഷേധ വാരാചാരണം നാലാം ദിനം(9/11/2020)

പ്രതിഷേധവാരാചരണത്തിന്റെ നാലാംദിനത്തിൽ രണ്ടാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി അക്ഷയ കെ. എസ് സ്വാഗതമാശംസിച്ചു. രണ്ടാംവർഷ മലയാള ബിരുദ വിദ്യാർത്ഥിനി അഖില പി. എസ് അധ്യക്ഷസ്ഥാനം വഹിച്ചു. നാലാം ദിനത്തിൽ

കാലടി യൂണിവേഴ്സിറ്റിയിലെ ഗവേഷകയും അധ്യാപികയുമായ ശ്രീദേവി പി. എസ് മുഖ്യപ്രഭാഷണം നടത്തി. മലയാള ഭാഷയുടെ ശാക്തീകരണത്തെ കുറിച്ചും ഭാഷയിലെ അവസരങ്ങളെ കുറിച്ചും സംസാരിച്ചു




.

തുടർന്ന് രണ്ടാംവർഷ മലയാള ബിരുദവിദ്യാർത്ഥിനി അഞ്ജന ലക്ഷ്മി കവിത ആലപിച്ചു. രണ്ടാം വർഷ മലയാള ബിരുദവിദ്യാർത്ഥിനി അശ്വതി കെ. എം പരിപാടിയുടെ ഓപചാരികമായ നന്ദി പ്രകാശിപ്പിച്ചു. 5:30 ഓടെ അവസാനിച്ച പരിപാടിയില് ഇരുപത്തഞ്ചോളം പേർ പങ്കെടുത്തു.

## പ്രതിഷേധ വാരാചരണം അഞ്ചാം ദിവസം (10/11/2020)

പ്രതിഷേധവാരാചരണത്തിന്റെ അഞ്ചാം ദിനത്തില് ഒന്നാം വർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി അമൃത ടി. വി സ്വാഗതമാശംസിച്ചു. അധ്യക്ഷസ്ഥാനം വഹിച്ചത് ഒന്നാം വർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി ലക്ഷ്മി എം.സജീവ് ആണ്. മലയാള പഠനവും അധ്യാപനവും:നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, എന്ന വിഷയത്തില് കെ. കെ. ടി. എം ഗവ കോളേജിലെ അസ്സി. പ്രൊഫ

ഡോ. കെ. കെ മുഹമ്മദ് ബഷീർ മുഖ്യപ്രഭാഷണം നടത്തി. ഭാഷാപദവിയെക്കുറിച്ചും



ഭാഷയുടെ പ്രസക്തിയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു .

ഒന്നാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി വൈദേഹി സുരേഷ് കവിത ആലപിച്ചു. രണ്ടാംവർഷ മലയാള ബിരുദ വിദ്യാർത്ഥിനി ഫാത്തിമത്ത് സുഹറ പരിപാടിയുടെ ഓപചാരികമായ നന്ദി അറിയിച്ചു. 5:45 ഓടെ അവസാനിച്ച പരിപാടിയില് ഇരുപത്തഞ്ചോളം പേർ പങ്കെടുത്തു.

## പ്രതിഷേധവാരാചരണം ആറാം ദിവസം (11/11/2020)

പ്രതിഷേധവാരാചരണത്തിന്റെ ആറാം ദിനത്തിൽ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി ലക്ഷ്മി ഒ. ജെ സ്വാഗതം ആശംസിച്ചു. കോളേജിലെ മലയാള വിഭാഗം ഗവേഷണ വിദ്യാർത്ഥിനി അഞ്ജലി മോഹന് എം. ആർ അധ്യക്ഷത വഹിച്ചു. മാതൃഭാഷയെ നമ്മുടെ അവകാശമായി തീർക്കേണ്ടതിന്റെ അനിവാര്യതയെ ഓർമിപ്പിച്ചു. വിദ്യാർത്ഥി ഐക്യവേദിയുടെ സംസ്ഥാന പ്രസിഡന്റും, കാലടി യൂണിവേഴ്സിറ്റിയിലെ ഗവേഷകയുമായ ശ്രുപിമ. എസ് മാതൃഭാഷയുടെ വർത്തമാനം എന്ന വിഷയത്തില് മുഖ്യപ്രഭാഷണം നടത്തി. മലയാള ഭാഷയുടെ ആവശ്യകതയെക്കുറിച്ചും, ഈ സാഹചര്യത്തിൽ മലയാള ഐക്യവേദിയുടെ പ്രസക്തിയെക്കുറിച്ചും പ്രവർത്തനങ്ങളെകുറിച്ചും സംസാരിച്ചു. മലയാള ഭാഷ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ മുൻനിർത്തി വിപുലമായ ചർച്ച നടന്നു. മലയാള വിഭാഗം മുൻവിദ്യാർത്ഥിനി അനുപമ പി. എസ് കവിത ആലപിച്ചു. ഒന്നാം വർഷ മലയാള ബിരുതാനന്തര ബിരുദ വിദ്യാർത്ഥിനി അമൃത ടി. വി പരിപാടിയുടെ നന്ദി അറിയിച്ചു. മുപ്പത്തഞ്ചോളം പേർ പങ്കെടുത്ത ആറാം ദിനത്തിലെ പരിപാടികള് ആറുമണിയോടെ അവസാനിച്ചു.

## പ്രതിഷേധവാരാചരണം ഏഴാം ദിവസം (12/11/2020)

പ്രതിഷേധവാരാചരണത്തിന്റെ ഏഴാം ദിനത്തിൽ രണ്ടാം വർഷ മലയാളബിരുദ വിദ്യാർത്ഥിനി അഖില പി. എസ് സ്വാഗതമാശംസിച്ചു. കോളേജിലെ മലയാളവിഭാഗം പൂർവ്വ വിദ്യാർത്ഥി നിഥുല് പി. യു അധ്യക്ഷത വഹിച്ചു. മാതൃഭാഷ എന്നനിലയിൽ മലയാള ഭാഷക്ക് കൊടുക്കേണ്ട പ്രാധാന്യത്തെകുറിച്ച് സംസാരിച്ചു. മലയാളസർവകലാശാലയിലെ ഭാഷാശാസ്ത്ര വിഭാഗം അസ്സി. പ്രൊഫ ഡോ. സ്മിത കെ കോടതിമലയാളം എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. കോടതി ഭാഷ മലയാളമാക്കേണ്ടതിന്റെ അനിവാര്യതയും മറ്റു മേഖലകളിൽ മാതൃഭാഷയായ മലയാളത്തിന് നൽകേണ്ടതായിട്ടുള്ള പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. തുടർന്ന് പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ചർച്ച നടന്നു.




കെ. കെ. ടി. എം ഗവ കോളേജ് മലയാള വിഭാഗം പൂർവ വിദ്യാർത്ഥി കൃഷ്ണനുണ്ണി ജോജി, ഒന്നാം വർഷ മലയാള ബിരുദ വിദ്യാർത്ഥിനി വൈദേഹി സുരേഷ്, ജീസസ് ട്രെയിനിങ് കോളേജ് മാളയിലെ വിദ്യാർത്ഥിനി ലിന്റ ലോറൻസ് എന്നിവര് കവിതആലപിച്ചു. കോളേജിലെ മലയാള വിഭാഗം ഗവേഷണ വിദ്യാർത്ഥിനി അഞ്ജലി മോഹൻ എം. ആർ പരിപാടിയുടെ നന്ദി പ്രകാശിപ്പിച്ചു.

5:30ഓടെ അവസാനിച്ച പരിപാടിയിൽ ഇരുപതോളം പേര് പങ്കെടുത്തു.

## 23. പുല്ലൂറ് കെ.കെ.ടി.എം ഗവ: കോളേജ് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് മലയാള ഗവേഷണകേന്ദ്രത്തിൻ്റെ നേതൃത്വത്തിൽ 10/11/2020 ചൊവ്വായാഴ്ച 7.30 P M ന് നടന്ന പ്രതിവാര സെമിനാറിൻ്റെ റിപ്പോർട്ട്.

കെ കെ ടി എം ഗവൺമെൻ്റ് കോളേജ് മലയാളവിഭാഗം ഗവേഷണകേന്ദ്രമായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് ഗവേഷണകേന്ദ്രത്തിൻ്റേയും മലയാള വിഭാഗത്തിൻ്റേയും നേതൃത്വത്തിൽ ഗവേഷകർക്ക് വേണ്ടി നടത്തുന്ന പ്രതിവാര സെമിനാറിലെ മൂന്നാമത്തെ അവതരണം വകുപ്പദ്ധ്യക്ഷ ഡോ.ജി ഉഷാകുമാരിയുടെ ആഭിമുഖ്യത്തിൽ 10/11/2020 ചൊവ്വാഴ്ച 7.30 pm ന് നടന്നു.ഗവേഷകയായ ഹീര

ടി.എം വെബിനാറിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്തു.അഞ്ജലി മോഹൻ ആയിരുന്നു പ്രബന്ധാവതാരക.



ഒപ്പന: കല, സംസ്കാരം, രാഷ്ട്രീയം എന്ന വിഷയത്തെ മുൻനിർത്തിയാണ്



അഞ്ജലി പ്രബന്ധം അവതരിപ്പിച്ചത്.

ഒപ്പന എന്ന ദൃശ്യകലയുടെ ചരിത്രവഴികളും അത് കേരളീയസാംസ്കാരിക മണ്ഡലത്തിൽ ചെലുത്തിയ സ്വാധീനവും ഒപ്പനയുടെ ജനകീയതലവും ഒതുക്കപ്പെടലുകളും സ്ത്രീ പ്രാതിനിധ്യവും സ്ത്രീവിരുദ്ധതയും എല്ലാം പ്രബന്ധം ചർച്ച ചെയ്തു.


തുടർന്ന് പ്രബന്ധാവതരണത്തെകുറിച്ച് നടന്ന ചർച്ചയിൽ മോഡറേറ്ററായി ഗവേഷകയായ സിൻ്റോ കോങ്കോത്തും ഡിസ്കൻ്റായി ഗവേഷകനായ ഫെൽബിനും പങ്കെടുത്തു.

അദ്ധ്യാപകരായ ഡോ.ജി.ഉഷാകുമാരി,ഡോ .മുഹമ്മദ് ബഷീർ എന്നിവർ ചർച്ചയിൽ പങ്കെടുക്കുകയും ഒരു വിഷയത്തെ പ്രശ്നവൽക്കരിച്ചു കൊണ്ട് രീതിശാസ്ത്രത്തിൻ്റെ പിൻബലത്തോടെ പ്രബന്ധം അവതരിപ്പിക്കേണ്ടതിൻ്റെ ആവശ്യകത ഓർമ്മപ്പെടുത്തുകയും ചെയ്തു.ഗവേഷകരായ , സൗമ്യ, വൈശാഖ് തുടങ്ങിയവരും സംവാദത്തിൽ സജീവമായി പങ്കെടുത്തു. ഗവേഷകയായ


സിൻ്റോ കോങ്കോത്ത് വെബിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. 8.30 pm ഓടെ വെബിനാർ അവസാനിച്ചു.



ഏകദേശം പതിനാറോളം പേർ പങ്കെടുത്ത വെബിനാറിൻ്റെ ഉപഭോക്താക്കൾ ഈ ഗവേഷണ കേന്ദ്രത്തിലെ ഗവേഷക വിദ്യാർത്ഥികൾ ആണ്.

## 24.തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോന് അനുസ്മരണം- ( 16.11.2020 ) റിപ്പോർട്ട്



കെ.കെ.ടി.എം ഗവ.കോളേജ് മലയാള വിഭാഗം തയ്യപ്പറമ്പിൽ ഗോപാലൻകുട്ടി മേനോന് അനുസ്മരണം നടത്തി. 16.11.2020 തിങ്കളാഴ്ച 6.30 മണിക്ക് ഗൂഗിള് മീറ്റ് മാധ്യമം ഉപയോഗിച്ചാണ് പരിപാടി നടന്നത്.

മലയാള വിഭാഗം അധ്യാപകനായ ഡോ.കെ.കെ മുഹമ്മദ്ബഷീർ സ്വാഗതം ആശംസിച്ചു. മലയാള വിഭാഗം മേധാവി ഡോ.ജി ഉഷാകുമാരി അധ്യക്ഷത വഹിച്ചു. ടീച്ചർ തയ്യപ്പറമ്പിൽഗോപാലൻകുട്ടി മേനോന് അനുശോചന പ്രമേയം അവതരിപ്പിച്ചു. ശ്രീ ബക്കർ മേത്തല , സുബൈദ ടീച്ചര്, രാമന് ബിനീഷ്, വൈദേഹി സുരേഷ്, അനുപമ.പി.എസ് , കൃഷ്ണനുണ്ണി ജോജി തുടങ്ങിയവർ പങ്കെടുത്തു.കൊടുങ്ങല്ലൂരിന്റെ പ്രിയകവി ശ്രീ ബക്കർ മേത്തല മുഖ്യ പ്രഭാഷണം നിർവഹിച്ചു. കൊടുങ്ങല്ലൂർ കാവ്യപാരമ്പര്യത്തെ ഘട്ടവിഭജനം നടത്തുകയാണെങ്കിൽ പാരമ്പര്യത്തിന്റെ ധാരകളില് ചേർന്നു നിന്നു കൊണ്ട് നല്ല രീതിയില് ധാരാളം കവിതകളെഴുതുകയും അതിന്റെ സദ്ഫലങ്ങൾ സമൂഹത്തിനു നൽകുകയും ചെയ്ത കവിയായി തയ്യപ്പറമ്പില് ഗോപാലൻകുട്ടി മേനോനെ അദ്ദേഹം അനുസ്മരിച്ചു.. സ്നേഹ വാത്സല്യങ്ങള് നിറഞ്ഞ മഹത്തായ വ്യക്തിത്വത്തിനുടമകൂടിയായിരുന്നു തയ്യപ്പറമ്പില് എന്ന് സുബൈദ ടീച്ചര് പറഞ്ഞു. പുതുതലമുറ എഴുത്തിനോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശവും സഹകരണ മനോഭാവവുമെല്ലാം സമകാല കവികളിൽ ശ്രദ്ധേയനായ രാമന് ബിനീഷ് ഓർമ്മിച്ചു. തുടർന്ന് വൈദേഹി സുരേഷ് [ ഒന്നാം വർഷ ബി.എ മലയാളം], അനുപമ . പി.എസ് [പൂർവ്വ വിദ്യാർത്ഥിനി ], കൃഷ്ണനുണ്ണി ജോജി [ പൂർവ്വ വിദ്യാർത്ഥി ] എന്നിവർ കാവ്യാലാപനം നടത്തി. മലയാള വിഭാഗം അധ്യാപകനായ ശ്രീ. യാക്കോബ് തോമസ് നന്ദി അറിയിച്ചു. പരിപാടി 8 മണിക്ക് അവസാനിച്ചു.

എം.എ. വിദ്യാർത്ഥികള്, ഗവേഷകര്, അധ്യാപകര്, മറ്റ്കാളേജുകളിലെ അധ്യാപക വിദ്യാർത്ഥികള്, തുടങ്ങി എഴുപതോളം പേര് പങ്കെടുത്തു.

25. **2020 november 18 ബുള്ളറ്റിന് ലക്കം 03 പ്രസിദ്ധീകരിച്ചു**

ബുള്ളറ്റിൻ ലക്കം 03 പ്രസിദ്ധീകരിച്ചു. Flip Html 5 വഴി ഓൺലൈനിലും പുസ്തക രൂപത്തില്

(https://online.fliphtml5.com/hgbju/cxkh/) ബുള്ളറ്റിൻ ലഭ്യമാക്കി. 

26.17/11/2020 ചൊവ്വ വൈകീട്ട് 7.30 ന് കെ. കെ. ടി. എം ഗവ. കോളേജ് മലയാള വിഭാഗം മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഗൂഗിള് മീറ്റ് മാധ്യമത്തില് നടന്ന ഗവേഷകൻ ഫെൽബിന് ആന്റണിയുടെ പ്രതിവാര സെമിനാറിന്റെ റിപ്പോർട്ട്.




മലയാള വിഭാഗം വകുപ്പു മേധാവിയായ ഡോ. ജി.ഉഷാകുമാരിയുടെ അധ്യക്ഷതയിൽ വെബിനാര് ആരംഭിച്ചു. ഗവേഷകയായ അംബിക കെ. കെ സ്വാഗതം അർപ്പിച്ചു. ഗവേഷക അർഷിത കെ.എ മോഡറേറ്ററുടെ ആമുഖത്തിനു ശേഷം ' കുടിയേറ്റത്തിന്റെ ആഖ്യാനസവിശേഷതകൾ 'സുഡാനി ഫ്രം നൈജീരിയ'യിൽ - ഒരു പ്രാഥമിക അന്വേഷണം ' എന്ന വിഷയത്തിൽ ഫെൽബിന് ആന്റണി പ്രബന്ധം അവതരിപ്പിച്ചു.

2018ൽ മൊഹ്സിന് പെരാരി എഴുതി സക്കറിയ സംവിധാനം ചെയ്ത സിനിമയാണ് സുഡാനി ഫ്രം നൈജീരിയ. കുടിയേറ്റം എന്ന പ്രതിഭാസം ഈ സിനിമയയിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നത് എന്നന്വേഷണമാണ് പ്രബന്ധത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്.

കുടിയേറ്റം എന്ന വ്യവഹാരം ആഖ്യാനത്തിന്റെ ഭാഗമാകുമ്പോള് ഭാഷ, പരിസ്ഥിതി, മതം, ഭക്ഷണം, വസ്ത്രം, കച്ചവടം, അധികാരം തുടങ്ങിയ സാമൂഹിക സാംസ്കാരിക നിർമ്മിതികള് സുഡാനി ഫ്രം നൈജീരിയ എന്ന സിനിമയിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നത് എന്ന് ഗവേഷകന് ചിത്രീകരിക്കുന്നു.

ഗവേഷക ഹീര ടി. എം ചർച്ചകൾക്കു തുടക്കം കുറിച്ചു. ഈ സിനിമയിൽ കുടിയേറ്റം അല്ല പകരം പ്രവാസ ജീവിതമാണ് ചിത്രീകരിക്കപ്പെടുന്നതെന്ന് ഹീര അഭിപ്രായപ്പെട്ടു. കൂടാതെ മലബാറിന്റ ദേശചരിത്രം കൂടി പരാമർശിക്കാ മായിരുന്നുവെന്ന് സൂചിപ്പിച്ചതിനോടൊപ്പം



ചില സഹായക ഗ്രന്ഥങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. പ്രവാസത്തെ കുറിച്ചുള്ള ചില സഹായക ഗ്രന്ഥങ്ങൾ പ്രൊഫ. യാക്കോബ് തോമസ് നിർദ്ദേശിച്ചു. ഡോ. ജി. ഉഷാകുമാരി, ഡോ. ദീപ ബി. എസ്., ഡോ. ജെൻസി കെ. എ, ഡോ. മുഹമ്മദ് ബഷീർ എന്നിവര് ചർച്ചയില് സജീവമായി പങ്കെടുത്തു. ഗവേഷക അംബിക കെ. കെ. നന്ദി ആശംസിച്ചു. വെബിനാർ കൃത്യം 8.30 ന് അവസാനിച്ചു.



## 27. റിപ്പോർട്ട് രണ്ടാം വർഷ ബി. ഏ മലയാളം അദ്ധ്യാപക രക്ഷാകർത്തൃ സമ്മേളനം 20/11/ 2020

രണ്ടാം വർഷ ബി.ഏ മലയാളം വിദ്യാർത്ഥികളുടെ ക്ലാസ്സ് PTA, 2020 നവംബര് 20 ന് 7 മണിയ്ക്ക് സംഘടിപ്പിച്ചു. വകുപ്പിലെ അദ്ധ്യാപകരും 35 രക്ഷകർത്താക്കളും വിദ്യാർത്ഥികളും പങ്കെടുത്തു. കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ഓൺലൈന് ക്ലാസ്സുകളും അതുമായി ബന്ധപ്പെട്ട് അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന പ്രശ്നങ്ങള് ചർച്ച ചെയ്തു. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ കാര്യങ്ങള് ചർച്ച ചെയ്തു. രക്ഷിതാക്കളും കൂടി ഓൺലൈന് ക്ലാസ്സുകളും പരീക്ഷകളും നിരീക്ഷിക്കണമെന്ന് അദ്ധ്യാപകർ അഭിപ്രായപ്പെട്ടു.

## 28.ഒന്നാം വർഷ ബി എ & എം.എ മലയാളം പ്രവേശന പ്രചോദനക്ലാസ് – റിപ്പോർട്ട്

ഒന്നാം വർഷ ബി എ & എം എ മലയാളം വിദ്യാർത്ഥികളുടെ പ്രവേശനത്തോടനബന്ധിച്ച് മലയാളവിഭാഗം 23.11.20 തിങ്കള് 11.30 ന് ഗൂഗ്ള് മീറ്റ് മുഖേന ഒരു ആമുഖ പരിപാടി സംഘടിപ്പിച്ചു. മലയാളം, ഇംഗ്ലീഷ് , സംസ്കൃതം വിഭാഗങ്ങളിലെ അധ്യാപകരും ബി എ, എം എ മലയാളം ഒന്നാം വർഷ വിദ്യാർത്ഥികളും പങ്കെടുത്തു. വിവിധ വിഷയങ്ങളെക്കുറിച്ച് അധ്യാപകർ സംസാരിച്ചു.

മലയാളവിഭാഗം അധ്യക്ഷ ഡോ.ജി ഉഷാകുമാരി അധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടിയിൽ മലയാള വിഭാഗം അധ്യാപികയായ ഫൗസിയ പി എ സ്വാഗതം പറഞ്ഞു.ഉദ്ഘാടനം ചെയ്യാമെന്നേറ്റ പ്രിൻസിപ്പാള് ഡോ: നെസി ഇ എയ്ക്ക് ഔദ്യോഗിക തിരക്കുകൾ മൂലം പരിപാടിയില് പങ്കെടുക്കാന് സാധിച്ചില്ല. സംസ്കൃത വിഭാഗം അധ്യാപിക ഡോ.മഞ്ജു പി എം സംസ്കൃത പഠനം ഒരാമുഖം എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. ഇംഗ്ലീഷ് വിഭാഗം അധ്യാപകനായ ഗംഗേശൻ ടി പി ബിരുദതലത്തിലെ ഇംഗ്ലീഷ് പഠനത്തെക്കുറിച്ച് സംസാരിച്ചു. മലയാള വിഭാഗത്തിൽ നിന്ന് ഡോ.ജി ഉഷാകുമാരി വിദ്യാർത്ഥികളോട് വായനയുടെയും റഫറൻസിന്റെയും ആവശ്യകതയെക്കുറിച്ചും ഡിപ്പാർട്ടുമെന്റ് നടത്തുന്ന പരിപാടികളെക്കുറിച്ചും സംസാരിച്ചു. ഡോ.മുഹമ്മദ് ബഷീർ കെ.കെ ഗവേഷണം, ഫോട്ടോഗാലറി തുടങ്ങിയ വിഷയങ്ങൾ സംസാരിച്ചു. യാക്കോബ് തോമസ് ഓൺ ലൈന് സാങ്കേതിക ത പഠനത്തിന് സഹായകമാകുന്നതെങ്ങനെയെന്ന് വിശദീകരിച്ചു. ഡോ: ദീപ ബി എസ് സെമസ്റ്റർ പരീക്ഷാസമ്പ്രദായത്തെക്കുറിച്ചും ഫൗസിയ പി.എ സിലബസിനെക്കുറിച്ചും

സംസാരിക്കുകയുണ്ടായി. ഹലീൽ റഹ്മാന് മലയാളത്തിന്റെ ഭാവി സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകി. ഡോ. ലക്ഷ്മി എസ് എം.എൻ വിജയന് ലൈബ്രറിയുടെ പ്രവർത്തനങ്ങള് അവതരിപ്പിച്ചു. ഡോ. സംഗീത കെ ,കെ കെ ടി എം കോളേജിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ ക്ലബ്ബുകളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ഒന്നാം വർഷ വിദ്യാർത്ഥികള് (ബിഎ & എം എ മലയാളം) ഓരോരുത്തരും  പരിചയപ്പെടുത്തി. ഒന്നാം വർഷ ബി എമലയാളം വിദ്യാർത്ഥി വൈദേഹി സുരേഷ് നന്ദി പറഞ്ഞു. 1.30 ന് പരിപാടി അവസാനിച്ചു.

**29.കെ. കെ. ടി. എം. ഗവ. കോളേജിലെ മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 24/11/2020 ചൊവ്വാഴ്ച വൈകീട്ട്  5 മണിക്ക് കവിതക്കൊപ്പം പരിപാടി സംഘടിപ്പിച്ചു.**




വർഷങ്ങളായി മലയാളവിഭാഗത്തിലെ വിദ്യാർത്ഥികള് ഒത്തുകൂടിയിരുന്ന് കവിതകള് ചൊല്ലിയും കവികളെ പരിചയപെടുത്തിയുമൊക്കെ നടത്തിയിരുന്ന കവിതക്കൊപ്പം പരിപാടി നീണ്ട ഒരു ഇടവേളയ്ക്കു ശേഷമാണ് പുതിയൊരു അധ്യയനവർഷത്തില് പുനരാരംഭിച്ചത്. എന്നാൽ പതിവുരീതിയില് നിന്ന് വ്യത്യസ്തമായി കാലത്തിന്റേതായ ഒരു മാറ്റമുൾക്കൊണ്ടുകൊണ്ട് ഗൂഗിള് മീറ്റ് പ്ലാറ്റ്ഫോമിലൂടെയാണ് പരിപാടികള് നടന്നത്.

വിദ്യാർത്ഥികളുടെ കവിതകൾക്ക് പ്രാധാന്യം നൽകി, അവരെ കവിത എന്ന സാഹിത്യമാധ്യമത്തിലേക്ക് ആകർഷിക്കുന്ന തരത്തിലാണ് കോളേജിലെ മലയാള വിഭാഗം ഈ പരിപാടി നടത്തിക്കൊണ്ടുവരുന്നത്.



വൈകീട്ട് കൃത്യം 5 മണിക്കുതന്നെ ആരംഭിച്ച പരിപാടിയിൽ കെ. കെ. ടി. എം ഗവ കോളേജ് അസ്സി. പ്രൊഫ. ഹലീൽ റഹ്മാന് വി. എം സ്വാഗതമാശംസിച്ചു. മലയാളവകുപ്പധ്യക്ഷ ഡോ. ജി ഉഷാകുമാരി ടീച്ചർ അധ്യക്ഷത വഹിച്ചു.

പ്രസ്തുത പരിപാടിയിൽ മുഖ്യാതിഥിയായി എത്തിച്ചേർന്നത് പ്രശസ്ത കവയത്രിയും ചിത്രകാരിയുമായ 'ഡോണ മയൂര'യാണ്.

ഐസ് ക്യൂബുകൾ, നീലമൂങ്ങ തുടങ്ങിയ കവിതാ സമാഹാരങ്ങളുടെ കർത്താവായ ഡോണ മയൂരയുമായി കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും സംവദിച്ചു. തന്റെ കാവ്യനുഭവങ്ങൾ പങ്കുവക്കുകയും, ദൃശ്യകവിത എന്ന പുത്തൻചിന്തയുടെ വേറിട്ട സാധ്യതയെക്കുറിച്ചും അവയുടെ പ്രത്യേകതകളെകുറിച്ചും പരാമർശിക്കുകയും ചെയ്തു. നവ മാധ്യമങ്ങൾ എത്രത്തോളം സാഹിത്യസൃഷ്ടികളെ ഏറ്റെടുക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളത് ചർച്ചക്ക് വിഷയമായി.

കെ. കെ. ടി. എം ഗവ കോളേജിലെ മുൻ അധ്യാപിക സുബൈദ ടീച്ചറും മറ്റു അധ്യാപകരും അനധ്യാപകരും ചർച്ചയില് പങ്കെടുക്കുകയും അഭിപ്രായങ്ങള് രേഖപ്പെടുത്തുകയും ചെയ്തു.

തുടർന്ന് രണ്ടാം വർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി സുകന്യ നാരായണൻ, മലയാള വകുപ്പധ്യക്ഷ ഡോ. ജി ഉഷാകുമാരി ടീച്ചർ, അസ്സി പ്രൊഫ ഹലീല് റഹ്മാൻ എന്നിവര് കവിതകള് അവതരിപ്പിച്ചു.

രണ്ടു മണിക്കൂറോളം നീണ്ടുനിന്ന ചർച്ചക്കുശേഷം ഒന്നാം വർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി ലക്ഷ്മി ഒ. ജെ നന്ദി പ്രകാശിപ്പിച്ചു.

7 മണിയോടുകൂടി അവസാനിച്ച പരിപാടിയില് 120 പേര് പങ്കെടുത്തു.

## 31.പുല്ലൂറ് കെകെടിഎം ഗവൺമെന്റ്കോളേജ് മുഹമ്മദ്അബ്ദുറഹിമാൻസാഹിബ്മലയാള ഗവേഷണ കേന്ദ്രത്തിന്റെയും മലയാളവിഭാഗത്തിന്റേയും നേതൃത്വത്തിൽ 27/11/2020 വെള്ളിയാഴ്ച 7.30 P M നടന്ന പ്രതിവാര സെമിനാറിന്റെ റിപ്പോർട്ട്.



കെകെടിഎംഗവൺമെന്റ്കോളേജ്മലയാളവിഭാഗംഗവേഷണകേന്ദ്രമായ മുഹമ്മദ് അബ്ദുറഹിമാ ൻസാഹിബ്ഗവേഷണകേന്ദ്രത്തിന്റേയും മലയാളവിഭാഗത്തിന്റേയും നേതൃത്വത്തിൽഗവേഷകർക്കുവേണ്ടി നടത്തുന്ന പ്രതിവാരസെമിനാറിലെ നാലാമത്തെ സെമിനാറാണ്വകുപ്പദ്ധ്യക്ഷ ഡോ.ജിഉഷാകുമാരിയുടെ ആഭിമുഖ്യത്തിൽ 27/11/2020 വെള്ളിയാഴ്ച 7.30 PMനടന്നത്.

ഗവേഷകനായഷിബിൻബാലൻവെബിനാറിലേയ്ക്ക്എവരേയുംസ്വാഗതം ചെയ്തു.



ഗവേഷകനായ കെ.കെവൈശാഖായിരുന്നു പ്രബന്ധാവതാരകൻ.



ചാവറയച്ചൻ:  കേരളീയആധുനികതയിലേയ്ക്കുള്ള ചവിട്ടുപടി.

സാമൂഹിക ഇടപെടലുകളെമുൻനിർത്തിയുള്ള പഠനം.

എന്നവിഷയത്തെ മുൻനിർത്തിയാണ് വശാഖ്പ്രബന്ധം അവതരിപ്പിച്ചത്.കേരളത്തിന്റെ ആധുനിക വിദ്യാഭ്യാസചരിത്രത്തിലും സാമൂഹികമുന്നേറ്റത്തിലും ചാവറകുര്യാക്കോസ് ഏലിയാസച്ചൻന ടത്തിയപ്രവർത്തനങ്ങളെ കുറിച്ചും അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളെകുറിച്ചും വിശദമായി അവതാരകൻഅവതരിപ്പിക്കുകയും
ചരിത്രത്തിൽചാവറയച്ചൻഉൾപ്പടെയുള്ള പലസാമൂഹ്യനേതാക്കൻമാരും അവരുടെസംഭാവനകളും എന്തുകൊണ്ടേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു.എന്നശ്രദ്ധേയമായ ഒരുപരികല്പന മുന്നോട്ട്വയ്ക്കുകയും

ചെയ്തു.7.40 PMന് ആരംഭിച്ച പ്രബന്ധാവതരണം 8.05 PM ന് അവസാനിക്കുകയും അതിനുശേഷം അദ്ധ്യാപകരും, ഗവേഷകരും പ്രബന്ധാവതാരകനും ചേർന്ന്ഒരു തുറന്നസംവാദം നടത്തുകയും ചെയ്തു.വെബിനാറിന്റെ മോഡറേറ്ററായി ഗവേഷക സൗമ്യമോഹനനും



ഡിസ്കന്റായി ഗവേഷകയായ അർഷിദയും പങ്കെടുത്തു.



അദ്ധ്യാപകരായ ഡോ.ദീപബി.എസ്, ഡോ .മുഹമ്മദ്ബഷീർകെ.കെ, യാക്കോബ്തോമസ്, ഡോ.ജെൻസി എന്നിവ ർചർച്ചയിൽപങ്കെടുക്കുകയും തങ്ങളുടെ വ്യത്യസ്തമായ വീക്ഷണകോണുകൾപ്രബന്ധാവതാരകന്റേയും മറ്റ്ഗവേഷകരുടേയും ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു .കൂടാതെ പ്രബന്ധാവതാരകനും മറ്റ്ഗവേഷകർക്കും പ്രബന്ധരചനയിൽശ്രദ്ധിക്കേണ്ട വസ്തുതകളെകുറിച്ച് ആവശ്യമായ നിർദ്ദേശങ്ങൾഅദ്ധ്യാപകർനൽകുകയും ചെയ്തു. ഗവേഷകരായഹീര, ഷിബിൻ, സൗമ്യ, സിന്റോ തുടങ്ങിയവരും സംവാദത്തിൽസ ജീവമായിപങ്കെടുത്തു. കൃത്യം 8.30 PM ന് സംവാദം അവസാനിക്കുകയും

ഗവേഷകയായ സൗമ്യ മോഹനൻവെബിനാറിൽപങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തതോടെ അന്നേദിവസത്തെ വെബിനാർഅവസാനിച്ചു.

പതിനാറോളം പേർപങ്കെടുത്ത വെബിനാറിന്റെ ഉപഭോക്താക്കൾഈ ഗവേഷണകേന്ദ്രത്തിലെ ഗവേഷകവിദ്യാർത്ഥികൾആണ്.



## 32.രണ്ടാംവർഷ എം. എ. പി ടി എ മീറ്റിംങ് റിപ്പോർട്ട്

2020 ഡിസംബർ 15 ന നടന്ന മീറ്റിംഗ്

പങ്കാളിത്തം രക്ഷകർത്താക്കൾ 14

PTA മീറ്റിംങ് റിപ്പോർട്ട്

15/12/2020 ചൊവ്വാഴ്ച്ച വൈകീട്ട് 7.00 മണിയ്ക്ക് മലയാളവിഭാഗം അധ്യക്ഷ ജി.ഉഷാകുമാരിയുടെ നേതൃത്യത്തിൽ അവസാന വർഷ എം.എ മലയാളം വിദ്യാർത്ഥികളുടെ PTA മീറ്റിംങ് നടന്നു. മലയാളവിഭാഗം അധ്യാപകനും രണ്ടാം വർഷ എം.എ ക്ലാസിന്റെ ട്യൂട്ടറുമായ യാക്കോബ് തോമസ് എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. അതിന് ശേഷം മലയാളവിഭാഗം അധ്യാപകരായ ഡോ ജി.ഉഷാകുമാരി, ഡോ. ദീപ ബി.എസ്, ഹലീൽ റഹ്മാൻ , ഡോ സംഗീത , മുഹമ്മദ് ബഷീർ, ഡോ.ലക്ഷ്മി.എസ് , ഫൗസിയ തുടങ്ങിയവർ വിദ്യാർത്ഥികളുടെ കൊറോണക്കാലത്തെ പഠനം, ഓൺലൈൻ പഠനം നേരിടുന്ന ബുദ്ധിമുട്ടുകൾ, എങ്ങനെ ഓൺലൈൻ വിദ്യാഭ്യാസം നല്ല രീതിയിൽ മുന്നോട്ടു കൊണ്ട്

പോവാൻ വിദ്യാർത്ഥികളെ രക്ഷിതാക്കൾക്ക് സഹായിക്കാം എന്നെല്ലാം വ്യക്തമാക്കി. അതിനുശേഷം രക്ഷിതാക്കൾ കുട്ടികളുടെ പഠനത്തെ കുറിച്ചും ഓൺലൈൻ പഠനത്തിൽ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്താണെന്നും പറഞ്ഞു. പരസ്പരമുള്ള ചർച്ചകൾക്കുശേഷം ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പരിമിതികളെ കുറിച്ചും എങ്ങനെ തരണം ചെയ്യാം എന്നും അധ്യാപകർ വ്യക്തമാക്കി. മലയാളവിഭാഗം അധ്യാപികയായ ഡോ. ലക്ഷ്മി.എസ് നന്ദി പറഞ്ഞുകൊണ്ട് മീറ്റിംങ് അവസാനിപ്പിച്ചു. അധ്യാപകർ 08

15/12/2020 ചൊവ്വാഴ്ച്ച വൈകീട്ട് 7.00 മണിയ്ക്ക് മലയാളവിഭാഗം അധ്യക്ഷ ജി.ഉഷാകുമാരിയുടെ നേതൃത്വത്തിൽ അവസാന വർഷ എം.എ മലയാളം വിദ്യാർത്ഥികളുടെ PTA മീറ്റിംങ് നടന്നു. മലയാളവിഭാഗം അധ്യാപകനും രണ്ടാം വർഷ എം.എ ക്ലാസിന്റെ ട്യൂട്ടറുമായ യാക്കോബ് തോമസ് എല്ലാ അധ്യാപകരെയും രക്ഷകർത്താക്കളെയും വിദ്യാർത്ഥികളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. അതിന് ശേഷം മലയാളവിഭാഗം അധ്യക്ഷ ഡോ ജി.ഉഷാകുമാരി മുഖ്യപ്രഭാഷമം നടത്തി. കോവിഡുകാലത്തെ വിദ്യാഭ്യാസവും സാമൂഹികതയുമൊക്കെ ടീച്ചർ വിശദീകരിച്ചു. തുടർന്ന് അധ്യാപകരായ ഡോ. ദീപ ബി.എസ്, ഹലീൽ റഹ്മാൻ, ഡോ. സംഗീത, ഡോ. മുഹമ്മദ് ബഷീർ, ഡോ.ലക്ഷ്മി.എസ്, ഡോ. ഫൗസിയ തുടങ്ങിയവർ വിദ്യാർത്ഥികളുടെ കൊറോണക്കാലത്തെ പഠനം, ഓൺലൈൻ പഠനം നേരിടുന്ന ബുദ്ധിമുട്ടുകൾ, എങ്ങനെ ഓൺലൈൻ വിദ്യാഭ്യാസം നല്ല രീതിയിൽ മുന്നോട്ടു കൊണ്ട് പോവാൻ വിദ്യാർത്ഥികളെ രക്ഷിതാക്കൾക്ക് സഹായിക്കാം എന്നെല്ലാം വ്യക്തമാക്കി. അതിനുശേഷം രക്ഷിതാക്കൾ കുട്ടികളുടെ പഠനത്തെ കുറിച്ചും ഓൺലൈൻ പഠനത്തിൽ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്താണെന്നും പറഞ്ഞു.

പ്രധാനമായും മാതാപിതാക്കൾ പറഞ്ഞ പ്രശ്നം രണ്ടാണ്- 1. നെറ്റവർക്കിന്റെ പ്രശ്നവും ഏറെനേരം ഫോൺ ഉപയോഗിക്കുമ്പോഴുള്ള ആരോഗ്യപ്രശ്നവും. 2. പഠിക്കാനുള്ള പുസ്തകങ്ങൾ ലഭ്യമാകാത്തത്.

പരസ്പരമുള്ള ചർച്ചകൾക്കുശേഷം ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പരിമിതികളെ കുറിച്ചും എങ്ങനെ തരണം ചെയ്യാം എന്നും അധ്യാപകർ വ്യക്തമാക്കി. ലൈബ്രറിയിൽ വന്നാൽ കൂടുതൽ പുസ്തകങ്ങളെടുക്കാനുള്ള ക്രമീകരണം ചെയ്യാമെന്നു നിർദേശിക്കപ്പെട്ടു. നാലാംസെമസ്റ്ററിലെ പ്രോജക്ടിന് കൂടുതൽ ഊന്നൽ നല്കണമെന്ന് അധ്യാപകർ പറഞ്ഞു.

അതനുസരിച്ച് കുട്ടികളെ ഉത്സാഹിപ്പിക്കാമെന്ന്



മാതാ പിതാക്കളും പറഞ്ഞു.

8.30 ന് മലയാളവിഭാഗം അധ്യാപികയായ ഡോ. ലക്ഷ്മി.എസ് നന്ദി പറഞ്ഞുകൊണ്ട് മീറ്റിംങ് അവസാനിപ്പിച്ചു.


## 33. 2020 ജനുവരി 29ന് വൈകുന്നേരം 6 മണിക്ക് പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ മലയാളവിഭാഗത്തിന്റെ അക്കാദമിക പിന്തുണയോടെ നടന്ന കുഞ്ഞിക്കുട്ടൻ തമ്പുരാന് സ്മാരക പ്രഭാഷണം






യഥാർത്ഥ ഇന്ത്യന് ജനജീവിതം മനസ്സിലാക്കപ്പെടുന്നത് ഭാഷാ സാഹിത്യത്തിലൂടെ ആണെന്നും ഒരേ ഭാഷയിൽ പല സാഹിത്യവും പല ഭാഷയില് ഒരു സാഹിത്യവും എന്നതാണ് ഇന്ത്യൻ സാഹിത്യത്തിലെ പ്രത്യേകത എന്നും മുഖ്യ പ്രഭാഷണം നിർവ്വഹിച്ച പ്രശസ്ത കവി പി. സച്ചിദാനന്ദൻ അഭിപ്രായപ്പെട്ടു . പുല്ലൂറ്റ് കെ. കെ. ടി. എം. ഗവൺമെന്റ് കോളേജിൽ ഇന്ത്യന് സാഹിത്യം ഒന്നോ പലതോ? എന്ന വിഷയത്തിൽ 2020 ജനവരി


29ന് വൈകുന്നേരം 6 മണിക്ക് കുഞ്ഞിക്കുട്ടൻ തമ്പുരാന് സ്മാരക പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം.



വിവിധ ഭാഷകളും, വേഷങ്ങളും ഉൾക്കൊള്ളുന്ന ഒരു സംസ്കാരമാണ് ഭാരതത്തിന്റേത്.രാമായണ മഹാഭാരത മടക്കമുള്ള ഇതിഹാസങ്ങൾക്കു പോലും പല പാഠങ്ങളാണ്. അതിനെതിരെ പ്രതികരിക്കാനുള്ള ചില കോണുകളിൽനിന്നുള്ള ശ്രമങ്ങളാണ് നാമിന്ന് കണ്ടുകൊണ്ടിരിക്കുന്നത് . ഈ നീക്കം ഭാരതത്തിന്റെ ബഹുസ്വരസംസ്കാരത്തിന് വിരുദ്ധവും എതിർക്കപ്പെടേണ്ടതും ആണ്. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി ജീവൻ വരെ ബലിയർപ്പിക്കേണ്ടി വന്നു മഹാത്മജിക്ക്.രാജ്യത്തിനു വേണ്ടി എല്ലാ ജാതിയും,മതങ്ങളും നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അത് ഒരു മതത്തിന്റെ മാത്രം ആക്കാനുള്ള ശ്രമങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത് .ഇത്തരം അപകടകരമായ നീക്കങ്ങളെ കരുതിയിരിക്കണമെന്നും സച്ചിദാനന്ദൻ പറഞ്ഞു.ജനാധിപത്യപരവും ബഹുസ്വരവുമായ ഒരു സാഹിത്യചരിത്രം കാലത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.






പി..ടി.എ. വൈസ് പ്രസിഡന്റ്  ശ്രീ. നൗഷാദ് ടി. എ. അധ്യക്ഷത വഹിച്ച ചടങ്ങിനു മലയാള വിഭാഗം മേധാവി ഡോ. ജി. ഉഷാകുമാരി സ്വാഗതവും  ഡോ. മുഹമ്മദ് ബഷീർ  നന്ദിയും പ്രകടിപ്പിച്ചു . ഗൂഗിൾ മീറ്റ് വഴി നടത്തിയ പരിപാടിയില് അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമടക്കം 200 ലധികം പേര് പങ്കെടുക്കുകയും പലരും സംവാദത്തിൽ ഏർപ്പെടുകയും ചെയ്തു .രണ്ടു മണിക്കൂറിലേറെ നീണ്ടു നിന്ന പ്രഭാഷണം 8.10 ന് അവസാനിച്ചു

## 34. സുഗതകുമാരി അനുസ്മരണം





കെ.കെ.ടി.എം. ഗവ .കോളേജ് മലയാളവിഭാഗത്തിലെ 'കവിതയ്ക്കൊപ്പം' പരിപാടിയുടെ ഭാഗമായി പ്രശസ്തകവിയും സ്ത്രീപക്ഷ, പരിസ്ഥിതി പ്രവർത്തകയുമായിരുന്ന സുഗതകുമാരിയുടെ നിര്യാണത്തെ തുടർന്ന് 2021 ജനു. 4 ന്, 2 മണിക്ക് സുഗതകുമാരി അനുസ്മരണം സംഘടിപ്പിച്ചു. മലയാള വിഭാഗംഅധ്യക്ഷ ഡോ.ജി.ഉഷാകുമാരി അധ്യക്ഷത വഹിച്ച യോഗത്തിൽ, നിരൂപകനും അധ്യാപകനുമായ ഡോ. ആർ. എസ്. രാജീവ് ( മുൻ വകുപ്പധ്യക്ഷൻ, മലയാള വിഭാഗം , ഡി ബി കോളേജ് , ശാസ്താംകോട്ട) 'സുഗതകുമാരിയുടെ കാവ്യജീവിതത്തിലൂടെ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ.ധന്യ എസ്. പണിക്കർ 'കവിതയും പരിസ്ഥിതിയും' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു.. തിരുവനന്തപുരം സർക്കാർ വനിതാകോളേജ് അധ്യാപിക റോഷ്നി കെ. ലാൽ സുഗതകുമാരിയെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കുകയും പെൺകുഞ്ഞ് 90 എന്ന കവിത ആലപിക്കുകയും ചെയ്തു.

സുകന്യ എൻ. (രണ്ടാംവർഷ എം.എ മലയാളം)അഖില (രണ്ടാംവർഷ ബി.എ മലയാളം) ലക്ഷ്മി സന്തോഷ് (രണ്ടാം വർഷ അപ്ലൈഡ് ഫിസിക്സ്)വൈദേഹി സുരേഷ് (ഒന്നാം വർഷ ബി.എ മലയാളം) എന്നിവർ സുഗതകുമാരിയുടെ കവിതകൾ ആലപിച്ചു. ഒന്നാം വർഷ എം.എ മലയാളം വിദ്യാർത്ഥികളായ അമൃത, ലക്ഷ്മി. ഒ.ജെ എന്നിവർ വരച്ച സുഗതകുമാരിയുടെ ചിത്രം പ്രദർശിപ്പിച്ചു. മലയാള വിഭാഗം അധ്യാപികയായ ഡോ. ദീപ ബി.എസ് സ്വാഗതവും ഡോ. കെ. കെ. മുഹമ്മദ് ബഷീർ നന്ദിയും പറഞ്ഞു. രണ്ടുമണിക്ക് ആരംഭിച്ച പരിപാടി 3.30 ന് അവസാനിച്ചു. 75 പേർ പങ്കെടുത്തു.



## 36.  2021 ഫെബ്രുവരി 21 ലോക മാതൃഭാഷാ ദിനാചരണം

1999 നവംബർ 17നാണ് യുനെസ്കോ ഫെബ്രുവരി 21ന് ലോക മാതൃഭാഷാ ദിനം ആയി പ്രഖ്യാപിച്ചത്. 2008 ലോക ഭാഷ വർഷമായി പ്രഖ്യാപിച്ച പ്രസ്താവനയിലൂടെ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ ഈ ദിനാചരണത്തിന് ഔദ്യോഗിക അംഗീകാരം നൽകി. ബംഗ്ലാദേശിൽ ആചരിച്ചുവരുന്ന ഭാഷാ പ്രസ്ഥാനത്തിന് അന്തർദേശീയ തലത്തിൽ ലഭിച്ച അംഗീകാരം എന്ന നിലയിലാണ് ലോക മാതൃഭാഷാ ദിനത്തിന്റെ ഉത്ഭവം. 1952 ഫെബ്രുവരി 21 ന് ബംഗാളി ഭാഷാ പ്രസ്ഥാനത്തിന്റെ ഒരു പ്രതിഷേധ സമരത്തിൽ ഉണ്ടായ പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ സ്മരണയ്ക്കായാണ് ബംഗ്ലാദേശിൽ ഭാഷാ പ്രസ്ഥാന ദിനം ആചരിക്കുന്നത്. ഭാഷാ സംസ്കാരിക വൈവിധ്യവും ബഹുഭാഷാത്വവും പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ യുനെസ്കോ ആസ്ഥാനത്തിലും അംഗ രാഷ്ട്രങ്ങളിലും ലോകമാതൃഭാഷാദിനം വർഷംതോറും ആചരിക്കപ്പെടുന്നു. ഇതിന്റെ ഭാഗമായി കെ കെ ടി എം ഗവൺമെന്റ് കോളേജ് 2021 അധ്യായന വർഷം ലോക മാതൃഭാഷാ ദിനത്തോടനുബന്ധിച്ച് 22/02/2021 തിങ്കളാഴ്ച രാവിലെ 11 മണിക്ക് പരിപാടി സംഘടിപ്പിച്ചു. മലയാളവിഭാഗം അദ്ധ്യക്ഷ ഡോ:ജി ഉഷാകുമാരി സ്വാഗതം പറഞ്ഞു. ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി അമൃത ടി.വി അധ്യക്ഷത വഹിച്ചു. അതിനു ശേഷം ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പാള് ഡോ:ഇ. എ. നെസി,




' ഗുരുത്വം' എന്ന വാക്ക് വെളുത്ത തിരശീലയിൽ എഴുതിക്കൊണ്ട് പരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.





തുടർന്ന് മാതൃഭാഷയ്ക്ക് പ്രാധാന്യം കൽപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളും അധ്യാപകരും അവരുടെതായ പ്രിയപ്പെട്ട വാക്കുകൾ രേഖപ്പെടുത്തി. ചടങ്ങിൽ എത്തിച്ചേർന്ന എല്ലാവർക്കും വിദ്യാർത്ഥിനി ടിന്റു ബേബി നന്ദി പറഞ്ഞുകൊണ്ട് പരിപാടി അവസാനിപ്പിച്ചു. മാതൃഭാഷാദിനേത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കിടയില് കവിതാ മൽസരം സംഘടിപ്പിക്കാനും ധാരണയായി.

## 37.8/3/2021 മലയാളപ്പച്ച ബുള്ള്ളറിന് ലക്കം നാല് പ്രസിദ്ധീധീകരിച്ചു.



കെ.കെ.ടി.എം.ഗവ.കോളേജിലെ മുഹമ്മദ് അബ്ദുറഹ്മാൻ ഗവേഷണ കേന്ദ്രം പ്രസിദ്ധീകരിക്കുന്ന മലയാളപ്പച്ച ഗവേഷണബുള്ളറ്റിന്റെ നാലാം ലക്കം മാർച്ച് 8 ന് പ്രസിദ്ധീകരിച്ചു.

## 38. 10/03/2021 മലയാളപ്പച്ച ലക്കം 11 പ്രസിദ്ധീകരിച്ചു.

മലയാളപ്പച്ചയുടെ 11-◌ാ◌ം ലക്കം ഭാഷാസൂത്രണം ചരിത്രം സിദ്ധാന്തം പ്രയോഗം പ്രസിദ്ധീകരിച്ചു



## 39. 2021 മാർച്ച് 15,മലയാള വിഭാഗം മെറിറ് ഡേ

2021 മാർച്ച് 15ന് ഓഡിയോവിഷ്യൽ ഹാളിൽ വെച്ച് മലയാള വിഭാഗം മെറിറ്റ് ഡ
നടന്നു.ഡോക്ടറേറ്റ് നേടിയ യാക്കോബ് തോമസ്, ഫൗസിയ, ബഷീർ എന്നിവർക്കും യു.ജി.സി. നെറ്റ് നേടിയ അഖിൽ സ്വാലിഹ, .അഷിദ, ആതിര, വിഷ്ണുപ്രിയ, കൃഷ്ണനുണ്ണി ജോജി, അമൃതാ ഷാജി
തുടങ്ങിയ വിദ്യാർത്ഥികൾക്കും മറ്റു്ു്ു അവാർഡുജേതാക്കകൾക്കും പി.ടി.എ.പ്രസിഡന്റ് നൗഷാദ്, പ്രിൻസിപ്പാള് ഡോ. നെസി വകുപ്പധ്യക്ഷ ഡോ.ജി.ഉഷാകുമാരി എന്നിവർ ചേർന്ന് ഉപഹാരങ്ങളും ക്യാഷ് പ്രൈസും വിതരണം ചെയ്തു.

**40. മലയാളവിഭാഗം, ആഡ് ഓൺ കോഴ്സ് 2020-21 : ഡിജിറ്റൽ ജേണലിസം 2021 മാർച്ച് മുതൽ മെയ് വരെ**


കെ. കെ. ടി. എം. ഗവ. കോളജ്
മലയാളവിഭാഗം
ആഡ് ഓൺ കോഴ്സ്
ഡിജിറ്റൽ ജേണലിസം
DIGITAL
JOURNALISM
NEWS


മലയാള വിഭാഗം
കെ. കെ. ടി. എം. ഗവ. കോളേജ് പുല്ലൂറ്റ്
ആഡ് ഓൺ കോഴ്സ്
ഉദ്ഘാടനം
ഡിജിറ്റൽ ജേണലിസം
13/3/2021 ശനി 3:00 PM
ഉദ്ഘാടനം
ഡോ. ടെസി ഇ. എ.
(പ്രിൻസിപ്പാൾ)
ഏവർക്കും
സ്വാഗതം